# സംയോജിത നീർത്തട പരിപാലന പരിപാടി

# വിശദ പദ്ധതി രേഖ

*മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്*

*ആലപ്പുഴ*

ഭാഗം -1

# നീർത്തട വികസനപദ്ധതി-ഉദ്ദേശലക്ഷ്യവും രീതി സമ്പ്രാദയങ്ങളും

**1.1 ആമുഖം**

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ വിഭവത്രയങ്ങളെ സംരക്ഷിച്ച് പരിപാലിച്ച് എങ്ങനെ അവയെ സ്ഥായിയായ വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കാം എന്ന താണ് നീർത്തട വികസന പദ്ധതികളുടെ മുഖ്യ ലക്ഷ്യം. കൃത്രിമ അതിർത്തികളോട് കൂടിയ പഞ്ചായത്ത്, വാർഡ്, ഗ്രാമം എന്നീ ഭൂഭാഗങ്ങൾക്ക് പകരം പ്രകൃതിദത്തമായ അതിരുകളോട് കൂടിയ "നീർമറി" അടിസ്ഥാനമായെടുത്ത് വികസന പരിപാടികൾ നടപ്പിലാക്കുന്നു എന്നതാണ് നിർമറി വികസന പദ്ധതികളുടെ പ്രത്യേകത.

പങ്കാളിത്ത വിവരശേഖരണത്തിൽ അറിവായ പ്രാദേശിക പ്രശ്നങ്ങൾക്ക് തദ്ദേ ശീയ അറിവുകൾക്കും നിർദ്ദേശങ്ങൾക്കുമൊപ്പം വിദഗ്ദ്ധരുടെ പരിഹാര നിർദ്ദേശ ങ്ങളും വകുപ്പുകളുടെ സാങ്കേതിക അറിവുകളും ഗവേഷണ സ്ഥാപനങ്ങളുടെ കണ്ടെത്തലുകളും ഉപയോഗിച്ചുള്ള പരിഹാര നിർദ്ദേശങ്ങളുമാണ് പദ്ധതിയിൽ ചർച്ച ചെയ്തിട്ടുള്ളത്.

പദ്ധതി നടപ്പിലാക്കുവാൻ നീർത്തട കമ്മിറ്റികളെ സഹായിക്കുന്ന വിധത്തി ലുള്ള വിശദീകരണങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും പരമാവധി ഉൾക്കൊള്ളിക്കു വാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും ഇക്കാര്യങ്ങളിൽ കൂടുതൽ വ്യക്തതയോ, വിശദീകര ണമോ ആവശ്യമായി വരുന്ന പക്ഷം അത് പദ്ധതി നടത്തിപ്പ് സമയത്ത് നീർത്തട സമൂഹത്തിന് ഉണ്ടാക്കിയെടുക്കാവുന്നതാണ്.

**1.2. നീർത്തടം/നീർമറി പ്രദേശ വികസനത്തിന്റെ പ്രസക്തി**

പൊതുവായ നീരൊഴുക്കുള്ള (ഡ്രെയിനേജ്) ഒരു പ്രദേശത്തിന് വാട്ടർഷെഡ് അല്ലെങ്കിൽ നീർമറി പ്രദേശമെന്ന് പറയാം. "വീണിടം തൊട്ടൊഴുകി താഴെയത്തും വരെയും നീരുവ്യാപിക്കുന്നിടം നീർത്തടം" എന്നും നീർമറിയെ നിർവ്വചിക്കുന്നുണ്ട്. ഉയർന്ന വാട്ടർഷെഡ് പ്രദേശത്ത് ലഭിക്കുന്ന മഴവെള്ളം ചരിവിനനുസൃതമായി ഭൂതല ത്തിലൂടെ ഒഴുകി, ചെറുതും വലുതുമായ ചാലുകളിലൂടെ ഒരു പൊതു ബഹിർഗമന ഭാഗത്ത് എത്തുകയും അതുവഴി വാട്ടർഷെഡിന് പുറത്ത് കടക്കുകയും ചെയ്യുന്നു. ഇത് പ്രകൃതി തന്നെ രൂപകല്പന ചെയ്തിരിക്കുന്ന ഒരു സ്ഥലജല സ്വരൂപമാണ്. ഇപ്രകാരമുള്ള വാട്ടർഷെഡിലെ ഭൂമിയും, ജലവും, സസ്യ ജന്തു സമ്പത്തും പരിസ്ഥി തിയും കണക്കിലെടുത്ത് യുക്തിയുക്തമായ വികസനമാണ് വാട്ടർഷെഡ് വികസനം കൊണ്ടർത്ഥമാക്കുന്നത്.

ഒരു നീർമറി പ്രദേശത്ത് തോടുകളും, കുളങ്ങളും മറ്റും ഉൾപ്പെടുന്ന ഒരു ജല വ്യവസ്ഥയും, കാടും വിളകളുമുൾപ്പെടുന്ന സസ്യവ്യവസ്ഥയും ഇവ സ്ഥിതിചെയ്യുന്ന ഭൂഭാഗങ്ങളും ഉണ്ടാകും. ഇവയെല്ലാം തന്നെ പരസ്പര ബന്ധിതമാണ് എന്നതിനാൽ തന്നെ, ഒന്നിൽ ഇടപെടുമ്പോൾ അത് മറ്റൊന്നിനെ ബാധിക്കാൻ ഇടയുണ്ട്. മാത്രമല്ല ഇതിലുള്ള ജല വ്യവസ്ഥയെ കൃത്യമായി വിശകലനം ചെയ്യുന്നതിന് വാട്ടർഷെഡ് എന്ന അടിസ്ഥാന പ്രകൃതി യൂണിറ്റ് മാത്രമാണ് നിലവിലുളളത്. അതുകൊണ്ട് തന്നെ ഒരു നീർമറി പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ലഭ്യമായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ വിഭവങ്ങളുടെ യുക്തിസഹവും, സന്തുലിതവുമായ പരിപാലനവും ഉപയോഗവും ആ വാട്ടർഷെഡിനുള്ളിൽ ഒരു സ്ഥായിയായ ഉല്പാദന നിരക്കിനു സാഹചര്യമൊരുക്കുന്ന അവസ്ഥയാണ് നീർമറി പ്രദേശ വികസനമെന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

സുസ്ഥിരമായ വികസനം സാധ്യമാകുന്ന തരത്തിൽ എല്ലാ ഭൂവിഭവങ്ങളെയും സംരക്ഷിക്കുകയും, അവയുടെ സ്വതസിദ്ധമായ പ്രകൃതങ്ങൾക്കിണങ്ങുന്ന രീതിയിൽ ഉപയോഗം ക്രമപ്പെടുത്തുകയും ചെയ്യുന്ന ഒരു സന്തുലിത വികസന തന്ത്രമാണ് വാട്ടർഷെഡ് വികസനത്തിനായി അവലംബിക്കേണ്ടത്.

**1.3. നീർത്തട വികസന പരിപാടികളുടെ മുഖ്യ ലക്ഷ്യങ്ങൾ**

1. വാട്ടർഷെഡിനുള്ളിൽ ലഭ്യമായ പ്രകൃതി വിഭവങ്ങളെ ശാസ്ത്രീയമായി പരിപാലിക്കുകയും വിനിയോഗിക്കുകയും ചെയ്തുകൊണ്ട് സ്ഥായിയായ ഉൽപാദനക്ഷമത പുലർത്തുന്ന ഒരു ജൈവവ്യൂഹം സൃഷ്ടിക്കുക.
2. ഭക്ഷ്യോത്പന്നങ്ങൾ, കാലിത്തീറ്റ, ജലം, ഇന്ധനം, നൂൽ എന്നിവയുടെ നിരന്തരമായ ലഭ്യത ഉറപ്പുവരുത്തുക.
3. ഗ്രാമീണ ജനവിഭാഗങ്ങൾ, ചെറുകിട കർഷകർ, കർഷകത്തൊഴിലാളികൾ, കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, വിദഗ്ധ തൊഴിലാളികൾ എന്നിവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, വരുമാനദായക പ്രവർത്തനങ്ങൾസൃഷ്ടിക്കുകയും ചെയ്യുക.
4. പരിസ്ഥിതി പുനരുദ്ധാരണം.
5. മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക വഴി സുസ്ഥിര വികസനത്തിനുപയുക്തമായ വിധത്തിൽ ഭൂവിഭവങ്ങളെ സജ്ജീകരിക്കുക.

6. വെള്ളപ്പൊക്കം, വരൾച്ച, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നീ പ്രകൃതി പ്രതിഭാസ ങ്ങളുടെ ആഘാതം മിതപ്പെടുത്തുക.
7. ജനക്ഷേമത്തിനും സാമൂഹ്യ നീതിയ്ക്കും യോജിച്ച ഉല്പാദന വ്യവസ്ഥകൾ ആവിഷ്ക്കരിക്കുക.

**1.4. സംയോജിത നീർത്തട പരിപാലന പരിപാടി** (Integrated Watershed Management Programme (IWMP)

**<u>ലക്ഷ്യങ്ങൾ</u>**

- മണ്ണും ജലവും ജൈവസമ്പത്തും തമ്മിൽ ഉണ്ടാകേണ്ട സ്വാഭാവിക ജൈവ ബന്ധം നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ക്രമാനുഗതമായും ശാസ്ത്രീയമായും നടപ്പാക്കുകയും മണ്ണിലെ ജലസന്തുലിതാവസ്ഥ നിലനിർത്തു കയും ചെയ്യുക.
- മഴവെള്ളം പരമാവധി സംഭരിക്കുവാനും മണ്ണിലേക്ക് ഇറക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി ജല ലഭ്യത ഉറപ്പാക്കുകയും ഭൂഗർഭജലവിതാനം ക്രമാനുഗതമായി ഉയർത്തിക്കൊണ്ട് വരികയും ചെയ്യുക.
- ജൈവസമ്പത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്ന ശോഷണം തടയുകയും പരമാ വധി സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി പരിസ്ഥിതി പുനഃസ്ഥാപനം ഉറപ്പാ ക്കുകയും ചെയ്യുക.
- മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പാക്കി കാർഷിക വിളകളുടെ ഉല്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിന് അനു കൂലമായ അന്തരീക്ഷം സംജാതമാക്കുക.
- രൂക്ഷമായിക്കൊണ്ടിരിക്കുന്ന മണ്ണൊലിപ്പ് തടയുക. മണ്ണിന്റെ ഫലഭൂയിഷ്ഠതയും ജലസംഭണ ശേഷിയും വർദ്ധിപ്പിക്കുക, ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഉയർത്തുക.
- മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ പ്രകൃതി വിഭവങ്ങളെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളും ജീവനോപാധി കളും ലഭ്യമാക്കുക.
- പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ അടിസ്ഥാനമായ പ്രകൃതി വിഭവ അടിത്തറ ശക്തമാക്കുകയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

- ❖ വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ കാഠിന്യവും രൂക്ഷതയും കുറയ്ക്കുക.
- ❖ തരിശായി കിടക്കുന്ന ഭൂമി കൃഷിക്ക് ഉപയുക്തമാവുംവിധം മാറ്റിയെടുക്കുക.
- ❖ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകൾ പുനഃരുജ്ജീവിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.
- ❖ കൃഷിയോഗ്യമായ മുഴുവൻ തരിശുഭൂമികളിലും അനുയോജ്യമായ കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലൂടെ തരിശുരഹിത ഗ്രാമപഞ്ചായത്തുകൾ സൃഷ്ടിക്കുക.

**<u>തന്ത്രങ്ങൾ</u>**

- ❖ നീർത്തട അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, വാട്ടർഷെഡ് കമ്മിറ്റികൾ എന്നിവയുടെ ഒരു സ്ഥിരം ഫെഡറേറ്റഡ് സംവിധാനത്തിന് രൂപം നൽകുകയും, പദ്ധതി ആസൂത്രണവും നിർവ്വഹണവും അത്തരം സംവിധാനത്തിലൂടെ നടത്തുകയും ചെയ്യുക.
- ❖ നീർത്തടാധിഷ്ഠിത വികസന തന്ത്രങ്ങളിൽ വൈദഗ്ദ്ധ്യം ആർജ്ജിച്ച ഒരു സാങ്കേതിക വിദഗ്ദ്ധ ഗ്രൂപ്പിനെ ഓരോ പ്രദേശത്തും പരിശീലിപ്പിച്ചു കൊണ്ടുവരികയും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മുന്നോട്ടുകൊണ്ടുപോകാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക.
- ❖ പ്രകൃതി വിഭവ പരിപാലന പ്രവർത്തനങ്ങൾക്കും, ഉൽപാദനമേഖലയിലെ പ്രവർത്തനങ്ങൾക്കും ലേബർ ടീമുകൾക്ക് നീർത്തട/ഗ്രാമപഞ്ചായത്തു വാർഡ് അടിസ്ഥാനത്തിൽ രൂപം നൽകുക. സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് വിദഗ്ദ്ധ പരിശീലനം നൽകി സ്കിൽഡ് ലേബർ ബാങ്കുകൾക്ക് രൂപം നൽക്കുക.
- ❖ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖാന്തിരം ഏറ്റെടുക്കാൻ കഴിയുന്ന അവിദഗ്ദ്ധ കായിക പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിലൂടെ നിർവ്വഹിക്കുകയും, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയാത്ത പ്രവൃത്തികൾ കണങ്ങജ യിലൂടെ ഏറ്റെടുക്കുകയും ചെയ്യുന്ന സംയോജിത പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുക.
- ❖ ഉൽപ്പാദന മേഖലയിലെ പദ്ധതികൾ കൃഷിവകുപ്പിന്റേയും, കാർഷിക മേഖലിയിലെ മറ്റു പദ്ധതികളുടെ സംയോജനത്തിലൂടെയും, ദാരിദ്ര്യ നിർമ്മാർജ്ജന/വരു

മാനദായക സംരംഭ പ്രവൃത്തികൾ NRLMന്റെ പദ്ധതി സംയോജനത്തിലൂടെയും നടപ്പിലാക്കുകയും, പ്രാദേശിക തലത്തിലുള്ള ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും കാർഷികോൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഉയർത്തുകയും ചെയ്യുക.

- ❖ നീർത്തടാധിഷ്ഠിത വികസനവുമായി ബന്ധപ്പെട്ട് വേണ്ടിവരുന്ന നടീൽ വസ്തു ക്കളുടെ ഉല്പ്പാദനം ഗ്രാമപഞ്ചായത്തുതലത്തിൽ സാമൂഹ്യാധിഷ്ഠിത സംഘടന കളുടെ നേതൃത്വത്തിൽ ഉറപ്പാക്കുക.
- ❖ പദ്ധതി പൂർത്തീകരണത്തിനു ശേഷവും വികസന പ്രക്രിയ മുന്നോട്ടുകൊണ്ടു പോകുന്നതിനും, സൃഷ്ടിച്ച ആസ്തികളുടെ സംരക്ഷണത്തിനും, സാമൂഹ്യാധി ഷ്ഠിത സംഘടനാ സംവിധാനത്തിന്റെ ജനാധിപത്യപരമായ തുടർ പ്രവർത്തന ത്തിനും സാദ്ധ്യമായ തരത്തിൽ താഴെത്തട്ടിലുള്ള സാമൂഹ്യാധിഷ്ഠിത സംഘട നാസംവിധാനത്തെ ശക്തിപ്പെടുത്തുക.
- ❖ നീർത്തട അയൽക്കൂട്ടങ്ങളേയും നീർത്തട കമ്മിറ്റികളേയും പ്രകൃതി വിഭവ സംര ക്ഷണത്തിനുള്ള സാമൂഹ്യ സ്ഥാപനമായി വളർത്തിയെടുക്കുക.
- ❖ ലേബർ ടീമുകൾക്കും, സ്കിൽഡ് ലേബർ ബാങ്കുകൾക്കും രൂപം നൽകുകയും ആവശ്യമായ പരിശീലനങ്ങൾ നല്കി ശാക്തീകരിക്കുകയും ചെയ്യുക.

ഇതിൽ നിന്നും പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശക തത്വങ്ങളായി കണ്ടെത്താവുന്ന കാര്യ ങ്ങൾ ഇവയാണ്.

- ❖ വികേന്ദ്രീകൃതമായ പ്രാദേശിക ആസൂത്രണം
- ❖ സമത്വത്തിൽ അധിഷ്ഠിതമായ വികസനം
- ❖ സമൂഹത്തെ ശാക്തീകരിക്കുന്നതിനുളള സഹായക സംവിധാനങ്ങൾ
- ❖ പരിപൂർണ്ണമായ ജനപങ്കാളിത്തം
- ❖ സാമൂഹ്യ സംഘാടനത്തിലൂടെ ഉരുത്തിരിഞ്ഞുവരുന്ന ആസൂത്രണ നിർവ്വഹണ സംവിധാനങ്ങൾ.
- ❖ പ്രാദേശിക ഭരണകൂടങ്ങളുടെ സംയോജന സാധ്യതകൾ പരമാവധി പ്രയോജന പ്പെടുത്തുക.

പദ്ധതി ആസൂത്രണത്തിലും നടപ്പിലാക്കലിലും ഈ മാർഗ്ഗനിർദ്ദേശക തത്വങ്ങ ളിൽ അധിഷ്ഠിതമായ ഒരു സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. 2009-2010 കാലഘട്ട ത്തിലാണ് കേരളത്തിൽ ഈ പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ അഞ്ചാമത് ബാച്ചിൽ

ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിലാണ് ആലപ്പുഴ ജില്ലയിലെ 'മാവേലിക്കര' നീർത്തട പദ്ധതിക്ക് അനുവാദം ലഭിച്ചത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിനെ തീരുമാനിച്ചിട്ടുണ്ട്.

**1.5. പദ്ധതിയുടെ സംഘടനാ സംവിധാനം**

സംസ്ഥാനത്ത് പദ്ധതി നടത്തിപ്പിനുള്ള ഒരു സംഘടനാ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. കണങ്ങജ യുടെ സംസ്ഥാനതല നോഡൽ വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പാണ്. പ്രോജക്ടുകളുടെ അംഗീകാരം നൽകുന്നതിനും, ഓരോ പ്രോജക്ടിന്റെയും ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ തുടങ്ങിയവ സമയബന്ധിതമായി നടപ്പാക്കുന്നതിനും ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് തല പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായ ഒരു സംസ്ഥാനതല നോഡൽ ഏജൻസി (SLNA) ഉണ്ട്.

കൃഷി, വാട്ടർമാനേജ്മെന്റ്, കപ്പാസിറ്റി ബിൽഡിംഗ്, സോഷ്യൽ മൊബിലൈസേഷൻ, വിവര സാങ്കേതിക വിദ്യ, അഡ്മിനിസ്ട്രേഷൻ, ഫൈനാൻസ്/അക്കൗണ്ട്സ് മേഖലകളിലെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു സാങ്കേതിക സഹായ യൂണിറ്റ് ടഘചഅ യുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ ഉണ്ടായിരിക്കും. പദ്ധതിയുടെ ജില്ലാതല ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും മേൽനോട്ടച്ചുമതല ജില്ലാ ആസൂത്രണ സമിതിക്കാണ്. ഈ പ്രവർത്തനങ്ങളിൽ ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുന്നതിന് ഒരു കോർഡിനേഷൻ കമ്മിറ്റിക്ക് ഡി.പി.സി. രൂപം നൽകണം. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ കോർഡിനേഷൻ കമ്മിറ്റിയുടെ സെക്രട്ടേറിയറ്റ് പി.എ.യു.വിന്റെ ഓഫീസായിരിക്കും. കോർഡിനേഷൻ കമ്മിറ്റിയുടെ സാങ്കേതിക സഹായത്തിനായി ഒരു വാട്ടർഷെഡ് സെൽ-കം-ഡാറ്റാ സെന്റർ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പദ്ധതിയുടെ നടത്തിപ്പ് ചുമതല ബ്ലോക്ക് പഞ്ചായത്തുകൾക്കാണ്. ഏറ്റവും കൂടുതൽ പദ്ധതി പ്രദേശം ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തായിരിക്കും പദ്ധതി നിർവ്വഹണ ഏജൻസി. മാവേലിക്കര നീർത്തടത്തിൽ മാവേലിക്കര, ചെങ്ങന്നൂർ, ഹരിപ്പാട്, മുതുകുളം ബ്ലോക്ക് പ്രദേശങ്ങൾ ഉൾക്കൊള്ളുന്നു എങ്കിലും ഏറ്റവും കൂടുതൽ പ്രദേശം മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രദേശമായതിനാൽ മാവേലിക്കര ബ്ലോക്ക്

പഞ്ചായത്താണ്  പദ്ധതി നിർവ്വഹണ  ഏജൻസി. പദ്ധതി രൂപീകരണം, നടപ്പിലാക്കൽ, പദ്ധതി പൂർത്തീകരണം, പദ്ധതിയിലൂടെ സൃഷ്ടിച്ച ആസ്തികളുടെ സംരക്ഷണം ഇവ യെല്ലാം തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയായിരിക്കും. പ്രോജക്ട് തലത്തിൽ IWMP-യ്ക്ക് ഒരു ബ്ലോക്ക് തല കോർഡിനേഷൻ കമ്മിറ്റി ഉണ്ടായിരിക്കും. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതും, ഭരണപരവും, സാങ്കേതി കവുമായ സഹായങ്ങൾ നൽകുന്നതും ഈ സമിതിയുടെ ചുമതലായിരിക്കും.

കൂടാതെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് കൃഷി, എഞ്ചിനീയറിംഗ്, സാമൂഹ്യസംഘാടനം എന്നീ വിഷയങ്ങളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു നീർത്തട വികസന ടീം പ്രവർത്തിക്കുന്നുണ്ട്.

വാട്ടർഷെഡ് തലത്തിൽ പദ്ധതി നടത്തിപ്പിനുള്ള ചുമതല വാർട്ടർഷെഡ് കമ്മി റ്റികൾക്കാണ്. പത്തിൽ കുറയാത്ത അംഗങ്ങളുള്ള ഈ സമിതിയിൽ വനിതകൾ, ഭൂര ഹിതർ, പരിമിത ഭൂവുടുമകൾ, സ്വയം സഹായ സംഘങ്ങൾ, ഉപയോക്തൃ സംഘങ്ങൾ എന്നിവരുടെ പ്രതിനിധികൾ ഉണ്ടായിരിക്കുന്നതാണ്. വാട്ടർഷെഡ് കമ്മിറ്റിയുടെ ചെയർമാൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറി വില്ലേജ് എക്സ്റ്റൻഷൻ ഓഫീ സറുമായിരിക്കും.

ഒരു നീർത്തടത്തിൽ ഒന്നിൽകൂടുതൽ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്നു എങ്കിൽ പഞ്ചായത്ത് തല കോർഡിനേഷൻ സമിതി രൂപീകരിക്കാവുന്നതാണ്. പദ്ധതി യുടെ സംഘാടന സംവിധാനത്തെ താഴെപ്പറയും പ്രകാരം ക്രോഡീകരിക്കാം.



### 1.6. പ്രോജക്ട് മാനേജ്മെന്റ്

IWMP നിർവ്വഹണം പ്രധാനമായും മൂന്ന് ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കുന്നത്.

1. ആസൂത്രണ ഘട്ടം (Planning Phase)
2. നിർവ്വഹണ ഘട്ടം ( Implementation Phase)
3. തുടർ പ്രവർത്തന ഘട്ടം (Consolidation Phase)

കണഞ്ജ യുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പ്രോജക്ട് കാലാവധി നാലു മുതൽ ഏഴു വർഷം വരെയാണ്. എന്നാൽ സംസ്ഥാനത്ത് IWMP പദ്ധതി മൂന്ന് മുതൽ നാലു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. അതിനാൽ ഓരോ ഘട്ട പ്രവർത്തനങ്ങളും ചുവടെ ചേർക്കും പ്രകാരം ക്രമീകരിക്കേണ്ടതാണ്.

1. ആസൂത്രണ ഘട്ടം (Planning Phase)

പദ്ധതി പ്രവർത്തനം ആരംഭിച്ച് ആറു മാസത്തിനുള്ളിൽ പ്രാരംഭ ഘട്ടം (Planning Phase) പൂർത്തീകരിക്കണം. പ്രധാനമായും ആസൂത്രണ പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ നടത്തേണ്ടത്. പ്രാരംഭഘട്ട പ്രവർത്തനങ്ങളും(EPA) ഈ ഘട്ടത്തിൽ ആരംഭിക്കണം. ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ പ്രധാനമായും നടത്തേണ്ടത്.

- നീർത്തടം,അവയിലുള്ള അയൽക്കൂട്ട പ്രദേശങ്ങൾ എന്നിവ വേർതിരിക്കുക.
- WDT യെ തിരഞ്ഞെടുക്കുക, ഠടഛ കളുമായി ധാരണയിലെത്തുക, അവരുടെ പ്രവർത്തനങ്ങൾ ആരംഭിക്കുക.
- പ്രാദേശിക സംവിധാനങ്ങളായ നീർത്തടകമ്മിറ്റികൾ, നീർത്തട അയൽക്കൂട്ടങ്ങൾ, MGNREGSലേബർടീമുകൾ, വിദഗ്ദ്ധ ലേബർ ഗ്രൂപ്പുകൾ എന്നിവ രൂപീകരിക്കുകയും സ്ഥാപനവൽക്കരിക്കുകയും ചെയ്യുക
- ബോധവൽക്കരണ പരിപാടികൾ, പരിശീലനങ്ങൾ എന്നിവ നടത്തുക.
- DPR (Detailed Project Report) തയ്യാറാക്കുന്നതിനാവശ്യമായ Baseline Survey, PRA, ഭൂപടങ്ങൾ ശേഖരിക്കൽ, മാപ്പിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.
- പ്രശ്നങ്ങൾ, സാദ്ധ്യതകൾ, പരിഹാര നിർദ്ദേശങ്ങൾ തുടങ്ങിയവ കണ്ടെത്തുക
- DPR തയ്യാറാക്കി ബന്ധപ്പെട്ട തലങ്ങളിൽ പരിശോധിച്ച് അംഗീകാരം ലഭ്യമാക്കുക.
- വാർഷിക പദ്ധതി തയ്യാറാക്കുക.
- Entry Point പ്രവർത്തനങ്ങൾ ആരംഭിച്ച് നടപ്പാക്കുകയും തുടർന്ന് വാർഷിക പദ്ധതിയനുസരിച്ച് അംഗീകാരം കിട്ടിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുക.

2. **നിർവ്വഹണ ഘട്ടം (Implementation phase)**

ആദ്യത്തെ 6 മാസത്തിന് ശേഷമുള്ള രണ്ടര വർഷമാണ് നീർത്തടത്തിലെ നിർവ്വഹണ ഘട്ടം. നീർത്തടത്തിൽ നടപ്പാക്കാൻ വേണ്ടി പദ്ധതിരേഖയിൽ ചേർത്ത പ്രവൃത്തികൾ എല്ലാം തന്നെ ഈ ഘട്ടത്തിലാണ് നിർവ്വഹിക്കേണ്ടത്.

നീർത്തടത്തിലെ ഏറ്റവും ഉയർന്ന പ്രദേശത്തെ മണ്ണൊലിപ്പ് തടഞ്ഞതിനു ശേഷം മാത്രമേ ചില പ്രവൃത്തികൾ താഴെയുള്ള പ്രദേശങ്ങളിൽ ചെയ്യാൻ സാധിക്കൂ. ഇത്തരം മണ്ണൊലിപ്പുള്ള പ്രദേശത്തിന്റെ താഴെ ഭാഗത്ത്, കുളം, ലിഫ്റ്റ് ഇറിഗേഷൻ ഇവ നിർമ്മിച്ചാൽ മണ്ണ് അടിഞ്ഞ് ഇവ നികന്നുപോകും. അതിനാൽ മുകൾ പ്രദേശത്തെ മണ്ണൊലിപ്പ് നിർത്താനും വെള്ളം മണ്ണിൽ ആഴ്ന്നിറങ്ങാനുമുള്ള നടപടികൾ ആദ്യം തന്നെ സ്വീകരിക്കണം.

മറ്റ് ചില പ്രവൃത്തികളാവട്ടെ എല്ലാ സ്ഥലത്തും ഉയരവ്യത്യാസം നോക്കാതെ ചെയ്യാൻ സാധിക്കും. ഉദാ. തെങ്ങിൻതടം, ഭൂമി തട്ട് തിരിക്കൽ, ഡ്രിപ്പ് ഇറിഗേഷൻ മുതലായവ. ഇങ്ങനെ രണ്ടുതരത്തിലുള്ള സമീപനങ്ങളും ഉയരം കൂടിയ സ്ഥലത്ത് ചെയ്ത ശേഷം മാത്രം താഴെ ചെയ്യാവുന്ന പ്രവൃത്തികളും, എല്ലായിടത്തും ഒരുമിച്ച് ചെയ്യാവുന്ന പ്രവൃത്തികളും നടപ്പിലാക്കാവുന്നതാണ്.

എല്ലാ ഭാഗത്തും ആദ്യം മുതൽ അവസാനം വരെ ചെയ്യാവുന്ന പ്രവൃത്തികൾ തയ്യാറാക്കി അവയെ വിവിധ വാർഷിക പദ്ധതികളാക്കി തിരിക്കേണ്ടതാണ്.

3. **തുടർ പ്രവർത്തന ഘട്ടം (Consolidation Phase)**

- നിർവ്വഹണ ഘട്ടം കഴിഞ്ഞ് തുടർന്നുള്ള 12 മുതൽ 18 മാസക്കാലമാണ് ഈ ഘട്ടം. ഈ ഘട്ടത്തിൽ ഏറ്റെടുത്ത എല്ലാ പ്രവൃത്തകളും പൂർത്തിയാക്കുക.
- പ്രോജക്ട് അവസാനിച്ച ശേഷം തുടർന്ന് നടത്തേണ്ട പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക.
- ജനകീയ സംവിധാനങ്ങൾ സ്ഥാപനവൽക്കരിക്കുക
- വിജയകരമായ കാർഷിക രീതികളും കാർഷികേതര പ്രവർത്തനങ്ങളും കൂടുതൽ നിലവാരത്തിലേക്ക് എത്തിക്കുക.
- ഓരോ ഇടപെടലിന്റേയും ഗുണദോഷങ്ങൾ സംബന്ധിച്ച റിപ്പോർട്ടും പൂർത്തികരണ റിപ്പോർട്ടും തയ്യാറാക്കുക.
- ഡോക്യുമെന്റേഷൻ.
- യൂസർ ചാർജ്ജുകൾ ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക

- ❖ പദ്ധതികൾ വിപുലീകരിക്കുന്നതിനുള്ള സാങ്കേതിക സഹായം തുടങ്ങിയവ ലഭ്യമാക്കുക.
- ❖ ലക്ഷ്യങ്ങളും നേട്ടങ്ങളും വിലയിരുത്തുക.

**1.7. വിശദമായ പദ്ധതി രേഖ**

ഏതൊരു പദ്ധതിയുടെയും നടത്തിപ്പിനുള്ള അടിസ്ഥാനവും മാർഗ്ഗ രേഖ യുമാണ് പ്രോജക്ട് റിപ്പോർട്ട് അഥവാ പദ്ധതി രേഖ. ജനകീയ സമിതികൾ പദ്ധതി യുടെ നടത്തിപ്പുകാരായി വരുമ്പോൾ ഇതിന് പ്രാധാന്യം വർദ്ധിക്കുന്നു. പദ്ധതിയിൽ വിഭാവനം ചെയ്യുന്ന ഓരോ പ്രവൃത്തികളും നടപ്പിലാക്കേണ്ട സ്ഥലം, രീതി സമ്പ്രദായ ങ്ങൾ ഇവയെല്ലാം തന്നെ പദ്ധതിരേഖയിൽ വ്യക്തമാക്കേണ്ടതാണ്.

മാവേലിക്കര നീർത്തടം മൂന്ന് ചെറു നീർത്തടങ്ങളായി വേർതിരിച്ചിരിക്കുന്നു. ഇതിലോരോന്നിന്റെയും സ്വാഭാവിക ശേഷിയും പരിമിതികളും പരിഗണിച്ചുകൊ ണ്ടുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തതെങ്ങനെയെന്ന് പദ്ധതിരേഖയിൽ പ്രതി പാദിക്കുന്നു. പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം ഇവയുടെ പരിപോഷണത്തിൽ ശ്രദ്ധിക്കുമ്പോൾത്തന്നെ മനുഷ്യനുൾപ്പെടെയുള്ള ജന്തുജാലങ്ങൾക്ക് ഈ പ്രകൃതി വിഭവങ്ങളുടെ സ്ഥായിയായ ഉപയോഗം സാധ്യമാകുന്നതരത്തിൽ പദ്ധതി പ്രവർത്ത നങ്ങൾ ആസൂത്രണം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലും, നടപ്പാക്ക ലിലും ജനപങ്കാളിത്തം ഉറപ്പാക്കുന്ന വിധത്തിലുള്ള രീതി സമ്പ്രദായങ്ങൾ പദ്ധതി രൂപീകരണ വേളയിൽ അവലംബിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി രൂപകല്പന ചെയ്ത് നടപ്പിലാക്കുന്ന അടിസ്ഥാന സംഘാടക സംവിധാനങ്ങളായ സ്വാശ്രയ സംഘങ്ങൾ, ഉപയോക്തൃ സംഘങ്ങൾ, വാട്ടർഷെഡ് കമ്മിറ്റി ഇവയുടെ പ്രാപ്തി വികസനത്തിനും പദ്ധതിയിൽ മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. പദ്ധതി രേഖ രൂപീകരണത്തിലെ പ്രധാന ഘട്ടങ്ങൾ ഇനിപ്പറയുന്നു.

**1.7.1 ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷൻ**

വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് നീർത്തട വികസന ടീമിനും ബ്ലോക്ക് പഞ്ചായത്തിനും ആവശ്യമായ സാങ്കേതിക സഹായം നൽകുവാൻ മണ്ണ് പര്യവേക്ഷണ സംരക്ഷണവകുപ്പിനെയാണ് നിയോഗിച്ചത്. സ്റ്റേറ്റ് നോഡൽ ഏജൻസിയുടെ തീരുമാനം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച് അനു മതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മണ്ണ് പര്യവേഷണ- സംരക്ഷണ വകുപ്പാണ് പദ്ധതി രേഖ തയ്യാറാക്കുന്നത്.

### 1.7.2 പ്രചാരണ ബോധവൽകരണ പ്രവർത്തനങ്ങൾ

നാല് ബ്ലോക്ക് പഞ്ചായത്തുകളിലും, എട്ട് ഗ്രാമപഞ്ചായത്തുകളിലുമായി വ്യാപി ച്ചിരിക്കുന്ന പദ്ധതി പ്രദേശത്തെ വലിയൊരു ജനസമൂഹത്തെ പദ്ധതിയെപ്പറ്റി അറിയി ക്കുന്നതിന് വേണ്ട പ്രചാരണ പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ നടത്തിയത്.

### 1.7.3 അതിർത്തി പരിചയം

പദ്ധതി പ്രദേശം വളരെ വിസ്തൃതമായതുകൊണ്ട് തന്നെ അതിർത്തി പരി ചയം ഏറെ അനിവാര്യമായിരുന്നു. ഇതിനുവേണ്ടി ടെക്നിക്കൽ സപ്പോർട്ട് ഓർഗ്ഗ നൈസേഷന്റെ പ്രതിനിധികൾ, വാട്ടർഷെഡ് ഡെവലപ്മെന്റ് ടീം അംഗങ്ങൾ, വാർട്ടർഷെഡ് കമ്മിറ്റികളുടെ സെക്രട്ടറിമാരാകാൻ ചുമതലപ്പെട്ട വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരുടെ ഒരു സംഘം ബൗണ്ടറി ട്രാൻസെക്ട് നട ത്തുകയും അതിർത്തി നിർണ്ണയും നടത്തുകയും ചെയ്തു. 15.12.2014, 16.12.2014 എന്നീ ദിവസങ്ങളിൽ നടന്ന അതിർത്തി പരിഛേദ സന്ദർശനത്തിൽ പദ്ധതി പ്രദേശത്തിനു സമീപമുള്ള ചെങ്ങന്നൂർ നീർത്തട പ്രദേശത്തെ നീർത്തട വികസന ടീം അംഗങ്ങളും ഉൾപ്പെട്ടിരുന്നു. രണ്ട് പദ്ധതികളും അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ഓരോന്നി ന്റെയും അതിരുകൾ ബന്ധപ്പെട്ട എല്ലാവരും വ്യക്തമായി നിർണ്ണയം നടത്തിയിട്ടുണ്ട്.

### 1.7.4 അയൽക്കൂട്ട രൂപീകരണവും കുടുംബതല വിവര ശേഖരണവും

ഓരോ നീർത്തടത്തിലും ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് വാർഡുകളിലോരോ ന്നിൽ നിന്നും മൂന്ന് വീതം സാമൂഹ്യ സംഘാടകരെ തിരഞ്ഞെടുത്ത് അതിർത്തി പരി ചയം നടത്തി, പദ്ധതി നടത്തിപ്പിനെപ്പറ്റിയും, കുടുംബതല വിവരശേഖരണത്തെപ്പ റ്റിയും വിശദമായ ക്ലാസ്സുകൾ നൽകുകയും ചെയ്തു. ഈ സാമൂഹ്യ സംഘാടകർ വാർഡ്തലത്തിൽ 40 മുതൽ 50 വരെ വീടുകൾ ഉൾപ്പെട്ട അയൽക്കൂട്ടങ്ങൾ രൂപീകരി ച്ചുകൊണ്ടാണ് സാമൂഹ്യ സംഘാടനവും ഗൃഹതല സർവ്വേയും പൂർത്തീകരിച്ചത്.

### 1.7.5 ഭൂപടങ്ങൾ

പദ്ധതിയുടെ ഫലപ്രദമായ സ്ഥലപര ആസൂത്രണത്തിൽ വേണ്ട വിവിധ ഭൂപട ങ്ങൾ തയ്യാറാക്കിയത് ടെക്നിക്കൽ സപ്പോർട്ട് ഓർഗനൈസേഷൻ ആയ മണ്ണ് പര്യ വേക്ഷണ സംരക്ഷണ വകുപ്പ് തന്നെയായിരുന്നു. വകുപ്പിന്റെ ആസ്ഥാനത്ത് സുസ ജ്ജമായ ഒരു ജിയോമാറ്റിക്സ് ലാബിലാണ് ഭൂപടങ്ങൾ തയ്യാറാക്കിയത്.വകുപ്പിന്റെ ജില്ലാതലഓഫീസുകളിൽ കേരളത്തിലെ എല്ലാ നീർത്തടങ്ങളുടെയും മണ്ണ്, ഭൂരൂപ ങ്ങൾ, ചരിവ്, ഭൂക്ഷമത, ഭൂവിനിയോഗം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഉണ്ടാ യിരുന്നു. പദ്ധതി പ്രദേശത്തെ ഏതാണ്ട് എല്ലാ വില്ലേജുകളുടെയും കഡസ്റ്റൽ

ഭൂപടവും ലഭ്യമായിരുന്നു. അവശേഷിക്കുന്നവ സർവ്വേയും ഭൂരേഖയും വകുപ്പിൽ നിന്നും വാങ്ങി ഡിജിറ്റൈസ് ചെയ്ത് ഉപയോഗിച്ചു. ഇങ്ങനെ തയ്യാറാക്കിയ ഭൂപട ങ്ങൾ ഫീൽഡ് പരിശോധന നടത്തി വസ്തുതകൾ സ്ഥിതീകരിച്ചിട്ടുണ്ട്.

### 1.7.6 പങ്കാളിത്ത ഗ്രാമവിശകലനം

നീർത്തട സംബന്ധമായ വിവര ശേഖരണത്തിനും, പദ്ധതി സംബന്ധിച്ച ജനങ്ങ ളുടെ കാഴ്ചപ്പാടുകൾ സ്വരുക്കൂട്ടി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതി നുമുള്ള മുഖ്യ ഉപാധിയാണ് പങ്കാളിത്ത പഠന പരിപാടികൾ. ഓരോ നീർത്തടത്തിലും രണ്ട് ദിവസം നീണ്ടു നിന്ന ഈ പരിപാടിയിൽ വാട്ടർഷെഡ് കമ്മിറ്റി അംഗങ്ങൾക്ക് പുറമേ പദ്ധതി പ്രദേശത്തെ വിവിധ ഉപജീവനമേഖലകളായ കൃഷി, മൃഗപരിപാലനം, സ്വയം തൊഴിൽ, മത്സ്യബന്ധനം, കർഷകത്തൊഴിലാളികൾ എന്നിവരുടെ പ്രതിനിധിക ളായി 30 മുതൽ 40 വരെ അംഗങ്ങൾ പങ്കെടുത്തു. ഓരോ നീർത്തടത്തിലും പങ്കാളിത്ത പരിപാടിയിലൂടെ കണ്ടെത്തിയ വിവരങ്ങൾ ഭാഗം 4.9 ൽ നൽകിയിട്ടുണ്ട്.

### 1.7.7 സംയോജന സാധ്യതകൾ

പദ്ധതി പ്രദേശത്ത് വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ ഏജൻസികളുമായും വകുപ്പുകളുമായും, പദ്ധതിയുടെ ഏകോപനം സാധ്യമാക്കി പദ്ധതിയിലെ ധനകാര്യ മാനേജ്മെന്റും പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുവാനും ഒരേ ലക്ഷ്യത്തോടെയുള്ള വിവിധ പദ്ധതികൾ ആവർത്തിക്കുന്നില്ല എന്നുറപ്പു വരു ത്തുവാനും വിവിധ വകുപ്പുകളുടെ ഒരു യോഗം 27.02.2015 ന് മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ചേർന്നു. പങ്കാളിത്ത പരിപാടിയിൽ കണ്ടെത്തിയ വിവിധ വികസന പ്രശ്നങ്ങൾക്ക് ബന്ധപ്പെട്ട സാങ്കേതിക വകുപ്പുകളുടെ പരിഹാര നിർദ്ദേശ ങ്ങൾ ആരായുന്നതിനും ഈ യോഗത്തിലൂടെ ശ്രമിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപോലെയുള്ള ചില കേന്ദ്രസഹായ പദ്ധതികളെ എങ്ങനെ പ്രയോജനപ്പെടുത്തണമെന്നും പരിമിതികൾ മറികടക്കാൻ സംയോജിത നീർത്തട പരിപാലന പരിപാടിയെ എങ്ങനെ ഉപയോഗിക്കാം എന്നും ഈ യോഗ ത്തിൽ ചർച്ച ചെയ്തു.സംയോജന മേഖലകൾ കൂടുതൽ വിശദമായി പദ്ധതി നിർവ്വ ഹണമെന്ന ഭാഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

### 1.7.8 സ്വാശ്രയ സംഘങ്ങളും ഉപയോക്തൃ സംഘങ്ങളും

പദ്ധതി നടത്തിപ്പിൽ പരിപൂർണ്ണ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനു വേണ്ട ജനകീയ സംവിധാനങ്ങളായ സ്വാശ്രയ സംഘങ്ങളും ഉപയോക്തൃസംഘങ്ങളും പദ്ധ തിയുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പരിപാടികളുടെ ഗുണഫലങ്ങൾ ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളെ ഉൾപ്പെടുത്തിയാണ് ഉപയോക്തൃ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

ഉപജീവനത്തിന് വേണ്ട ഉല്പാദന സമ്പ്രദായങ്ങൾ സ്വന്തമായില്ലാത്ത ഭൂരഹിതരോ പരിമിത ഭൂവുടമകളോ ആയവരുടെ സംരംഭങ്ങൾ പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്. ഒരു നീർത്തട സമൂഹത്തിന്റെ വലിയ പങ്കും ഇത്തരം പരിമിത ഭൂവുടുമകളുടെ കൈവശമാണെന്നതിനാലും, നീർത്തട പ്രദേശത്തെ പ്രകൃതി വിഭവങ്ങളുടെ ഉപയോഗത്തിലും സംരക്ഷണത്തിലും ഇവർക്ക് വളരെയേറെ കാര്യങ്ങൾ ചെയ്യാനുണ്ടെന്നതിനാലും നീർത്തട വികസന പരിപാടികളിൽ ഈ വിഭാഗത്തിന്റെ പങ്കാളിത്തം ഉറപ്പാക്കാത്ത പക്ഷം പദ്ധതി ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനാവില്ലെന്ന തിരിച്ചറിവ് മുൻ പദ്ധതികളിൽ നിന്നുണ്ടായതിന്റെ അടിസ്ഥാനത്തിലുമാണ് ജീവനോപാധി പ്രവർത്തനങ്ങൾ പദ്ധതിയിലുൾപ്പെട്ടത്. ഈ വിഹിതം ഉപയോഗപ്പെടുത്തി കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ രൂപപ്പെടുത്താൻ പരിമിത ഭൂരഹിത കുടുംബങ്ങളുടെ കൂട്ടായ്മയായ സ്വാശ്രയ സംഘങ്ങൾ അത്യന്താപേക്ഷികമാണ്.

**പട്ടിക. 1.4**

**സ്വാശ്രയ/ഉപയോക്തൃസംഘങ്ങളുടെ വിവരങ്ങൾ**

| ക്രമ നമ്പർ | നീർത്തടം | സ്വാശ്രയ സംഘങ്ങൾ | ഉപയോക്തൃസംഘങ്ങൾ |
|---|---|---|---|
| 1 | കടവൂർ | 141 | 11 |
| 2 | തൃപ്പെരുന്തുറ | 121 | 8 |
| 3 | കക്കാട് | 41 | 3 |

**1.7.9. കരട് പദ്ധതി രേഖ**

മാവേലിക്കര നീർത്തടത്തിലുൾപ്പെട്ട മൂന്ന് ചെറു നീർത്തടങ്ങളുടെയും ഭൂവിനിയോഗവും ജല ലഭ്യതയുമൊക്കെ വളരെ വ്യത്യസ്തമായിരുന്നു. അതുകൊണ്ട് ഇവയ്ക്കോരോന്നിനും തികച്ചും വ്യത്യസ്തമായ പദ്ധതികളാണ് ആസൂത്രണം ചെയ്യേണ്ടതായി വന്നത്. ഒറ്റപ്പെട്ട ചില പരിപാടികൾ എന്നതിലുപരി ഓരോ പ്രദേശത്തിന്റെയും പ്രശ്നങ്ങൾ മുൻഗണനകൾ ഇവ മനസ്സിലാക്കി അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളായി പദ്ധതിയിലെ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് പദ്ധതി രേഖ തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം തയ്യാറാക്കിയ കരട് രേഖ നീർത്തട സമൂഹത്തിൽ അവതരിപ്പിച്ച് അനിവാര്യമായ ഭേദഗതികൾ ഉൾക്കൊള്ളിക്കുന്നതിനും നീർത്തട സമൂഹത്തിന്റെ വിശദ പരിശോധനയ്ക്കുമായി ഗ്രാമസഭകളിൽ അവതരിപ്പിച്ചിട്ടുണ്ട്. കരട്

പദ്ധതി രേഖയിൽ ഭേദഗതികളോടെ പദ്ധതി രേഖയ്ക്ക് ഈ ഗ്രാമസഭകൾ അംഗീകാരം നൽകിയിട്ടുണ്ട്.

### 1.8. പ്രദേശത്ത് മുൻപ് നടപ്പിലാക്കിയിട്ടുള്ള ഇതര പദ്ധതികൾ

നീർത്തട അടിസ്ഥാനത്തിലുള്ള പദ്ധതികൾ ഒന്നും തന്നെ പ്രദേശത്ത് മുൻപ് നടപ്പിലായിട്ടില്ല. പദ്ധതി പ്രദേശത്തിന്റെ കിഴക്കേ അതിർത്തി മുൻകാലങ്ങളിൽ ദേശീയ നിർമറി വികസന പദ്ധതി (ചണഉജഞഅ) നടപ്പിലാക്കിയ പള്ളിക്കൽതോട് വാട്ടർഷെഡ് പദ്ധതിയുമായി അതിർത്തി പങ്കിടുന്നു. ഈ പദ്ധതി പത്താം പഞ്ചവത്സര പദ്ധതിക്കാലത്താണ് നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ വടക്ക് കിഴക്ക് ഭാഗങ്ങളിൽ സംയോജിത നീർത്തട പരിപാലന പരിപാടിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെട്ട ചെങ്ങന്നൂർ നീർത്തട പദ്ധതിയുമായും മാവേലിക്കര നീർത്തടം അതിർത്തി പങ്കിടുന്നുണ്ട്. പദ്ധതി പ്രദേശം ഓണാട്ടുകര, അപ്പർകുട്ടനാട് മേഖലകളിൽ ഉൾപ്പെടുന്നതാണ്. ഓണാട്ടുകര വികസന ഏജൻസിയുടെയും 13-ാം ധനകാര്യ കമ്മീഷന്റെയും സഹായത്തോടെയുള്ള പദ്ധതികളും കുട്ടനാട് പാക്കേജ് പദ്ധതിയുടെയും പ്രവർത്തനങ്ങൾ പ്രദേശത്ത് നടക്കുന്നുണ്ട്. മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് ജല സംഭരണികളുടെ പുനരുദ്ധാരണം, പരിസ്ഥിതി പുനരുജ്ജീവനം എന്നിവയ്ക്ക് വേണ്ടിയുള്ള പ്രവൃത്തികളും ഇവിടെ നടപ്പിലാക്കുന്നു. കുട്ടനാട് പാക്കേജ് പദ്ധതിയുടെ ഭാഗമായി നെൽകൃഷിയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം ചില പ്രദേശങ്ങളിൽ നടന്നിട്ടുണ്ട്. കൂടാതെ ഇതേ പദ്ധതിയിലൂടെ മൃഗസംരക്ഷണ വകുപ്പ് കറവ പശുക്കളേയും വിതരണം ചെയ്തിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് ചെന്നിത്തല 9,10 പാടശേഖരങ്ങളിൽ നബാർഡിന്റെ ധനസഹായത്തോടെയുള്ള രണ്ട് പദ്ധതികൾ നടപ്പിലാക്കുന്നു.

### 1.9. പദ്ധതി പ്രദേശം തിരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ

പദ്ധതി പ്രദേശം തിരഞ്ഞെടുക്കുന്നതിനുള്ള വിവിധ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ അനുശാസിക്കുന്നുണ്ട്. കുടിവെള്ളം ലഭിക്കുന്നതിലെ പ്രയാസങ്ങൾ, ഭൂഗർഭജല ചൂഷണത്തിന് വിധേയമായ സ്ഥലങ്ങൾ, തരിശ് ഭൂമികളുടെ സാന്നിദ്ധ്യം, മുൻപ് പദ്ധതി നടപ്പിലാക്കിയ പ്രദേശത്തോടുള്ള സാമീപ്യം, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ എണ്ണം തുടങ്ങിയ നിരവധി കാര്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് പദ്ധതി പ്രദേശത്തിന്റെ മുൻഗണന തീരുമാനിച്ചിട്ടുള്ളത്. ഇത് പട്ടിക 1.5 ൽ വ്യക്തമാക്കുന്നു.

**പട്ടിക 1.6**

**നീർത്തട പദ്ധതി പ്രദേശം തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| നമ്പർ | മാനദണ്ഡം | പരമാവധി മാർക്ക് | മാർക്ക് നൽകുന്നതിനുള്ള അളവു കോൽ | | | |
|---|---|---|---|---|---|---|
| 1 | ദാരിദ്ര്യരേഖ (ജനസംഖ്യയിലെ നിർദ്ധനർ) | 10 | 80% ന് മുകളിൽ (10) | 50-80% (7.5) | 20-50% (5) | 20 ശതമാനത്തിൽ താഴെ (2.5) |
| 2 | ജനസംഖ്യയിലെ പട്ടിക വർഗ്ഗ വിഭാഗങ്ങൾ (%) | 10 | 40% ന് മുകളിൽ (10) | 20-40% (5) | 20%താഴെ (3) | |
| 3 | യഥാർത്ഥ വേതനം | 5 | മിനിമം വേതനത്തെക്കാൾ കുറവ് (5) | മിനിമം വേതനത്തിന് തുല്യമോ കൂടുതലോ (0) | | |
| 4 | ചെറുകിട- നാമമാത്ര കർഷർ (%) | 10 | 80% മുകളിൽ (10) | 50-80% (5) | 50% താഴെ (3) | |
| 5 | ഭൂഗർഭ ജല നിലവാരം | 5 | അമിത ചൂഷണം (5) | അപകട നില (3) | കുറഞ്ഞ അപകട നില (2) | സുരക്ഷിതം (0) |
| 6 | മണ്ണിലെ ജലാംശം | 15 | -66.7 നെക്കാൾ താഴെ ഡി.ഡി.പി. ബ്ലോക്ക് (15) | -33.3 മുതൽ -66.6 (1) ഡി.പി.എ.പി ബ്ലോക്ക്(10) | 33.2 മുതൽ 0 വരെ (0) ഡി.ഡി.പി./ഡി.പി.എ.പി ബ്ലോക്ക് അല്ല(5) | |
| 7 | മഴയെ ആശ്രയിക്കുന്ന കൃഷി ഭൂമി | 15 | 90% മുകളിൽ (15) | 80-90% (10) | 70-80% (5) | 70% ൽ താഴെ (0) |
| 8 | കുടിവെള്ളം | 10 | സ്രോതസ്സില്ല (10) | കുടിവെള്ള പ്രശ്നം (7.5) | ഭാഗീകമായ ലഭ്യത (5) | പൂർണ്ണമായ ലഭ്യത (0) |
| 9 | ഭൂ ജീർണ്ണത | 15 | 20% മുകളിൽ (15) | 10-20%(10) | 10% താഴെ (5) | |
| 10 | ഭൂമിയുടെ ഉത്പാദന ക്ഷമത | 15 | ഉല്പാദനം കുറവാണെങ്കിലും വർദ്ധിപ്പിക്കാനാകും (15) | സാമാന്യം ഉല്പാദനമുണ്ട് എങ്കിലും വർദ്ധിപ്പിക്കാനാകും (10) | നല്ല ഉല്പാദന ക്ഷമത എങ്കിലും നേരിയ തോതിൽ വർദ്ധിപ്പിക്കാനാകും (5) | |
| 11 | മുൻപ് നടപ്പിലാക്കിയ പദ്ധതികളുമായിസാമീപ്യം | 10 | മുൻ പദ്ധതികൾക്ക് സമീപവും, ഇപ്പോഴുള്ള ചെറു നീർത്തടങ്ങൾ തുടർച്ചയായുള്ളതും (10) | പദ്ധതിയിൽ നിർദ്ദേശിക്കുന്ന നീർത്തടങ്ങൾ അടുത്താണ്. എന്നാൽ മുൻപ് ഏറ്റെടുത്ത പദ്ധതിയുടെ സമീപമല്ല. (5) | പദ്ധതിയിൽ നിർദ്ദേശിക്കുന്ന നീർത്തടങ്ങൾ തമ്മിലും മുൻപ് ഏറ്റെടുത്ത പദ്ധതിയുമായുംസാമീപ്യം ഇല്ല (0) | |
| 12 | നിരപ്പായ പ്രദേശങ്ങളിലെ ചെറുനീർത്തടങ്ങളുടെ തുടർച്ച | 15 | 6 ൽ കൂടുതൽ ചെറുനീർത്തടങ്ങൾ (15) | 4 മുതൽ 6 വരെ ചെറുനീർത്തടങ്ങൾ (10) | 2 മുതൽ 4 വരെ ചെറു നീർത്തടങ്ങൾ(5) | |
| 13 | കുന്നിൻ പ്രദേശങ്ങളിലെ ചെറുനീർത്തടങ്ങളിലെ തുടർച്ച | 15 | 5 ൽ കൂടുതൽ ചെറുനീർത്തടങ്ങൾ (15) | 3 മുതൽ 5 വരെ ചെറു നീർത്തടങ്ങൾ (10) | 2 മുതൽ 3 വരെ ചെറു നീർത്തടങ്ങൾ (5) | |

ഈ മുൻഗണാ മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്തെ എല്ലാ നീർത്തട പ്രദേശങ്ങളെയും അവയ്ക്ക് ലഭിച്ച സ്കോർ അനുസരിച്ച് ക്രമപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം മാർക്ക് നൽകിയപ്പോൾ മാവേലിക്കര നീർത്തടത്തിനു ലഭിച്ച സ്കോർ പട്ടിക 1.6 ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.7**

**മാവേലിക്കര നീർത്തടത്തിനുലഭിച്ച സ്കോർ**

| ക്രമ നമ്പർ | മാനദണ്ഡം | പരമാവധി സ്കോർ | പദ്ധതിക്കു നൽകിയ വെയിറ്റേജ് |
|---|---|---|---|
| 1 | ദാരിദ്ര്യസൂചകം (ജനസംഖ്യയിലെ നിർദ്ധനർ %) | 10 | 7.5 |
| 2 | ജനസംഖ്യയിലെ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം (%) | 10 | 3.0 |
| 3 | യഥാർത്ഥ കൂലി മിനിമം കൂലിയുമായി താരതമ്യപ്പെടുത്തുമ്പോൾ | 5 | 0 |
| 4 | ചെറുകിട നാമമാത്ര കർഷകർ (%) | 10 | 10 |
| 5 | ഭൂർഗർഭ ജല നിലവാരം | 5 | 2 |
| 6 | ഈർപ്പ നില സൂചകം | 15 | 0 |
| 7 | മഴയെ ആശ്രയിച്ച കൃഷിഭൂമി | 15 | 15 |
| 8 | കുടിവെള്ള ലഭ്യത | 10 | 7.5 |
| 9 | ഭൂ ജീർണ്ണത | 15 | 15 |
| 10 | ഉത്പാദന ക്ഷമത | 15 | 10 |
| 11 | മുൻപ് നീർത്തട പദ്ധതികൾ നടപ്പിലാക്കിയ പ്രദേശത്തോടുള്ള സാമീപ്യം | 10 | 10 |
| 12 | ചെറുനീർത്തടങ്ങളുടെ എണ്ണവും തുടർച്ചയും (സമതലങ്ങളിൽ) | 15 | 5 |
| 13 | നീർത്തടങ്ങളുടെ എണ്ണവും തുടർച്ചയും (മലമ്പ്രദേശങ്ങളിൽ) | 15 | 0 |
| | ആകെ | | 85 |

**ഭാഗം -2**

## മാവേലിക്കര നീർത്തടം- പൊതുവിവരങ്ങൾ

### 2.1. പൊതുവിവരങ്ങൾ

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ നാലാം ഘട്ടത്തിലെ പദ്ധതികളിൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പദ്ധതിയാണിത്. ആലപ്പുഴ ജില്ലയിലെ നാല് ബ്ലോക്ക് പഞ്ചായത്തുകളുടെ ഭാഗങ്ങളിലായി വ്യാപിച്ചിരിക്കുന്ന 7516.83 ഹെക്ടർ പ്രദേശത്തെ മുൻസിപ്പൽ പ്രദേശങ്ങൾ ഒഴികെയുള്ള, എട്ട് ഗ്രാമപഞ്ചായത്തുകളുടെ ഭാഗമായ 6305 ഹെക്ടർ പ്രദേശമാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ളത്.

കായംകുളം - മാവേലിക്കര - തിരുവല്ല സംസ്ഥാന പാത നീർത്തട പ്രദേശത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തിലൂടെ കടന്നുപോകുന്നു. കായംകുളം മുൻസിപ്പാലിറ്റി പ്രദേശവും, മാവേലിക്കര മുൻസിപ്പൽ പ്രദേശങ്ങളും പദ്ധതി പ്രദേശത്തിന്റെ അതിരുകളിൽ ഉൾപ്പെടുന്നു. പ്രദേശത്തിന് ഏറ്റവും അടുത്ത പട്ടണം കായംകുളം, മാവേലിക്കര എന്നിവയാണ്. ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷനുകളും ബസ്സ് സ്റ്റാന്റുകളും ഇവിടങ്ങളിൽ തന്നെയാണ്.

ഭൂപ്രകൃതി അനുസരിച്ച് കേരളത്തിനെ മലനാട്, ഇടനാട്, തീരദേശം എന്നിങ്ങനെ മൂന്നായി തരം തിരിച്ചിരിക്കുന്നതിൽ നീർത്തട പ്രദേശം മുഴുവനായും തീരദേശമേഖലയിൽ ഉൾപ്പെടുന്നു. ഓണാട്ടുകര, സതേൺ മിഡ്‌ലാന്റ് എന്നീ കാർഷിക - പരിസ്ഥിതി മേഖലകളിലുൾപ്പെടുന്ന പ്രദേശം താരതമ്യേന നിരന്ന താഴ്‌വര പ്രദേശങ്ങളാണ്. പ്രദേശത്തിന്റെ സമുദ്ര നിരപ്പിൽ നിന്നുള്ള പരമാവധി ഉയരം 10 മീറ്ററും കുറഞ്ഞ ഉയരം 2 മീറ്ററും ആണ്.

വടക്ക് വശം പമ്പയാറും, പടിഞ്ഞാറ് ഭാഗത്ത് കരിപ്പുഴതോടും, അച്ചൻകോവിലാറും, തെക്കുവശത്ത് മലയൻതോടും അതിർത്തിയായ ഒരു ഉപദ്വീപായി നീർത്തട പ്രദേശത്തെ കണക്കാക്കാം. കിഴക്ക് ഭാഗത്ത് മാവേലിക്കര മുൻസിപ്പാലിറ്റിയുടെയും ബുധനൂർ പഞ്ചായത്തിന്റെ ഭാഗങ്ങളും അതിർത്തിയായി വരുന്നു. അച്ചൻകോവിലാറിന്റെ (കോഡ് 9എ) വൃഷ്ടി പ്രദേശമായ ഈ ഉപനീർത്തടത്തെ മൂന്ന് ചെറു നീർത്തടങ്ങളായി വിഭജിച്ചിരിക്കുന്നു.

**പട്ടിക 2.1**

**പദ്ധതി പ്രദേശത്തെ ചെറുനീർത്തടങ്ങൾ**

| നമ്പർ | നീർത്തടം | കോഡ് | വിസ്തൃതി (ഹെക്ടർ) |
|---|---|---|---|
| 1. | തൃപ്പെരുന്തുറ | 9A5a | 2927 |
| 2. | കക്കാട് | 9A6a | 719 |
| 3. | കടവൂർ | 9A46a | 2659 |
| | ആകെ | | 6305 |

ഉത്തര അക്ഷാംശം $9^0$ 8'26'' നും $9^0$ 17'38'' നും പൂർവ്വ രേഖാംശം $76^0$ 27' 51'' നും $76^0$ 33'46'' നും ഇടയിലാണ് നീർത്തട പ്രദേശത്തിന്റെ സ്ഥാനം. ഏറ്റവും ചെറിയ കക്കാട് നീർത്തടത്തിൽ മൂന്ന് പഞ്ചായത്തുകളുടെ ഭാഗങ്ങളും, വിസ്തൃതി കൂടിയ തൃപ്പെരുന്തുറ നീർത്തടത്തിൽ നാല് ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങളും ഉൾപ്പെടുന്നു.



**പട്ടിക 2.2**

**നീർത്തട പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**

| നം | നീർത്തടങ്ങളും കോഡും | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|
| 1 | തൃപ്പെരുന്തുറ (9 A5 a) | മാവേലിക്കര | ചെന്നിത്തല-തൃപ്പെരുന്തുറ | 1494 |
| | | | മാന്നാർ | 524 |
| | | ഹരിപ്പാട് | പള്ളിപ്പാട് | 337 |
| | | | വീയ്യപുരം | 572 |
| 2 | കക്കാട് (9 A 6 a) | മാവേലിക്കര | ചെന്നിത്തല-തൃപ്പെരുന്തുറ | 280 |
| | | | മാന്നാർ | 110 |
| | | ചെങ്ങന്നൂർ | ബുധനൂർ | 329 |
| 3 | കടവൂർ (9 A 46 a) | മാവേലിക്കര | ചെട്ടികുളങ്ങര | 1973 |
| | | മുതുകുളം | പത്തിയൂർ | 646 |
| | | | കൃഷ്ണപുരം | 36 |
| | | ഹരിപ്പാട് | പള്ളിപ്പാട് | 4 |

ആലപ്പുഴ ജില്ലയിലെ പതിനൊന്ന് വില്ലേജുകളുടെ ഭാഗങ്ങൾ ഉൾപ്പെടുന്ന പദ്ധതി പ്രദേശത്തിൽ വിവിധ ഗ്രാമപഞ്ചായത്ത് വാർഡുകൾ പൂർണ്ണമായോ ഭാഗികമായോ ഉൾപ്പെടുന്നുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക 2.3 ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.3**

**പദ്ധതി പ്രദേശത്തെ ഗ്രാമപഞ്ചായത്ത് വാർഡുകളും, വില്ലേജുകളും**

| നീർത്തടം | പഞ്ചായത്ത് | പൂർണ്ണമായി ഉൾപ്പെടുന്ന വാർഡുകൾ | ഭാഗീകമായി ഉൾപ്പെടുന്ന വാർഡുകൾ | വില്ലേജുകൾ | പ്രധാന വില്ലേജ് |
|---|---|---|---|---|---|
| തൃപ്പെരുന്തുറ (9അ5മ) | ചെന്നിത്തല-തൃപ്പെരുന്തുറ | 1,2,12,14,15,16,17,18 | 9,11,13 | തൃപ്പെരുന്തുറ ചെന്നിത്തല വീയ്യപുരം കുരട്ടിശ്ശേരി പള്ളിപ്പാട് | തൃപ്പെരുന്തുറ |
| | മാന്നാർ | | 1,2,3,4,18 | | |
| | പള്ളിപ്പാട് | | 5,6 | | |
| | വീയ്യപുരം | 4,5 | 3 | | |
| കക്കാട് (9അ 6മ) | ബുധനൂർ | 9,10,11, | 7,8 | ചെന്നിത്തല മാന്നാർ എണ്ണക്കാട് | എണ്ണക്കാട് |
| | ചെന്നിത്തല-തൃപ്പെരുന്തുറ | 7,8,10 | 6,9,11 | | |
| | മാന്നാർ | 14 | 13 | | |
| കടവൂർ (9അ 46മ) | ചെട്ടിക്കുളങ്ങര | 1,2,3,4,5,6,7,8,13,14,15,16,17,18,19,20,21 | 11,12 | കണ്ണമംഗലം പെരിങ്ങാല പത്തിയൂർ കൃഷ്ണപുരം പള്ളിപ്പാട് | കണ്ണമംഗലം |
| | പത്തിയൂർ | 7,8,9,10,11 | - | | |
| | കൃഷ്ണപുരം | | 12,15 | | |
| | പള്ളിപ്പാട് | | 6 | | |

പദ്ധതി പ്രദേശം സംബന്ധിച്ച സംക്ഷിപ്ത വിവരങ്ങൾ പട്ടിക 2.4 ൽ കൊടുത്തിരിക്കുന്നു.

നീർത്തട പ്രദേശത്തെ പ്രധാന ഉല്പാദന സമ്പ്രദായം കൃഷി തന്നെയാണ്. താഴ്ന്ന പ്രദേശങ്ങളിൽ നെല്ലും, ഇതര മേഖലകളിൽ തെങ്ങ് അടിസ്ഥാനമാക്കിയും ഉള്ള കൃഷി സമ്പ്രദായമാണ് നിലവിലുള്ളത്. തൃപ്പെരുന്തുറ നീർത്തടത്തിൽ മൂന്നാം വിളയായി മാത്രം നെൽകൃഷി ചെയ്യുമ്പോൾ, കടവൂർ നീർത്തട പ്രദേശത്ത് ഇരിപ്പൂ കൃഷിക്കും, പുഞ്ചകൃഷിക്കും സാധ്യതയുള്ള നെൽപാടങ്ങളാണ് നിലവിലുള്ളത്.

**പട്ടിക 2.4**

**മാവേലിക്കര നീർത്തടം പൊതു വിവരങ്ങൾ**

| | |
|---|---|
| പദ്ധതി | ഐ.ഡബ്ല്യു. എം.പി. IV/2013/14, മാവേലിക്കര |
| സംസ്ഥാനം | കേരളം |
| ജില്ല | ആലപ്പുഴ |
| താലൂക്ക് | മാവേലിക്കര, ചെങ്ങന്നൂർ, കാർത്തികപ്പള്ളി |
| ബ്ലോക്ക് | മാവേലിക്കര, ചെങ്ങന്നൂർ, ഹരിപ്പാട്, മുതുകുളം |
| പഞ്ചായത്തുകൾ | കൃഷ്ണപുരം, ചെട്ടികുളങ്ങര, പത്തിയൂർ, പള്ളിപ്പാട്, ചെന്നിത്തല-തൃപ്പെരുന്തുറ, മാന്നാർ, വിയ്യപുരം, ബുധനൂർ |
| വില്ലേജുകൾ | കൃഷ്ണപുരം, പത്തിയൂർ, കണ്ണമംഗലം, പെരിങ്ങാല, പള്ളിപ്പാട്, വീയ്യപുരം,ചെന്നിത്തല, തൃപ്പെരുന്തുറ, മാന്നാർ, എണ്ണക്കാട്, കുരട്ടിശ്ശേരി |
| പദ്ധതി പ്രദേശത്തിന്റെ മൊത്തം ഭൂവിസ്തൃതി | 7516.33 ഹെക്ടർ |
| പദ്ധതി നടപ്പിലാക്കുന്ന പ്രദേശ വിസ്തൃതി | 6305.00 ഹെക്ടർ |
| പ്രധാന നഗരങ്ങൾ | കായംകുളം, മാവേലിക്കര |
| പ്രധാന റോഡ് | കായംകുളം- മാവേലിക്കര-തിരുവല്ല സംസ്ഥാന പാത |
| ജനസംഖ്യ | 81980 |
| ഉപജീവന മാർഗ്ഗങ്ങൾ | കൃഷി, മൃഗപരിപാലനം, സേവന മേഖല, മത്സ്യകൃഷി, ചെറുകിട സംരംഭങ്ങൾ |
| പ്രധാന വിളകൾ | നെല്ല്, തെങ്ങ്, എള്ള്, കിഴങ്ങ് വർഗ്ഗ വിളകൾ, വാഴ |
| പദ്ധതി അടങ്കൽ | 7,56,60,000/- രൂപ |
| പദ്ധതി നിർവ്വഹണ ഏജൻസി | മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്, മാവേലിക്കര, ആലപ്പുഴ ജില്ല |
| ചെറുനീർത്തടങ്ങൾ | 1. തൃപ്പെരുന്തറ (9A5a)<br>2. കക്കാട് (9A6a)<br>3. കടവൂർ (9A46a) |

പദ്ധതി പ്രദേശത്തിന്റെ അതിർത്തികൾ ഇനിപറയും പ്രകാരമാണ്

വടക്ക് : തുരുത്തേൽ പാലം മുതൽ വള്ളക്കാലിപ്പാലം വരെയുള്ള പമ്പയാറിന്റെ ഭാഗവും തുടർന്ന് വള്ളക്കാലി മുതൽ മൂർത്തിട്ട വരെയുള്ള ബണ്ട്റോഡും

തെക്ക് : കൃഷ്ണപുരം പഞ്ചായത്തിലെ മലയൻ തോട്

കിഴക്ക് : കാങ്കാലിമുക്ക്- കൊയ്പ്പള്ളി കാരാഴ്മ-കോയിക്കൽ ജംഗ്ഷൻ റോഡ്, മൂർത്തിട്ട- എരമത്തൂർ- ചെന്നിത്തല പഞ്ചായത്ത് ഓഫീസ് ജംഗ്ഷൻ റോഡ്

പടിഞ്ഞാറ് : എരുവാപ്പാലം മുതൽ കുത്തുകുഴി വരെയുള്ള കരിപ്പുഴതോടിന്റെ ഭാഗവും അച്ചൻകോവിലാറിന്റെ ആഞ്ഞിലിമൂട്ടിൽ പാലം മുതൽ തുരുത്തേൽ പാലംവരെയുള്ള ഭാഗവും.

അച്ചൻ കോവിലാറിന്റെ അവസാന ഭാഗമായി കാണപ്പെടുന്ന പ്രദേശങ്ങളാകയാൽ തന്നെ വെള്ളപ്പൊക്കം, മഴവെള്ളക്കെടുതികൾ എന്നിവ പ്രദേശത്തിന്റെ പ്രധാന പ്രശ്നങ്ങളാണ്. കൂടാതെ വൻതോതിലുള്ള നിലം നികത്തൽ, മണ്ണെടുപ്പ് (ചെളി) എന്നിവ മൂലമുള്ള ഭൂവിഭവശോഷണത്തിന് വിധേയമായ പ്രദേശങ്ങൾ പദ്ധതി പ്രദേശത്തുണ്ട്.

പദ്ധതി പ്രദേശം താരതമ്യേന നിരന്ന താഴ്‌വര പ്രദേശങ്ങളായതുകൊണ്ട് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുക ഒരു ഹെക്ടറിന് 12000/- രൂപ മാത്രമാണ്. ഇങ്ങനെ കണക്കാക്കിയാൽ ആകെയുള്ള പദ്ധതി അടങ്കൽ തുക 756.60 ലക്ഷമാണെന്ന് കാണാം. ഈ തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക 2.5 ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.5**
**പദ്ധതി അടങ്കലിന്റെ വിനിയോഗം**

| നമ്പർ | ചിലവിനം | വിഹിതം (ശതമാനത്തിൽ) | തുക (രൂപയിൽ) |
|---|---|---|---|
| 1 | ഭരണച്ചിലവുകൾ | 10 | 75,66,000 |
| 2 | മേൽനോട്ടം | 1 | 7,56,600 |
| 3 | വിലയിരുത്തൽ | 1 | 7,56,600 |
| 4 | വിളംബര പ്രവർത്തികൾ (Entry Point Activities) | 4 | 30,26,400 |
| 5 | സ്ഥാപനവൽകരണം, പ്രാപ്തി വികസനം | 5 | 37,83,000 |
| 6 | വിശദമായ പദ്ധതി രേഖ | 1 | 7,56,600 |
| 7 | നീർത്തട വികസന പ്രവർത്തനങ്ങൾ | 56 | 4,23,69,600 |
| 8 | ഉല്പാദന മേഖലാ സംരഭങ്ങൾ | 10 | 75,66,000 |
| 9 | ജീവനോപാധികൾ | 9 | 68,09,400 |
| 10 | തുടർ പ്രവർത്തനങ്ങൾ | 3 | 22,69,800 |
| | **ആകെ** | **100** | **7,56,60,000** |

മേൽപറഞ്ഞവയിൽ നിന്നും 7,8,9 ഇനങ്ങളിലായി വകയിരുത്തിയ 5,67,45000/- രൂപ (5.67 കോടി) നേരിട്ട് നീർത്തട പ്രദേശത്തെ ജനങ്ങളിലേയ്ക്കെത്തുന്നു. കൂടാതെ 4,5 ഇനങ്ങളിൽ വകയിരിത്തിയിരിക്കുന്ന 68.09 ലക്ഷം രൂപയും പ്രാപ്തി വികസനത്തിനും, വിളംബര പ്രവർത്തികളുടെ പൂർത്തീകരണത്തിനുമായി പ്രാദേശിക ജനസമൂഹത്തിന് നേരിട്ട് ലഭ്യമാക്കുന്നതാണ്.

## 2.2. കാലാവസ്ഥ

പദ്ധതി പ്രദേശത്ത് ആർദ്ര ഉഷ്ണമേഖലാ കാലാവസ്ഥയാണ് അനുഭവപ്പെടുന്നത് (Humid Tropical Climate) സംസ്ഥാനത്തിന്റെ ഇതര പ്രദേശങ്ങളിലെന്നപോലെ മാർച്ച് മുതൽ മെയ്മാസം വരെ ഉയർന്ന ചൂടും ജൂൺ മുതൽ നവംബർ വരെ വർഷക്കാലവും അനുഭവപ്പെടുന്നു. 2005 മുതൽ 2014 വരെ ലഭിച്ച വാർഷിക വർഷപാതത്തിന്റെ കണക്ക് ഓണാട്ടുകര മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും ശേഖരിച്ചതിൽ നിന്നും പ്രദേശത്തിന്റെ ശരാശരി വാർഷിക വർഷപാതം 2576.20 മില്ലിമീറ്റർ ആണെന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാലയളവിൽ ലഭിച്ച വാർഷിക വർഷപാതത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും അപൂർവ്വം ചില വർഷങ്ങളിൽ ഒഴികെ ഏതാണ്ട്, എല്ലാ മാസങ്ങളിലും അല്പമെങ്കിലും മഴ പ്രദേശത്ത് ലഭിക്കുന്നുണ്ട് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പ്രദേശത്ത് കഴിഞ്ഞ പത്തുവർഷക്കാലമായി ലഭിച്ച മഴയുടെ അളവ് സംബന്ധിച്ച് വിവരം പട്ടിക 2.7 ൽ നല്കിയിരിക്കുന്നു.

മഴയുടെ ഏറിയ പങ്കും ലഭിക്കുന്നത് ജൂൺ മുതൽ ആഗസ്റ്റ് വരെ നീണ്ടുനിൽക്കുന്ന തെക്കുപടിഞ്ഞാറൻ മൺസൂൺ അഥവാ ഇടവപ്പാതിയിൽ നിന്നുമാണ് മഴയെ സംബന്ധിച്ചിടത്തോളം എടുത്തുപറയേണ്ട മറ്റൊരു വസ്തുത പ്രദേശത്ത് ലഭിക്കുന്ന മഴദിനങ്ങളാണ്. 2014 വർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ വർഷത്തിൽ 147 ദിവസത്തോളം അല്പമെങ്കിലും മഴ പ്രദേശത്ത് ലഭിച്ചിട്ടുണ്ട് എന്ന് കാണുന്നു.

**പട്ടിക 2.6**
**2014 ലെ മഴദിനങ്ങൾ സംബന്ധിച്ച വിവരങ്ങൾ**

| മാസം | ലഭിച്ച മഴ(മില്ലിമീറ്റർ) | മഴ ലഭിച്ചദിവസങ്ങൾ |
|---|---|---|
| ജനുവരി | 0 | 0 |
| ഫെബ്രുവരി | 15.40 | 2 |
| മാർച്ച് | 25.20 | 2 |
| ഏപ്രിൽ | 86.00 | 8 |
| മേയ് | 279.00 | 14 |
| ജൂൺ | 373.70 | 24 |
| ജൂലൈ | 330.40 | 24 |
| ആഗസ്റ്റ് | 665.40 | 23 |
| സെപ്തംബർ | 233.60 | 16 |
| ഒക്ടോബർ | 382.00 | 18 |
| നവംബർ | 68.80 | 10 |
| ഡിസംബർ | 23.60 | 6 |
| ആകെ | 2487.10 | 147 |

(അവലംബം: ഓണാട്ടുകര മേഖലാ കാർഷിക ഗവേഷണ കേന്ദ്രം)

പട്ടിക2.7

വാർഷിക വർഷപാതം (മില്ലീമീറ്റർ)

| മാസം | 2005 | 2006 | 2007 | 2008 | 2009 | 2010 | 2011 | 2012 | 2013 | 2014 |
|---|---|---|---|---|---|---|---|---|---|---|
| ജനുവരി | 38.0 | 9.4 | 0 | 0 | 0 | 1.40 | 41.8 | 88 | 52.6 | 0 |
| ഫെബ്രുവരി | 7.4 | 0 | 25 | 101.6 | 0 | 0.00 | 66.60 | 14.60 | 47.8 | 15.40 |
| മാർച്ച് | 12.00 | 57 | 9 | 142.4 | 37.0 | 180.60 | 68.20 | 33.70 | 20.80 | 25.20 |
| ഏപ്രിൽ | 174.90 | 138.4 | 185.5 | 203.8 | 135.80 | 107.00 | 126.30 | 99.00 | 37.10 | 86.00 |
| മേയ് | 147.00 | 421.4 | 353.1 | 60.0 | 198.20 | 397.80 | 336.30 | 271.90 | 116.2 | 279.00 |
| ജൂൺ | 410.7 | 517 | 670.8 | 329.8 | 464.10 | 468.09 | 444.00 | 176.70 | 839.00 | 373.7 |
| ജൂലൈ | 421.10 | 365.2 | 718.2 | 625.2 | 414.20 | 438.5 | 363.50 | 256.0 | 581.9 | 330.40 |
| ആഗസ്റ്റ് | 74.6 | 313 | 456.2 | 149.8 | 107.10 | 173.80 | 234.00 | 431.10 | 191.90 | 665.40 |
| സെപ്തംബർ | 306.8 | 419 | 376.9 | 194.4 | 282.0 | 186.80 | 350.70 | 167.0 | 339.40 | 237.60 |
| ഒക്ടോബർ | 360.8 | 594.8 | 370.2 | 318.7 | 249.40 | 681.80 | 159.60 | 118.7 | 116.90 | 382.00 |
| നവംബർ | 156.4 | 411 | 207.2 | 92.6 | 365.60 | 385.20 | 124.80 | 59.2 | 184.90 | 68.8 |
| ഡിസംബർ | 114 | 2.4 | 6 | 45.6 | 53.20 | 50.10 | 212.40 | 4.0 | 7.30 | 23.6 |
| ആകെ | 2223.7 | 3247.8 | 3378.1 | 2264.2 | 2306.6 | 3071.1 | 2528.2 | 1719.9 | 2534.9 | 2487.1 |

(അവലംബം : ഓണാട്ടുകര മേഖല കാർഷിക ഗവേഷണ കേന്ദ്രം)

താപനില ഏറ്റവും ഉയർന്ന് കാണപ്പെടുന്നത് മാർച്ച് -ഏപ്രിൽ മാസങ്ങളിലാണ്. ഏറ്റവും കുറഞ്ഞ താപനില ഡിസംബർ - ജനുവരി മാസങ്ങളിൽ രേഖപ്പെടുത്തുന്നു. താപനില സംബന്ധിച്ച വിവരങ്ങൾ പട്ടിക 2.9 ൽ ലഭ്യമാണ്.

അന്തരീക്ഷ ആർദ്രത ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയത് ജൂൺ മാസത്തിലും ഏറ്റവും കുറവ് രേഖപ്പെടുത്തിയത് മാർച്ച് മാസത്തിലുമാണ്. അന്തരീക്ഷ ആർദ്രത സംബന്ധിച്ച് 2014 വർഷത്തെ വിശദാംശങ്ങൾ പട്ടിക 2.8 ൽ നൽകിയിരിക്കുന്നു.

പട്ടിക 2.8

ആപേക്ഷിക ആർദ്രത (2014)

| മാസം | അന്തരീക്ഷ ആർദ്രത (%) | |
|---|---|---|
| | രാവിലെ | വൈകുന്നേരം |
| ജനുവരി | 70 | 61 |
| ഫെബ്രുവരി | 77 | 61 |
| മാർച്ച് | 72 | 58 |
| ഏപ്രിൽ | 86 | 76 |
| മേയ് | 86 | 73 |
| ജൂൺ | 93 | 79 |
| ജൂലൈ | 92 | 79 |
| ആഗസ്റ്റ് | 85 | 85 |
| സെപ്തംബർ | 86 | 79 |
| ഒക്ടോബർ | 92 | 86 |
| നവംബർ | 92 | 79 |
| ഡിസംബർ | 85 | 73 |

(അവലംബം: ഓണാട്ടുകര മേഖലാ കാർഷിക ഗവേഷണ കേന്ദ്രം)

പട്ടിക 2.9

അന്തരീക്ഷ ഊഷ്മാവ് ഡിഗ്രി സെൽഷ്യസിൽ

| മാസം | 2005 | | 2006 | | 2007 | | 2008 | | 2009 | | 2010 | | 2011 | | 2012 | | 2013 | | 2014 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Max. | Min. | Max. | Min. | Max. | Min. | Max. | Min. | Max. | Min. | Max. | Min. | Max. | Min. | Max. | Min. | Max. | Min. | Max. | Min. |
| ജനു. | 31.4 | 22.3 | 31.3 | 22.7 | 32.8 | 20.8 | 31.7 | 21.0 | 31.9 | 20.7 | 31.9 | 22.9 | 31.6 | 22.2 | 31.5 | 21.6 | 32.5 | 22.1 | 33.3 | 21.7 |
| ഫെ. | 32.3 | 23.2 | 31.7 | 22.7 | 32.0 | 21.4 | 30.3 | 22.6 | 32.1 | 22.2 | 32.3 | 24.1 | 32.3 | 22.0 | 32.2 | 22.4 | 32.3 | 22.1 | 33.5 | 22.3 |
| മാർച്ച് | 33.3 | 24.8 | 32.1 | 25.0 | 32.8 | 24.4 | 31.5 | 24 | 32.5 | 24.4 | 33.8 | 24.9 | 33.4 | 24.1 | 31.8 | 24.6 | 33.1 | 24.5 | 33.4 | 23.7 |
| ഏപ്രിൽ | 32.7 | 24.7 | 32.1 | 25.6 | 33.4 | 25.1 | 32.1 | 25.3 | 32.5 | 25.3 | 33.8 | 25.2 | 33.2 | 24.2 | 32.2 | 24.9 | 32.9 | 26.0 | 33.2 | 24.5 |
| മേയ് | 32.7 | 25.7 | 31.5 | 25.3 | 32.1 | 25.8 | 32.2 | 25.5 | 31.5 | 25.4 | 32.2 | 25.4 | 32.7 | 25.0 | 31.4 | 25.2 | 31.9 | 25.9 | 32.1 | 24.6 |
| ജൂൺ | 30.2 | 24.5 | 30.4 | 25.3 | 29.8 | 25.1 | 30.2 | 25.1 | 29.9 | 24.9 | 30.0 | 24.8 | 29.6 | 24.6 | 30.1 | 26.9 | 27.9 | 24.0 | 31.1 | 24.6 |
| ജൂലൈ | 29.6 | 24.5 | 29.4 | 25.0 | 28.4 | 25.0 | 28.9 | 24.5 | 28.9 | 24.7 | 29.1 | 24.2 | 29.6 | 24.0 | 29.4 | 24.3 | 28.2 | 23.8 | 29.3 | 23.7 |
| ആഗസ്റ്റ് | 30.4 | 24.8 | 29.9 | 24.6 | 29.5 | 24.9 | 29.7 | 24.4 | 29.7 | 24.8 | 27.4 | 23.6 | 28.9 | 24.0 | 29.1 | 24.1 | 28.8 | 24.1 | 28.8 | 24.0 |
| സെപ | 29.3 | 24.5 | 29.6 | 24.1 | 28.6 | 25.1 | 29.9 | 24.5 | 29.5 | 24.8 | 30.1 | 24.8 | 29.3 | 24.4 | 29.7 | 24.5 | 29.3 | 24.0 | 29.7 | 24.0 |
| ഒക്ടോ. | 30.19 | 24.3 | 30 | 24.1 | 29.5 | 24.9 | 29.9 | 24.6 | 30.4 | 24.7 | 29.1 | 24.3 | 31.2 | 24.7 | 31.0 | 23.7 | 30.3 | 23.9 | 30.8 | 24.3 |
| നവം. | 30.1 | 24.4 | 30.5 | 23.9 | 30.5 | 24.4 | 30.0 | 24.7 | 30.1 | 24.1 | 28.3 | 24.1 | 31.1 | 23.5 | 31.6 | 23.7 | 31.2 | 23.9 | 30.6 | 23.6 |
| ഡിസം. | 30.1 | 23.4 | 32.5 | 21.5 | 31.1 | 22.0 | 31.7 | 23.0 | 31.5 | 23.6 | 30.1 | 23.1 | 31.6 | 23.0 | 32.4 | 22.7 | 32.1 | 22.5 | 31.1 | 23.3 |

(അവലംബം: ഓണാട്ടുകര മേഖലാ കാർഷിക ഗവേഷണകേന്ദ്രം)

### 2.3 ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് കേരളത്തെ മലനാട്, ഇടനാട്, തീരദേശം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നതിൽ തീരദേശ മേഖലയിലാണ് പദ്ധതി പ്രദേശം ഉൾപ്പെടുന്നത്. താരതമ്യേന നിരന്ന ഭൂപ്രകൃതിയുള്ള പ്രദേശമായി പദ്ധതി പ്രദേശത്തെ കണക്കാക്കാം പൊതുവിൽ പടിഞ്ഞാറ് ദിക്കിലേയ്ക്കുള്ള വളരെ ചെറിയ ചരിവ് ചില പ്രദേശങ്ങളിൽ കാണുന്നുണ്ട്. തീരദേശ മേഖലയായതുകൊണ്ടും, നദികളുടെ അവസാനത്തിലായതുകൊണ്ടും വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ ധാരാളമായി കാണുന്നുണ്ട്. ധാരാളമുള്ള ജലാശയങ്ങൾ മത്സ്യ കൃഷിക്ക് ഉപയുക്തമാക്കാവുന്നതാണ്. ചരിവിനനുസരിച്ച് പദ്ധതി പ്രദേശത്തെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച വിവരങ്ങൾ പട്ടിക 2.10 ൽ ചേർത്തിരിക്കുന്നു.



പട്ടിക 2.10

മാവേലിക്കര നീർത്തടം ചരിവ്

| നം. | ചരിവ് | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | താരതമ്യേന നിരന്ന പ്രദേശം (0-1%) | 3052 | 48.41 |
| 2 | വളരെ ചെറിയ ചരിവ് (1-3%) | 2530 | 40.13 |
| 3 | ചെറിയ ചരിവ് (3-5%) | 342 | 05.42 |
| 4 | മറ്റുള്ളവ | 381 | 06.04 |
| | ആകെ | 6305 | 100 |

ജലാശയങ്ങൾ തനത് ഭൂപ്രകൃതിയിൽ മാറ്റം വരുത്തിയ പ്രദേശങ്ങൾ എന്നിവ യെയായാണ് മറ്റുള്ളവ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പ്രദേശത്തിന്റെ ഏകദേശം 87% ത്തോളം താരതമ്യേന നിരന്നതോ വളരെ ചെറിയ ചരിവോ ഉള്ള പ്രദേശങ്ങളാണ്.

### 2.4. മണ്ണ്

ഓണാട്ടുകര വിഭാഗത്തിൽപ്പെടുന്ന മണ്ണാണ് പ്രദേശത്ത് ഏറ്റവും കൂടുതലായി കാണപ്പെടുന്നത്. ഈ മണ്ണിന് ചാരനിറമാണ്. വളരെ പണ്ട് കാലത്തെന്നോ കടൽ ഉൾനാട്ടിലെ കുന്നിൻനിരത്തുകളോളം കടന്നു കയറിയകാലത്ത് നിക്ഷേപിക്കപ്പെട്ടവയാണ് ഓണാട്ടുകര മണ്ണ് എന്ന് അനുമാനിക്കുന്നു. മണൽ കൂടുതലുള്ള രചനയാണ് പൊതുവെ ഈ മണ്ണിനുള്ളത്. പ്രരൂപവികാസം മുഴുവനായിട്ടില്ല. ഭൂഗർഭ ജലനിരപ്പ് മിക്കവാറും ഉയർന്ന് കാണുന്നതിനാൽ നീർവാർച്ച പ്രശ്നമാകാറുണ്ട്. അമ്ലീയമായ ഈ മണ്ണിൽ മിക്കപോഷക മൂലകങ്ങളുടെയും അഭാവം ഉണ്ട്.

### 2.4.1 മണ്ണ് ശ്രേണി (Soil Series)

സസ്യവർഗ്ഗീകരണ തത്വങ്ങളുടെ മാതൃകയിലാണ് മണ്ണ് വർഗ്ഗീകരണ തത്വങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രകാരം ലോകത്തെ മണ്ണിനങ്ങളെയാകെ 12 ഗണങ്ങളിൽ (്യൃറല്യ)ഉൾപ്പെടുത്തിയിരിക്കുന്നു. ഇവയ്ക്ക് താഴെ ഉപഗണം (ടൗയ്യൃറല്യ) മഹാ മൺതരം (ഏൃലമ േഴീൗു), ഉപ മൺതരം (ടൗയ ഴീൗു) കുലം (എമാശഹ്യ) ശ്രേണി എന്നിങ്ങനെയാണ് മണ്ണിനെ വർഗ്ഗീകരിച്ചിരിക്കുന്നത്. ഇങ്ങനെ വർഗ്ഗീകരിച്ചിരിക്കുന്നതിൽ 11 വ്യത്യസ്ത ശ്രേണികളിൽപ്പട്ട മണ്ണിനങ്ങൾ പദ്ധതി പ്രദേശങ്ങളിളുള്ളതായിക്കാണുന്നു.

പട്ടിക 2.11

മണ്ണ് ശ്രേണികൾ

| നം. | ശ്രേണി | വിസ്തൃതി (ഹെക്ടർ) | ശത മാനം |
|---|---|---|---|
| 1 | അയിരൂർ | 21 | 0.33 |
| 2 | ചമ്പക്കുളം | 1731 | 27.45 |
| 3 | ചെറുകോൽ | 536 | 8.50 |
| 4 | എടത്വാ | 10 | 0.16 |
| 5 | കണ്ണമംഗലം | 68 | 1.08 |
| 6 | മാന്നാർ | 2182 | 34.61 |
| 7 | മുതൂർ | 115 | 1.82 |
| 8 | പള്ളിപ്പാട് | 83 | 1.32 |
| 9 | രാമങ്കരി | 449 | 7.12 |
| 10 | തെക്കേക്കര | 315 | 5.00 |
| 11 | വെട്ടിക്കോട് | 414 | 6.57 |
| | മറ്റുള്ളവ (പലവക) | 381 | 6.04 |
| | ആകെ | 6305 | 100 |

പ്രദേശത്തിന്റെ മുപ്പത്തിയഞ്ച് ശതമാനത്തോളം ഭാഗത്ത് മാന്നാർ ശ്രേണിയിൽപ്പെട്ട മണ്ണും 27% പ്രദേശത്ത് ചമ്പക്കുളം ശ്രേണിയിൽപ്പെട്ട മണ്ണും കാണപ്പെടുന്നു. മറ്റു പ്രദേശങ്ങളിൽ നിന്നും കൊണ്ട് വന്ന് നികത്തലിനുപയോഗിച്ചിട്ടുള്ള സ്ഥലങ്ങളെയാണ് മറ്റുള്ളവ (പലവക) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ മണ്ണ് ശ്രേണിയേയും പറ്റിയുള്ള വിവരണം പട്ടിക 2.12 ൽ നല്കിയിരിക്കുന്നു.

**പട്ടിക 2.12**

**മണ്ണ് ശ്രേണിയുടെ വിവരണം**

| No | Series | Description |
|---|---|---|
| 1 | Ayroor Series | Ayroor soils are developed on riverine alluvium and occur on gently sloping river banks. They are very deep and have brown to dark brown, sandy loam to sandy clay loam surface soil over yellowish red to dark reddish brown, sandy clay loam to clay subsoil. These soils have poor drainage with moderately slow permeability and are cultivated with coconut, arecanut and banana. |
| 2 | Champakulam series | Champakulam soils are very deep and have black to very dark grey, clay loam to clay surface soils and dark grey to black, silty clay to clay sub soils. Few tubular or needle shaped iron concretions, wood debris and sand pockets are noticed in the subsoil. Soils are poorly drained with slow permeability. These soils are extensively cultivated with paddy. |

| | | |
|---|---|---|
| 3 | Cherukol series | Cherukol soils are alluvial soils of fluvial origin and occur on broad valleys of coastal plains. These soils have very deep, dark greyish brown to brown, loamy sand to sandy loam surface soil over yellowish brown to light yellowish brown, sand to sandy loam subsoil. Cherukole soils have impeded drainage with moderately slow permeability and are cultivated with paddy and sesamum to a minor extent. |
| 4 | Edathua series | Edathua soils are very deep and have very dark grey to strong brown, silty clay loam to clay surface soil and grey to reddish yellow, clay subsoil. Soils are poorly drained with slow permeability and are cultivated with paddy. |
| 5 | Kannamangalam series | Kannamangalam soils have developed from coastal and riverine alluvium on very gently sloping valleys. They have brown to dark greyish brown, loamy sand to sandy loam surface soil over dark greyish brown to pale brown, loamy sand to sandy clay loam subsoil. These soils are cultivated with paddy and sesamum. |
| 6 | Mannar series | Mannar soils are developed from coastal alluvium and occur along coastal plains and adjoining areas. These soils have very deep with greyish brown to yellowish brown, sand to loamy sand surface soil over dark yellowish brown to dark brown, loamy sand to sandy loam sub soil.<br>Horizon differentiation is not prominent in these soils. These soils are moderately well drained with rapid permeability and are cultivated with coconut. |
| 7 | Muthur Series | Muthur soils are developed on alluvial deposits and occur on valleys of gently sloping plains. These soils have reddish brown to yellowish brown, clay loam to clay surface soil over yellowish red to reddish brown, clay subsoil. These soils have poor drainage with slow permeability and are cultivated with paddy. |
| 8 | Pallippad series | Pallippad soils developed on alluvium occur on very gently sloping lands. These are very deep soils having dark yellowish brown to very dark greyish brown, loamy sand to sandy loam surface soil over dark greyish brown to yellowish brown, loamy sand to sandy clay loam subsoil. The soils are moderately well drained with moderate permeability and are mainly cultivated with coconut. |

| | | |
|---|---|---|
| 9 | Ramankary series | Ramankary soils are very deep having very dark grey to brown, loam to clay loam surface horizon and black to yellowish brown, sandy loam to sandy clay loam subsurface horizon. Wood debris of various stages of decomposition are present in the sub surface below 100cm. The soils are poorly drained with slow permeability and are extensively cultivated with paddy. |
| 10 | Thekkekara series | Thekkekara soils have very deep, dark greyish brown, loamy sand to sandy loam surface soils followed by brown to greyish brown, sandy loam to sandy clay loam" subsoils. Mottlings are observed in subsurface horizons. These soils are imperfectly drained with moderate to moderately slow permeability. These soils are cultivated with paddy. Sesamum is also raised to a minor extent depending upon the season and availability of water. |
| 11 | Vetticode Series | Vetticode soils are very deep with grey to very dark grey, clay loam to clay surface soil over dark grey to grey, clay loam to clay subsoil. Black stiff clay used for pottery is observed in the third layer. The soils are imperfectly drained with slow permeability and are cultivated with paddy. |
| 12 | Miscellaneous Soils | Miscellaneous Soils occur in level to very gently sloping lands adjoining Vembanad lake and other fluvial systems. These soils have very dark brown to brown colour with various textural grades. Soil horizons are generally mixedup due to mixing up of transported soil with insitu soil material. The soils are imperfectly drained with moderate permeability. Dark yellowish brown to yellowish brown mottlings are present in deeper layers. Most of these lands are made up lands formed by the deposition of soils from other areas. In sandy areas clay is added and in clayey areas sand is added to get a good tilth. These miscellaneous soils are identified along with all soil associations. These soils are mostly cultivated with coconut, banana, and miscellaneous tree crops on elevated mounds or land strips. |




### 2.4.2 മണ്ണിന്റെ രചന **(Soil Texture)**

മണ്ണിന്റെ ഭൗതിക ഗുണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മണ്ണിന്റെ രചന. മണ്ണിലെ അടിസ്ഥാന മൺതരികളായ മണൽ, സിൽറ്റ്, കളിമണ്ണ് എന്നിവയുടെ അനുപാതത്തെ രചന എന്നു പറയുന്നു. നല്ല രചന എന്നാൽ ജലസംഗ്രഹ ശേഷി, ജല നിർഗ്ഗമനം, വായു സഞ്ചാരം എന്നിവ ഏറ്റവും ഉത്തമമായത് എന്ന് വിവക്ഷിക്കാം. ചെടികളുടെ വളർച്ചയ്ക്ക് ഏറ്റവും ഉത്തമമായി പറയുന്നത് പശിമരാശി (ഹീമാ) മണ്ണിനെയാണ്. ഇതിൽ 40% മണലും, 40% സിൽറ്റും, 20% കളിമൺതരികളും കാണും.പശി

മരാശി മണ്ണ്, മണൽ, സിൽറ്റ്, കളിമണ്ണ് ഇവയുടെ ഗുണങ്ങൾ ഏതാണ്ട് തുല്ല്യ അളവിൽ പ്രകടിപ്പിക്കുന്നു. ആകെ 12 രചനാ വിഭാഗങ്ങളുള്ളതിൽ 8 എണ്ണം ഈ പ്രദേശത്ത് കാണപ്പടുന്നു. ഇവയുടെ വിശദാംശങ്ങൾ പട്ടിക 2.13 -ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.13**

**മണ്ണിന്റെ രചനാവിഭാഗങ്ങൾ**

| നം | രചനാ വിഭാഗം | വിസ്തൃതി (ഹെക്ടർ) | ശതമാനം (ഹെക്ടർ) |
|---|---|---|---|
| 1 | പശിമരാശി മണൽ(Loamy Sand) | 2629 | 41.70 |
| 2 | മണൽ കലർന്ന പശിമരാശി മണ്ണ്(Sandy Loam) | 579 | 9.18 |
| 3 | പശിമരാശി മണ്ണ്(Loam) | 3 | 0.05 |
| 4 | കളിമണ്ണ് കലർന്ന പശിമരാശി മണ്ണ്(Clay Loam) | 1357 | 21.52 |
| 5 | സിൽറ്റും കളിമണ്ണും കലർന്ന പശിമരാശി മണ്ണ് (Silty Clay loam) | 198 | 3.14 |
| 6 | മണലും കളിമണ്ണും കലർന്ന പശിമരാശി മണ്ണ്(Sandy Clay Loam) | 24 | 0.38 |
| 7 | പശിമരാശി കളിമണ്ണ്(Silty Clay) | 772 | 12.24 |
| 8 | മണൽ കലർന്ന കളിമണ്ണ്(Sandy Clay) | 362 | 5.74 |
| | മറ്റുള്ളവ | 381 | 6.04 |
| | ആകെ | 6305 | 100% |

പദ്ധതി പ്രദേശത്തെ 41% മണ്ണും പശിമരാശി മണൽ വിഭാഗത്തിൽപ്പെട്ടതാണ്. 70 ശതമാനത്തിലധികം മുകളിൽ മണൽത്തരികൾ കാണപ്പെടുന്ന ഈ മണ്ണിന് ജലാഗിരണശേഷി വളരെക്കുറവാണ്.

**2.4.3. മണ്ണിന്റെ ആഴം.**

ആഴം കുറഞ്ഞ മണ്ണ് പദ്ധതി പ്രദേശത്തൊരിടത്തും കാണുന്നില്ല. സാമാന്യം ആഴമുള്ളതും (75-100 സെ.മീ.) വളരെ ആഴമുള്ളതുമായ മണ്ണാണ് ഭൂരിഭാഗത്തും കാണപ്പെടുന്നത്. അതുകൊണ്ട് തന്നെ ആഴം മാത്രം പരിഗണിച്ചാൽ എല്ലാ പ്രദേശവും കൃഷിക്കനുയോജ്യമാണ്.

**പട്ടിക 2.14**

**മണ്ണിന്റെ ആഴം**

| നമ്പർ | മണ്ണിന്റെ ആഴം (സെന്റിമീറ്റർ) | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | സാമാന്യം ആഴമുള്ളത് (75-100) | 1764 | 27.98 |
| 2 | ആഴമുള്ളത് (100-150) | 1436 | 22.78 |
| 3 | വളരെ ആഴമുള്ളത് (>150) | 2724 | 43.20 |
| 4 | മറ്റുള്ളവ | 381 | 6.04 |
| ആകെ | | 6305 | 100 |

**2.4.4.മണ്ണൊലിപ്പ്**

പ്രകൃതിശക്തികളായ കാറ്റ്, മഴ എന്നിവയിലെ ഊർജ്ജം ഉൾക്കൊണ്ട് മൺതരികൾക്കുണ്ടാകുന്ന സ്ഥാനഭ്രംശമാണ് മണ്ണൊലിപ്പുകൊണ്ടുദ്ദേശിക്കുന്നത്. ഭൂതലത്തിന് ചരിവുണ്ടെങ്കിൽ ഇങ്ങനെ സ്ഥാനഭ്രംശം സംഭവിക്കുന്ന മണ്ണ് ഉത്ഭവസ്ഥാനത്ത് നിന്നു തന്നെ മാറ്റപ്പെടാം.

മാവേലിക്കര നീർത്തട പദ്ധതി പ്രദേശത്ത് ഭൂരിഭാഗം പ്രദേശവും താരതമ്യേന നിരന്നതോ പരമാവധി 3% വരെ ചരിവുള്ളതോ ആകയാൽ ഇവിടെ മണ്ണൊലിപ്പ് ഒരു ഗുരുതരമായ പ്രശ്നമല്ല.

**പട്ടിക 2.15**
**മണ്ണൊലിപ്പ്**

| നമ്പർ | വിഭാഗം | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | മണ്ണൊലിപ്പില്ലാത്തത്/തീരെക്കുറവ് | 5805 | 92.07 |
| 2 | മിതമായ മണ്ണൊലിപ്പ് | 119 | 01.89 |
| 3 | മറ്റുള്ളവ | 381 | 6.04 |
| ആകെ | | 6305 | 100 |

**2.4.5ഭൂക്ഷമത/ഭൂശേഷി (Land Capability)**

ഒരു പ്രദേശത്തെ കൃഷിയോഗ്യം എന്നു പറയുന്നത് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. മഴ, മണ്ണൊലിപ്പിനുള്ള സാധ്യത, ചരിവ്, നിമ്നോന്നതി, മണ്ണിന്റെ സ്വഭാവം, നീർവാർച്ച, കാലാവസ്ഥയുടെ പ്രത്യേകതകൾ മുതലായവ പരിഗണിച്ച് പ്രദേശം ഉൽപ്പാദനക്ഷമമാണോ, കൃഷിയോഗ്യമാണോ എന്നൊക്കെ വിലയിരുത്താം. ഏതു തരത്തിലുള്ള വിള സമ്പ്രദായമാണ് അനുയോജ്യമെന്നുള്ളതും ഇക്കാര്യങ്ങൾ നോക്കിയാണ് തീരുമാനിക്കപ്പെടുക. ഇവയുടെ ആകെത്തുകയാണ് ഭൂശേഷി. വ്യത്യസ്ത ഭൂവിനിയോഗം ഭൂശേഷിയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കപ്പെടേണ്ടതാണ്. ഭൂശേഷി വർഗ്ഗീകരണത്തിലൂടെ കണ്ടെത്തിയ പോരായ്മകൾ പരിഹരിച്ചുകൊണ്ടുള്ള ഭൂവിനിയോഗം മാത്രമാണ് സുസ്ഥിര കാർഷികോല്പാദനത്തിന് ഉതകുന്നത് എന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്.

ഭൂശേഷി വർഗ്ഗീകരണത്തിൽ മൂന്ന് തരത്തിലുള്ള പ്രദേശങ്ങളാണ് നീർത്തട പ്രദേശത്ത് കണ്ടെത്താനായത് ഇവയുടെ വിശദാംശങ്ങൾ പട്ടിക 2.16ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.16**
**മാവേലിക്കര നീർത്തടം - ഭൂശേഷി**

| നം | ഭൂശേഷിയും ഉപഗണവും | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | IIe | 20 | 0.32 |
| 2 | IIs | 1573 | 24.95 |
| 3 | IIw | 1112 | 17.64 |
| 4 | IIIs | 1202 | 19.06 |
| 5 | IIIw | 208 | 3.30 |
| 6 | IVw | 2190 | 34.73 |
| | ആകെ | 6305 | 100 |

ഭൂശേഷി വർഗ്ഗീകരണത്തിലൂടെ കണ്ടെത്തിയ ഈ മൂന്ന് തരത്തിൽപ്പെട്ട ഭൂമിയും കൃഷിയോഗ്യമാണ്. എങ്കിലും കൃഷി ചെയ്യുന്നതിന് ഈ ഓരോ വിഭാഗ ത്തിനും ചില പരിമിതികൾ ഉള്ളതായിക്കാണുന്നു. ഈ പരിമിതികളാണ് ഭൂശേഷി ഉപഗണങ്ങളായി സൂചിപ്പിച്ചിരിക്കുന്നത്. മണ്ണൊലിപ്പിന്റെ അപകടം (e), വെള്ളക്കെട്ട് (w), മണ്ണിന്റെ ന്യൂനതകൾ (s) എന്നിവയാണ് പ്രദേശത്ത് കണ്ടെത്തിയ പരിമിതികൾ. ഈ പരിമിതികൾ പരിഹരിച്ച് കൃഷി ചെയ്യുന്നതാണ് ഏറ്റവും അഭികാമ്യം.

ഭൂശേഷി-II ഭൂശേഷി രണ്ടിൽ ഉൾപ്പെടുന്ന 2705 ഹെക്ടർ ഭൂവിഭാഗം പദ്ധതി പ്രദേശത്തുണ്ട്. കൃഷിക്ക് യോജ്യമായ ഈ ഭൂവിഭാഗങ്ങൾക്ക് വളരെ ചെറിയ പരിമിതി കൾ ഉള്ളതുകൊണ്ട് മാത്രമാണ് ഇവ രണ്ടാം ഗണത്തിൽ ഉൾപ്പെടാൻ ഇടയായത്. ഇങ്ങനെ രണ്ടാം ഗണത്തിൽ ഉൾപ്പെട്ട ഭൂമിയിൽ, 27 ഹെക്ടർ പ്രദേശത്ത് മണ്ണൊലി പ്പിന്റെ ഭീഷണിയും, 1573 ഹെക്ടർ പ്രദേശത്ത് മണ്ണിന്റെ ഘടനയുടെ അപാകതയും, 1112 ഹെക്ടർ പ്രദേശത്ത് വെള്ളക്കെട്ട് അഥവാ നീർവാർച്ചയുടെ അഭാവവും ആണ് പ്രധാന പരിമിതികളായി കണ്ടെത്തിയിട്ടുള്ളത്.

ഭൂശേഷി-III- രണ്ടാം വർഗ്ഗത്തെ അപേക്ഷിച്ച് കൂടുതൽ പരിമിതികൾ ഉള്ള ഈ ഭൂശേഷിവിഭാഗം 1410 ഹെക്ടറിൽ വ്യാപിച്ചിരിക്കുന്നു. നീർവാർച്ചക്കുറവ്, കുറഞ്ഞ ജലസം ഗ്രഹശേഷി, മോശമായ ഘടന എന്നിങ്ങനെ പല ന്യൂനതകളും ഈ ഭൂവിഭാഗത്തിനുണ്ട്.

ഭൂശേഷി-IV മേൽ സൂചിപ്പിച്ചവയിൽ നിന്നും കൂടുതലായി വളരെയേറെ ന്യൂനതകൾ ഉള്ള ഭൂമിയാണ് ഈ ഗണത്തിൽ ഉൾപ്പെടുന്നത്. മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പുറമേ കുറഞ്ഞ ഫലപുഷ്ടി, അമ്ലത തുടങ്ങിയ പ്രശ്നങ്ങളും ഈ ഭൂവി ഭാഗത്തിനുണ്ട്. 2190 ഹെക്ടർ വരുന്ന ഈ പ്രദേശവും ചില മുൻകരുതലുകളോടെ

കൃഷിയ്ക്കുപയോഗിക്കാം. ഈ ഭൂവിഭാഗത്തിലും നീർവാർച്ചയില്ലായ്മയാണ് പ്രധാന പ്രശ്നം.

### 2.5. ജലസേചന ക്ഷമത (land irrigability)

സുസ്ഥിരമായ ജലസേചന സൗകര്യം ഉറപ്പാക്കുന്നതിലുള്ള മണ്ണിന്റെ പരിമിതി കളനുസരിച്ച് മണ്ണിനെ പല വർഗ്ഗങ്ങളായി തിരിച്ചിട്ടുണ്ട്. ഇതോടൊപ്പം ജലസേചന ത്തിനുപയോഗിക്കുന്ന വെള്ളത്തിന്റെ അളവ്, ഗുണനിലവാരം, അടിമണ്ണുൾപ്പടെ യുള്ള മണ്ണിലെ നീർവാർച്ചാ സൗകര്യം, നീർവാർച്ച, സൗകര്യങ്ങൾ ഒരുക്കുന്നതിലെ ചിലവ്, ഭൂവികസനച്ചിലവ് ഉൾപ്പടെയുള്ള കൃഷിച്ചിലവ് ഇക്കാര്യങ്ങളെല്ലാം പരിഗണി ച്ചാണ് ഭൂമിയുടെ ജലസേചന ക്ഷമത വർഗ്ഗീകരണം നടപ്പാക്കിയിട്ടുള്ളത്. ജലസേചന സൗകര്യം ആറ് വരെയുള്ള വർഗ്ഗങ്ങളായി ഭൂമിയെ തരംതരിച്ചിരിക്കുന്നു. ഒന്നാം വർഗ്ഗ ത്തിന് വളരെക്കുറച്ച് പരിമിതികൾ മാത്രമുള്ളപ്പോൾ ആറാം വർഗ്ഗം ജലസേചിത കൃഷിക്ക് അനുയോജ്യമേ അല്ല എന്ന് കാണാം.

ഈ വർഗ്ഗങ്ങളെ അവയുടെ പരിമിതികൾക്കനുസൃതമായി ഉപവർഗ്ഗങ്ങളായും വേർതിരിക്കുന്നു. ഭൂതലത്തിന്റെ നിമ്നോന്നതികൾ (topography-t), നീർവ്വാർച്ച (drainage-d), മണ്ണിന്റെ പരിമിതികൾ (Soil limitation-s) എന്നിവയാണ് ഉപവർഗ്ഗങ്ങൾ.

മാവേലിക്കര നീർത്തട പ്രദേശത്ത് 2,3,4 എന്നീ ജലസേചന ക്ഷമത വിഭാഗങ്ങ ളിൽപ്പെട്ട ഭൂമി മാത്രമാണ് ഉള്ളത്. ഏറ്റവും കുടുതൽ പ്രദേശം (35%) ‘4’ എന്ന വിഭാഗത്തിലാണ് ഈ പ്രദേശങ്ങളിൽ എല്ലാം തന്നെ നീർവാർച്ച സൗകര്യം കുറവായ തിനാൽ ജലസേചനം വളരെ പരിമിതമായി മാത്രമേ ഉപയോഗിക്കാനാവൂ. ജലസേ ചന ക്ഷമത ‘3’ ൽ ഉൾപ്പെട്ട 21% പ്രദേശവും ‘2’ ഉൾപ്പെട്ട 44% പ്രദേശവും നീർത്തട മേഖലയിലുണ്ട്. ഈ പ്രദേശങ്ങളിൽ മണ്ണിന്റെ പരിമിതികൾ ജലസേചന സൗകര്യം ഒരുക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. നീർത്തട പ്രദേശത്തിന്റെ ജലസേചന ക്ഷമത വർഗ്ഗീകരണം പട്ടിക 2.17 ൽ നൽകിയിരിക്കുന്നു.

പട്ടിക 2.17

ജലസേചനക്ഷമത വർഗ്ഗീകരണം

| നമ്പർ | ജലസേചന ക്ഷമതയുടെ വർഗ്ഗവും ഉപവർഗ്ഗവും | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | 2d | 1089 | 17.27 |
| 2 | 2s | 1676 | 26.58 |
| 3 | 2t | 20 | 0.32 |
| 4 | 3d | 208 | 3.30 |
| 5 | 3s | 1122 | 17.80 |
| 6 | 4d | 2190 | 34.73 |
| | ആകെ | 6305 | 100 |

### 2.6. ജല ലഭ്യത

മാവേലിക്കര നീർത്തട പ്രദേശം തീരദേശമേഖലയായതിനാൽ തന്നെ ജലസ മ്പുഷ്ടമാണ്. ഉപരിതല ജല സ്രോതസ്സുകളായ തോടുകളും കുളങ്ങളും ധാരാളമുള്ള പ്രദേശമാണിത്. കുടിവെള്ളത്തിന് ഏതാണ്ടെല്ലാവരും ആശ്രയിക്കുന്നത് കിണറുകളെ യാണ്. അപൂർവ്വം ചില മേഖലകളിൽ വേനൽക്കാലത്ത് (ഏപ്രിൽ -മെയ്) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

കുടിവെള്ളത്തിന്റെ ലഭ്യതയെക്കാൾ കൂടുതൽ പ്രശ്നം കുടിവെള്ളത്തിന്റെ ഗുണനിലവാരമാണ്. മിക്ക പ്രദേശങ്ങളിലും പ്രാദേശിക ഭാഷയിൽ 'ഓര' നിറഞ്ഞ വെള്ളമാണ് ലഭിക്കുന്നത്. ഇത് അരിച്ചെടുത്താണ് കുടിവെള്ളമായി ഉപയോഗിക്കുന്ന ത്. പള്ളിപ്പാട്, കൃഷ്ണപുരം, വിയ്യപുരം, ബുധനൂർ പഞ്ചായത്തുകളുടെയും, ചെന്നി ത്തല പഞ്ചായത്തിന്റെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലൊക്കെതന്നെ ഇരുമ്പിന്റെ അംശം കൂടുതലാകുന്നതുമൂലം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. ചില മേഖല കളിൽ മഴക്കാലത്ത് വെള്ളക്കെട്ട് മൂലം കിണറുകളിലെ വെള്ളം മലിനമാകുന്നുമുണ്ട്.

ഭൂഗർഭ ജലനിരപ്പ് മഴക്കാലങ്ങളിൽ വളരെകൂടി ഭൂനിരപ്പിൽ നിന്ന് ഒന്നു മുതൽ ഒന്നര മീറ്റർ താഴെവരെ എത്തുന്നു. നിരീക്ഷണക്കിണറുകളിലെ ജലവി താനം സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക 2.18 ൽ നൽകിയിരിക്കുന്നു.

പട്ടിക 2.18
നിരീക്ഷണക്കിണറുകളിലെ ജലവിതാനം

| നമ്പർ | സ്ഥലം | ഭൂതലത്തിൽ നിന്നും ജലനിരപ്പുവരെയുള്ള ആഴം (mbgl) | |
|---|---|---|---|
| | | Pre monsoon (3/2015) | Post Monsoon (Reportedby beneficiaries) |
| 1 | അരിയന്നൂർ കോളനി, പെരിങ്ങിലിപ്പുറം, ബുധനൂർ | 2.10 മീറ്റർ | 0.50 മീറ്റർ |
| 2 | അംഗൻവാടി, എണ്ണയ്ക്കാട്, ബുധനൂർ പഞ്ചായത്ത് | 3.50 മീറ്റർ | 1.00 മീറ്റർ |
| 3 | ഗവ. എൽ.പി.എസ്. ഈരേഴ | 1.50 മീറ്റർ | 0.60 മീറ്റർ |
| 4 | യു.പി.എസ്സ്, ഈരേഴ | 3.00 മീറ്റർ | 1.20 മീറ്റർ |
| 5 | ഗവ. എൽ.പി.എസ്സ്, കണ്ണമംഗലം | 2.10 മീറ്റർ | 1.00 മീറ്റർ |
| 6 | ഗവ. എൽ.പി.എസ്., തെക്കേക്കര മേനമ്പള്ളി | 2.50 മീറ്റർ | 0.90 മീറ്റർ |
| 7 | ഗവ. യു.പി.ജി.എസ്, പനച്ചമൂട് | 2.30 മീറ്റർ | 0.80 മീറ്റർ |
| 8 | ജോയ് ഡാനിയേൽ തേവലപ്പുറത്ത്, ചെട്ടിക്കുളങ്ങരപി.ഒ | 3.00 മീറ്റർ | 1.00 മീറ്റർ |
| 9 | ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് ഓഫീസ് | 2.00 മീറ്റർ | 0.70 മീറ്റർ |
| 10 | ചെന്നിത്തല പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ | 2.00 മീറ്റർ | 0.50 മീറ്റർ |
| 11 | കിഴക്കേക്കാട്ടിൽ കോളനി പൊതുകിണർ, മാന്നാർ പഞ്ചായത്ത് (കാരാഴ്മയ്ക്കു സമീപം) | 3.80 മീറ്റർ | 1.5 മീറ്റർ |
| 12 | മാർത്തോമാ എൽ.പി.എസ്., പുത്തൻകോട്ടയ്ക്കകം, കല്ലൂമൂട് | 3.20 മീറ്റർ | 1.8 മീറ്റർ |

| | | | |
|---|---|---|---|
| 13 | ശ്രീ.വിനയൻ, കണിപ്പറമ്പിൽ ഏരമത്തൂർ മഹാദേവ ക്ഷേത്രത്തിനു തെക്കുവശം, മാന്നാർ | 6.10 മീറ്റർ | 2.8 മീറ്റർ |
| 14 | സരസമ്മ, കൊറ്റാത്ത് ബ്ലോക്കറയിൽ എം.ഡി.എൽ.പി. എസിന് സമീപം, എരമത്തൂർ | 2.00 മീറ്റർ | 1.2 മീറ്റർ |
| 15 | ഗവ. യു.പി.എസ്. തൃപ്പെരുന്തുറ (വില്ലേജാഫീസിനു സമീപം, തൃപ്പെരുന്തുറ) | 3.10 മീറ്റർ | 1.8 മീറ്റർ |

കൃഷിയ്ക്ക് ജലസേചന സൗകര്യം ഉപയോഗിക്കുന്നത് വളരെക്കുറവാണ്. നെൽകൃഷിയിൽ പുഞ്ചകൃഷി പ്രദേശങ്ങളിൽ ജലനിർഗ്ഗമനത്തിനാണ് പ്രധാനമായും ഊന്നൽ നൽകുന്നത്. വളരെക്കുറഞ്ഞ ആഴത്തിൽ ഭൂഗർഭജലം ലഭ്യമാണെങ്കിലും ജലസേചന സൗകര്യങ്ങൾ ഒരുക്കാത്തതിനാൽ കരകൃഷിയിൽ ജലസേചിത പ്രദേശം വളരെ കുറവാണ്.

**2.6.1 ഭൂഗർഭജലം**

ഭൂമിയിൽ പതിക്കുന്ന മഴവെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങിയാലേ ഭൂഗർഭജല മാകൂ. ഇങ്ങനെയുള്ള ഭൂഗർഭജലപോഷണം ഒരു സ്വാഭാവിക പ്രക്രിയാണ്. പക്ഷേ മനുഷ്യന്റെ ഇടപെടൽ ഈ സ്വാഭാവിക റീചാർജ്ജിംഗ് പ്രക്രിയയെ തകിടം മറിച്ചിരി ക്കുകയാണ്. ഇത്തരത്തിൽ സ്വാഭാവിക റിചാർജ്ജിംഗ് തടസ്സപ്പെടാൻപദ്ധതി പ്രദേ ശത്ത് ചൂണ്ടിക്കാണിക്കാവുന്ന രണ്ട് പ്രധാന കാരണങ്ങൾ നിലം നികത്തലും തണ്ണീർത്തടങ്ങളുടെ നാശവുമാണ്.

പദ്ധതി പ്രദേശത്തെ വിവിധ ബ്ലോക്കുകളിലെ ഭൂഗർഭ ജല നിലവാരം പരിശോ ധിച്ചതിൽ എല്ലാ ബ്ലോക്കുകളും സുരക്ഷിതം എന്ന വിഭാഗത്തിലാണ് സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക 2.19ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 2.19

പദ്ധതി പ്രദേശത്തെ വിവിധ ബ്ലോക്കുകളിലെ ഭൂഗർഭജല ഉപയോഗം

(2011 ലെ കണക്ക്)

| ബ്ലോക്ക് | വാർഷിക ഭൂജല ലഭ്യത ha.m | ഇപ്പോഴുള്ള വാർഷിക ജല സേചനാവശ്യം ha.m | ഇപ്പോഴുള്ള ഗാർഹിക- വ്യാവസായിക ആവശ്യങ്ങൾ ha.m | ആകെ ആവശ്യം | 2025 വരെ ഉണ്ടാകുന്ന ഗാർഹിക വ്യാവസായിക ആവശ്യങ്ങൾ ha.m | ജലസേചനത്തിനായി ഇനി ഉപയോഗിക്കാവുന്നത് ha.m | ഭൂജലത്തിന്റെ ഇപ്പോഴുള്ള ഉപയോഗം (%) |
|---|---|---|---|---|---|---|---|
| മാവേലിക്കര | 4762.16 | 182.38 | 840.86 | 1023.24 | 898.25 | 3681.53 | 21.49 |
| ചെങ്ങന്നൂർ | 5089.72 | 802.84 | 946.81 | 1749.65 | 1010.72 | 3276.15 | 34.38 |
| ഹരിപ്പാട് | 8424.65 | 503.90 | 776.61 | 1280.52 | 657.21 | 2263.54 | 37.39 |
| മുതുകുളം | 4215.57 | 249.98 | 1198.54 | 1448.52 | 1176.20 | 2789.40 | 34.36 |

അവലംബം : സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ്, തിരുവനന്തപുരം

പദ്ധതി പ്രദേശത്തുൾപ്പെടുന്ന നാല് ബ്ലോക്കുകളിലെ ഭൂഗർഭ ജലവിതാനത്തിലെ ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച വിവരം കേന്ദ്ര ഭൂജല ബോർഡിൽ നിന്നും ലഭിച്ചത് പട്ടിക 2.20ൽ ചേർക്കുന്നു. മഴക്കാലത്തിനു മുൻപും പിൻപുമുള്ള ഡാറ്റാ പരിശോധിച്ചതിൽ സാര മായ വ്യതിയാനം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

പട്ടിക 2.20

ഭൂഗർഭ ജലത്തിലെ ഏറ്റക്കുറച്ചിലുകൾ

| ബ്ലോക്ക് | ഭൂഗർഭജല ഉപയോഗം (%) | വേൽക്കാല ജലനിരപ്പ് (cm/year) | മഴക്കാല ജല നിരപ്പ് (cm/year) | വിഭാഗം |
|---|---|---|---|---|
| മാവേലിക്കര | 21.49 | - 1.80 | 1.00 | സുരക്ഷിതം |
| ചെങ്ങന്നൂർ | 34.38 | +0.40 | 6.96 | സുരക്ഷിതം |
| ഹരിപ്പാട് | 37.39 | - 1.69 | - 1.38 | സുരക്ഷിതം |
| മുതുകുളം | 34.36 | +9.81 | - 3.41 | സുരക്ഷിതം |

അവലംബം : സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ്, തിരുവനന്തപുരം

പട്ടിക-2.20 ൽ (+) അടയാളം ജലനിരപ്പിന്റെ കുറവിനെയും (-) അടയാളം ജല നിരപ്പ് കൂടുന്നതിനെയും സൂചിപ്പിക്കുന്നു. എല്ലാ ബ്ലോക്കുകളും ഭൂഗർഭ ജലോപയോ ഗത്തിൽ സുരക്ഷിതം എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. അമിത ചൂഷണമുള്ളതോ, ആപത്ഘട്ടത്തിലുള്ളതോ(ൃശശേരമഹ)ആയ ബ്ലോക്കുകൾ പദ്ധതി പ്രദേശത്തുൾപ്പെടു ന്നില്ല.വിവിധ ബ്ലോക്കുകളിലെ ഭൂഗർഭ ജലനിരപ്പിലുണ്ടായ ദീർഘകാല മാറ്റം ഗ്രാഫുക ളിൽ വ്യക്തമാക്കിയിട്ടുണ്ട്. ആഴം കൂടിയതും (Deep wells) കുറഞ്ഞതുമായ കിണറുക ളിലെ ജലവിതാനത്തിലെ ഏറ്റക്കുറിച്ചിലുകൾ ഇതിൽ ലഭ്യമാണ്.

പട്ടിക 2.21

കേന്ദ്ര ഭൂജല ബോർഡിന്റെ നിരീക്ഷണ കിണറുകളുടെ വിശദാംശങ്ങൾ

| നമ്പർ | സ്ഥലം | അക്ഷാംശം | രേഖാംശം | കിണറിന്റെ തരം | ആഴം (മീറ്റർ) |
|---|---|---|---|---|---|
| 1 | ചെന്നിത്തല | 9⁰16’ 18”N | 76⁰ 31’ 15” E | Dug Well | 4.5 |
| 2 | മാവേലിക്കര | 9⁰15’0” N | 76⁰ 32’ 15” E | Dug Well | 4.64 |
| 3 | മുട്ടം | 9⁰15’ 0” N | 76⁰ 30’ 40” E | Dug Well | 3.62 |
| 4 | ചെട്ടികുളങ്ങര | 9⁰ 14’ 59” N | 76⁰ 31’ 6” E | Dug Well | 3.62 |
| 5 | ചെട്ടികുളങ്ങര | 9⁰ 14’ 59” N | 76⁰ 31’ 6” E | Tube Well | 30.0 |
| 6 | ഹരിപ്പാട് | 9⁰ 17’ 15” N | 76⁰ 27’ 50” E | Tube Well | 30.0 |
| 7 | പള്ളിപ്പാട് | 9⁰ 16’ 18” N | 76⁰ 29’ 46” E | Dug Well | 4.68 |
| 8 | മാന്നാർ | 9⁰ 17’ 14” N | 76⁰ 33’ 45” E | Tube Well | 30.0 |

2.7. ഭൂവിജ്ഞാനീയം (Geology)

ഭൂഗർഭശാസ്ത്രമനുസരിച്ച് കേരളം പ്രീകാംബ്രിയൻ പരലുകളുടെ (Metamorphic rock crystalls) ആർക്കിയൻ യുഗത്തിലേയും പ്രോട്ടിറോസോയിക്

യുഗത്തിലേയും ആന്തരാഗ്നേയ ശിലകളുടെയും (Igneous Instusives), നദീ- സമുദ്ര നിർമ്മിതിയായ ക്വാർട്ടനറി അവസാദങ്ങളുടെയും ടെറിട്ടറിയിലെ അവസാദ ശിലകളാലും (Sedminetary rocks) നിർമ്മിതമാണ്. ഈ പരലുകളും അവസാദങ്ങളും കാലക്രമേണ ശിലയായി രൂപാന്തരം പ്രാപിച്ചിരിക്കുന്നു. അറബിക്കടലിനും വേമ്പനാട്ട് കായലിനുമിടയിലുള്ള ഇടുങ്ങിയ ഭൂപ്രദേശമാണ് കേരളത്തിലെ ഏറ്റവും ചെറിയ ജില്ലയായ ആലപ്പുഴ. കിഴക്കുഭാഗത്ത് കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളും വടക്കുഭാഗത്ത് എറണാകുളം ജില്ലയും പടിഞ്ഞാറുഭാഗത്ത് അറബിക്കടലും, തെക്കുഭാഗത്ത് കൊല്ലം ജില്ലയുമാണ് ആലപ്പുഴ ജില്ലയുടെ അതിർത്തികൾ. മറ്റു ജില്ലകളിൽ നിന്നും വ്യത്യസ്തമായ ഒരു തീരദേശ സമതലമാണ്ആലപ്പുഴ. ഈ ജില്ലയുടെ നല്ലൊരു ശതമാനം ജലാശയത്താൽ ആവരണപ്പെട്ടിരിക്കുന്നു. ആലപ്പുഴയുടെ തെക്കുകിഴക്കൻ പ്രദേശം വളഞ്ഞുപുളഞ്ഞ പ്രകൃതമാണ്. നിയോജീൻ അവസാദങ്ങളാലും ചെങ്കല്ലുകളാലും നിർമ്മിതമാണിവിടം. ഭൂഗർഭ ശാസ്ത്രമനുസരിച്ച് ആലപ്പുഴയെ രണ്ടായി തിരിച്ചിരിക്കുന്നു. ആലപ്പുഴയുടെ പടിഞ്ഞാറു ഭാഗം തീരസമതലത്താലും ക്വാർട്ടർനറി അവസാദങ്ങളാലും (Quarternary Sediments) ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. കിഴക്കു ഭാഗവും മധ്യഭൂപ്രദേശവും പ്രികാംബ്രിയൻ കായാന്തരിത ശിലകളാലും (Metamorphic rocks) ക്വാർട്ടനറി അവസാദങ്ങളാലും ആവരണം ചെയ്യപ്പെട്ടിരിക്കുന്നു.

ആലപ്പുഴയുടെ അടിസ്ഥാന ശില കോണ്ജലൈറ്റ് ആണ്. ഇതിൽ നേത്രാകൃതിയിൽ ക്വാർട്ട്സൈറ്റും ഗ്രാഫൈറ്റിന്റെ സാന്നിദ്ധ്യത്തോടെയൊ അല്ലാതെയോ ബയോട്ടൈറ്റ്- സിലിമനൈറ്റ് നയിസ് എന്നിവയും ഘടങ്ങളായി കാണപ്പെടുന്നു. ഇവ ജില്ലയുടെ തെക്ക് -കിഴക്കു ഭാഗത്തായി രൂപാന്തരപ്പെട്ടിരിക്കുന്നു. അമ്ലത്വം കൂടിയതും കുറഞ്ഞതുമായ ചാർണക്കൈറ്റ് ശിലകൾ വടക്കു-കിഴക്കു ഭാഗത്തായി രൂപാന്തരപ്പെട്ടിരിക്കുന്നു. ആഗ്നേയ ശിലകളുടേയും കായന്തരിതശിലകളുടേയും മിശ്രണമായ ബയോട്ടൈറ്റ് നയിസ് അല്ലെങ്കിൽ കോട്സോ- ഫെൽസ്പതിക് നയിസ് ജില്ലയുടെ കിഴക്കേ അതിരുകളിൽ കാണപ്പെടുന്നു. ചെങ്ങന്നൂരിന്റെ അടുത്തായി കണ്ടുവരുന്നു ഭീമമായ കരികല്ലുകൾ (Granites)അമ്ലത്വമുള്ള ആന്തര ആഗ്നേയത്തെ (Acid intrusives) പ്രതിപാദിക്കുന്നു. തെക്ക്- പടിഞ്ഞാറു ഭാഗത്തായി കാണപ്പെടുന്ന മലകൾ ടെറിട്ടറി അവസാദ ശിലകളായ വർക്കല തട്ടുകളാൽ (ംൃസസമഹമശ ല്യീാമശേീ) ആവരണം ചെയ്യപ്പെട്ടിരിക്കുന്നു.

നീർത്തട പ്രദേശത്തിന്റെ പ്രതലം പൂർണമായും ഗുരുവായൂർ തട്ടുകളും (Guruvayur formation) മണൽ, എക്കൽ, കളിമണ്ണ്, (sand silty clay admixture) എന്നിവ യുടെ മിശ്രണവുമാണ്. ഇവ പൂർണ്ണമായും പുരാതന കാലത്തെ സമുദ്ര പരിവർത്ത നങ്ങളുടെ നിക്ഷേപമാണ്. ഇങ്ങനെയുള്ള അവശിഷ്ടങ്ങൾ (Sediments) ക്വാർട്ടറി അവ സാദങ്ങളിൽ ഉൾപ്പെട്ടവയാണ്. ഭൂമിയുടെ ഉത്ഭവത്തിന്റേയും പരിവർത്തനത്തി ന്റേയും കാലഘട്ടങ്ങളെ സൂചിപ്പിക്കുന്ന തോതിലെ (Geological time scale) ക്വാർട്ടനറി കാലയളവ് (ഝൗമ്യല്യേിമ്യ ുല്യശീറ)പ്രതിനിധീകരിക്കുന്നത് കഴിഞ്ഞ രണ്ട് ദശലക്ഷം വർഷങ്ങളെയാണ്. ഈ കാലഘട്ടത്തിലുണ്ടായ മുഖ്യമായ കാലവസ്ഥാ വ്യതിയാന ങ്ങളായ ഹിമ വീഴ്ച, കടൽ കയറ്റം, കടൽ ഇറക്കം എന്നിവ സുപ്രധാന പരിണാമ ങ്ങൾ ഭൗമോപരിതലത്തിൽ സൃഷ്ടിച്ചു. ഈ പരിണാമങ്ങളിൽ പലതും ഇന്നും അവ സാദ ശിലകളുടെ പാളികളിൽ സ്പഷ്ടമാണ്. ഇത്തരത്തിലുള്ള അവിശിഷ്ടങ്ങളാൽ ആവരണം ചെയ്യപ്പെട്ടിരിക്കുകയാണ് നീർത്തട പ്രദേശം.

## ഭാഗം -3
# അടിസ്ഥാന വിവരശേഖരണം

### 3.1. അടിസ്ഥാന വിവരശേഖരണ സർവ്വേ

സംസ്ഥാന നോഡൽ ഏജൻസി തയ്യാറാക്കി നൽകിയ അടിസ്ഥാന വിവരശേഖരണത്തിനുള്ള മാതൃകാ ഫോർമാറ്റിൽ പ്രാദേശികമായി ആവശ്യമായ ഭേദഗതികളോടെ അച്ചടിച്ച് വിവിധ അയൽക്കൂട്ടങ്ങൾ വഴിയാണ് കുടുംബതല വിവരശേഖരണം പൂർത്തിയാക്കിയത്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഭാഗം 1.7.4 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ ക്രോഡീകരിച്ച് ആവശ്യമായ വിവരങ്ങൾ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അടിസ്ഥാന വിവരശേഖരണ ഫോറത്തിൽ ഓരോ ഗുണഭോക്താവും അവശ്യപ്പെട്ട പ്രവൃത്തികൾ ഏകീകരിച്ച് "എക്സൽ" ഷീറ്റുകളാക്കി പി.ഐ.എ യ്ക്കു ലഭ്യമാക്കിയിട്ടുണ്ട്.

### 3.2. ജനസംഖ്യ

മാവേലിക്കര നീർത്തട പ്രദേശത്തുൾപ്പെടുന്ന എട്ട് ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങളിലാകെക്കൂടി 21551 വീടുകളുണ്ട്. ആകെ ജനസംഖ്യ 81980 ആണ്. സ്ത്രീ-പുരുഷ അനുപാതം 1074:1000 ആണ്.

**പട്ടിക 3.1**
**മാവേലിക്കര നീർത്തടം - ജനസംഖ്യ**

| ജനസംഖ്യ | | എണ്ണം | ശതമാനം |
|---|---|---|---|
| ആകെ ജനസംഖ്യ | പുരുഷന്മാർ | 38149 | 46.53 |
| | സ്ത്രീകൾ | 43831 | 53.47 |
| | ആകെ | 81980 | 100.00 |
| പട്ടിക ജാതി ജനസംഖ്യ | പുരുഷന്മാർ | 6024 | 46.18 |
| | സ്ത്രീകൾ | 7019 | 53.82 |
| | ആകെ | 13043 | 100.00 |
| പട്ടിക വർഗ്ഗ ജനസംഖ്യ | പുരുഷന്മാർ | 116 | 46.77 |
| | സ്ത്രീകൾ | 132 | 53.23 |
| | ആകെ | 248 | 100.00 |

### 3.3. ഭൂവിനിയോഗം

മാവേലിക്കര നീർത്തടത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ പരിഗണിക്കുമ്പോൾ കാർഷിക മേഖലയിൽ ഏതാണ്ട് 40% കര പ്രദേശവും 60% പ്രദേശം വയലുകളോ താഴ്ന്ന പ്രദേശങ്ങളോ ആണ്. തെങ്ങ് അടിസ്ഥാന വിളയായുള്ള മിശ്രിത കൃഷി രീതിയാണ് കരകൃഷിയിൽ മുഖ്യം. തെങ്ങിനൊപ്പം മറ്റ് വൃക്ഷവിളകളായ മാവ്, പ്ലാവ്, കവുങ്ങ് എന്നിവയും, ആഞ്ഞിലി, മഹാഗണി പോലെയുള്ള വൃക്ഷങ്ങളും കാണപ്പെടുന്നു. ഇടവിളകളായ കിഴങ്ങുവർഗ്ഗ വിളകൾ, വാഴ, ഇഞ്ചി, മഞ്ഞൾ എന്നിവ മുൻപ് സുല

ഭമായിരുന്നു എങ്കിലും ഇപ്പോൾ തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലിച്ചിലവ്, വിപണനത്തിലെ പ്രയാസങ്ങൾ എന്നിവ മൂലം ഇടവിള കൃഷി വളരെ കുറഞ്ഞിട്ടുണ്ട്.

താഴ്ന്ന പ്രദേശങ്ങളിൽ പ്രധാന വിളനെല്ലാണ്. നെൽകൃഷിയിൽ തന്നെ മൂന്നാം വിളയായി പുഞ്ചകൃഷി മാത്രം നടത്തുന്ന വളരെ താഴ്ന്ന പ്രദേശങ്ങൾ ചെന്നിത്തല, മാന്നാർ, ബുധനൂർ, പള്ളിപ്പാട്, വിയ്യപുരം എന്നീ പഞ്ചായത്തുകളുടെ ഭാഗങ്ങളിൽ കാണുന്നു.

ചെട്ടിക്കുളങ്ങര, പത്തിയൂർ പഞ്ചായത്തുകളുടെ ഭാഗങ്ങളിൽ ഇരുപ്പൂകൃഷിയ്ക്ക് യോഗ്യമായ നെൽവയലുകളുണ്ട്. എങ്കിലും ഇവയിൽ മിക്കതും ഇന്ന് കൃഷി ചെയ്യാതിരിക്കുകയാണ്. പല പ്രദേശങ്ങളിലും നെൽപ്പാടങ്ങൾ ഇടയ്ക്കിടയ്ക്ക് നികത്തിയിട്ടുള്ളതിനാൽ മറ്റ് പ്രദേശങ്ങളിൽ വെള്ളക്കെട്ടുണ്ടാവുകയും ആ പ്രദേശം പൂർണ്ണമായും നെൽകൃഷിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുകയുമാണ്. പൂർണ്ണമായോ ഭാഗീകമായോ നികത്തപ്പെട്ട 65 ഹെക്ടർ നെൽവയൽ നീർത്തട പ്രദേശത്തുണ്ട്. കൂടാതെ 363 ഹെക്ടർ നെൽവയലുകൾ കൃഷിയോഗ്യമാണെങ്കിലും ഇപ്പോൾ കൃഷി ചെയ്യാതെ തരിശിട്ടിരിക്കുകയാണ്. വെള്ളക്കെട്ട്, തൊഴിലാളികളുടെ ദൗർലഭ്യം, യന്ത്രവൽക്കരണം പ്രാവർത്തികമാക്കാൻ കഴിയാത്തത്, വർദ്ധിച്ച കൂലിച്ചിലവ് എന്നിങ്ങനെ നിരവധി കാരണങ്ങൾ ഇതിനുണ്ട്.


PRESENT LAND USE
MAVELIKKARA WATERSHED
DISTRICT : ALAPPUZHA
ALAPPUZHA
N
1:50,000
REFERENCE
Soil
Road
Waterbody
Railway line
Treated area
Muncipal area
Flow direction
Watershed boundary
LEGEND
Present land use
Paddy
Paddy(fallow)
Paddy(Puncha)
Converted paddy area
Paddy-Some portion fallow
Paddy,2 Crops(Upper paddy)
Paddy ,Puncha(Lower paddy)
Paddy-Some portion converted
Coconut based mixed cropping
Coconut based mixed cropping with settlement area
Subclass
Limitations
d- drainage
s- soil
t- topography

പട്ടിക. 3.2
ഭൂവിനിയോഗം

| നമ്പർ | ഇനം | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | നാളികേരാധിഷ്ഠിത മിശ്രിത കൃഷി | 1473 | 23.36 |
| 2 | നാളികേരാധിഷ്ഠിത മിശ്രിതകൃഷിയും നിർമ്മിതികളും | 1252 | 19.86 |
| 3 | നികത്തിയ നെൽ വയലുകൾ | 81 | 1.28 |
| 4 | നെല്ല് (രണ്ട് നെല്ലും മൂന്നാം വിളയും) | 324 | 5.14 |
| 5 | നെല്ല് (പുഞ്ചമാത്രം) | 2533 | 40.17 |
| 6 | തരിശ് നിലം (വയൽ) | 312 | 4.95 |
| 7 | നെല്ല് (വിരിപ്പ്) | 184 | 2.92 |
| 8 | ഭാഗീകമായി നികത്തിയ നിലം | 56 | 0.89 |
| 9 | ഭാഗീകമായി തരിശിട്ട നിലങ്ങൾ | 90 | 1.43 |
| | ആകെ | 6305 | 100 |

### 3.4. പ്രധാന വിളകളും ഉല്പാദന ക്ഷമതയും

കരകൃഷിയിൽ തെങ്ങ് തന്നെയാണ് പ്രധാനവിള. കൂടാതെ വാഴ, ചേന, ചേമ്പ്, പച്ചക്കറി, ഇഞ്ചി, മഞ്ഞൾ എന്നിവയും കൃഷി ചെയ്തുവരുന്നു.

താഴ്ന്ന സ്ഥലങ്ങളിൽ നെൽകൃഷിയാണ് മുഖ്യം. വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ മൂന്ന് കാലങ്ങളിലും കൃഷിയ്ക്കനുയോജ്യമായ പ്രദേശങ്ങൾ ഇവിടെയുണ്ട്. കൂടാതെ എള്ള് കൃഷി മുൻകാലങ്ങളിലുള്ളതിൽ നിന്നും കുറഞ്ഞിട്ടുണ്ടെങ്കിലും വള രെയധികം പ്രദേശങ്ങളിൽ ഇപ്പോഴും ചെയ്തുവരുന്നു.

**പട്ടിക 3.3**
**പ്രധാന വിളകളും ഉല്പാദനക്ഷമതയും**

| നമ്പർ | വിള | ഉല്പാദന ക്ഷമത |
|---|---|---|
| 1 | നെല്ല്<br>വിരിപ്പ്<br>മുണ്ടകൻ<br>പുഞ്ച | 2500 കിലോഗ്രാം/ഹെക്ടർ<br>2300 കിലോഗ്രാം/ ഹെക്ടർ<br>4000 കിലോഗ്രാം/ ഹെക്ടർ |
| 2 | തെങ്ങ് | 4600 നാളികേരം/ ഹെക്ടർ |
| 3 | മരച്ചീനി | 48 ടൺ/ഹെക്ടർ |
| 4 | വാഴ | 12 ടൺ/ഹെക്ടർ |
| 5 | ചേന | 35 ടൺ/ഹെക്ടർ |
| 6 | ചേമ്പ് | 40 ടൺ/ഹെക്ടർ |
| 7 | എള്ള് | 280 കിലോഗ്രാം/ഹെക്ടർ |

### 3.5 കൈവശ ഭൂമി

പൊതുവിൽ നാമമാത്ര ചെറുകിട കർഷകരാണ് നീർത്തട പ്രദേശത്ത് കൂടുത ലായുള്ളത്. ഭൂരഹിതരായവർ വളരെക്കുറവാണ്. കൈവശ സംബന്ധമായി കൃഷി ഭവനുകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ചതിൽ 92%പേരും നാമമാത്ര കർഷകരാണെന്ന് കാണുന്നു. ഏകദേശം 5% ചെറുകിട കർഷകരുമാണ്.

### 3.6. മൃഗസമ്പത്ത്

മൃഗസമ്പത്തിൽ പോയകാലങ്ങളിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. മൃഗപരിപാലനത്തിലുള്ള വർദ്ധിച്ച ചിലവ് പ്രത്യേകിച്ചും കാലിത്തീറ്റയുടെ വിലയിലുള്ള വർദ്ധനവ്, രോഗങ്ങൾ, തൊഴിലാളികളുടെ കുറവ് എന്നിവയാണ് മൃഗപരിപാലനത്തിൽ നിന്നും പിന്നോട്ട് പോകാൻ കാരണമായിട്ടുള്ളത്. മത്സ്യം വളർത്തലിന് അനുകൂലമായ സാഹചര്യങ്ങൾ മിക്കയിടങ്ങളിലും ഉണ്ട്.

പട്ടിക 3.4
മൃഗസമ്പത്ത്

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പശു | 3853 |
| 2 | എരുമ/പോത്ത് | 205 |
| 3 | ആട് | 1761 |
| 4 | കോഴി/താറാവ് | 52189 |
| | ആകെ | 58,008 |

ഇവകൂടാതെ മുയൽ, അലങ്കാര പക്ഷികൾ, അലങ്കാര മത്സ്യങ്ങൾ എന്നിവയും ഒറ്റപ്പെട്ട വീടുകളിൽ വളർത്തിക്കാണുന്നു.

ഭാഗം - 4

## പ്രോജക്ട് മാനേജ്മെന്റും സ്ഥാപനവൽക്കരണവും

### 4.1 സാമൂഹ്യസംഘാടനം

താഴെത്തട്ടിൽ നിന്ന് മുകളിലേക്കുള്ള (യീഭോ ഭീ ഭീു)ആസൂത്രണ പ്രക്രിയ വഴി പ്രാദേശിക ജനസമൂഹത്തിന്റെ ആവശ്യങ്ങളെ പദ്ധതി പ്രവർത്തനങ്ങളാക്കി രൂപ കല്പന ചെയ്യുന്ന ഈ പദ്ധതിയിൽ പദ്ധതി ആരംഭം മുതൽ തന്നെ ശക്തമായ ജനപ ങ്കാളിത്തം ഉറപ്പാക്കിയെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. ഒൻപതാം പഞ്ചവത്സരപദ്ധതിവരെയുള്ള കാലയളവിൽ രാജ്യത്തുടനീളം നടപ്പാക്കിയനീർത്തട പദ്ധതികളിലെ, ജനപങ്കാളിത്തമില്ലായ്മ എന്ന പ്രശ്നം പരിഹരിക്കുവാൻ വേണ്ടി യുള്ള തന്ത്രങ്ങൾ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നു.

പദ്ധതിപ്രദേശത്തിന്റെ മൊത്ത ചിത്രം പരിശോധിക്കുമ്പോൾ ഭൂവുടമകളിൽ ഏതാണ്ട് 96% പേരും നാമമാത്ര കർഷകരോ, ചെറുകിട കർഷകരോ ആണെന്ന് കാണാം. അതുകൊണ്ടുതന്നെ ഇവരുടെ പങ്കാളിത്തമില്ലാതെ, വലിയ കൈവശ ഭൂമി കളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന നീർത്തട വികസന പ്രവർത്തനങ്ങൾ ആവിഷ്കരി ച്ചാൽ, അത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിന് വിഘാത മാകും എന്നതുകൊണ്ടുതന്നെ സമസ്ത ജനവിഭാഗത്തെയും പദ്ധതി ആസൂത്രണ ത്തിലും,നടത്തിപ്പിലും, മേൽനോട്ടത്തിലും, ഭാവി പരിപാലനത്തിലും പങ്കാളികളാക്കേ ണ്ടത് അനിവാര്യമാണ്. നീർത്തടസമൂഹത്തെ സ്വയം സഹായ സംഘങ്ങളുടെയോ, ഉപയോക്തൃ സംഘങ്ങളുടെയോ രൂപത്തിൽ ചെറുസംഘങ്ങളാക്കി പദ്ധതിയുടെ അടിസ്ഥാന ശിലകളാക്കിയാണ് പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകു ന്നത്.

### 4.2 സ്വയംസഹായ സംഘങ്ങൾ

ഗ്രാമീണ ഭൂരഹിത, പരിമിത ഭൂവുടമാ കുടുംബങ്ങളെ സമാന താല്പര്യങ്ങൾ, പൊതുവായ പ്രവർത്തനം, സാമൂഹ്യ അനുരൂപത, ഉപജീവനമാർഗ്ഗങ്ങളിലെ സാമ്യം, സാമൂഹ്യ പ്രതിപത്തി, സംഘാവബോധം എന്നിവയുടെ അടിസ്ഥാനത്തിൽ പത്ത് മുതൽ ഇരുപത് വരെ അംഗങ്ങൾ ഉൾക്കൊള്ളുന്ന ചെറു സംഘങ്ങളാക്കിയിരിക്കു ന്നു. ഇവയെയാണ് സ്വയം സഹായസംഘങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. നില വിൽ ബ്ലോക്ക് പഞ്ചായത്ത് മേഖലയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കുടും ബശ്രീ അയൽക്കൂട്ടങ്ങൾക്കും, ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പദ്ധതികളിലായി

രൂപവൽക്കരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായസംഘങ്ങൾക്കും വാട്ടർഷെഡ് കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്ത് ഈ പദ്ധതിയുടെ സ്വയം സഹായസംഘങ്ങളായി തുടരാവുന്നതാണ്. ഇതിനു പുറമെ നീർത്തട പ്രദേശത്തു നിന്നുള്ള ഭൂരഹിത, നിർദ്ധന, പരിമിത ഭൂവുടമാ കുടുംബങ്ങൾക്ക് ഇനിയും സ്വയംസഹായ സംഘങ്ങൾ രുപീകരിച്ച് വാട്ടർഷെഡ് കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാവുന്നതാണ്. നിലവിലുള്ളതും ഇനി രുപീകരിക്കപ്പെടുന്നതുമായ എല്ലാ സ്വയം സഹായസംഘങ്ങളെയും നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമായി ഗ്രേഡ് ചെയ്ത് സ്വയം തൊഴിൽ/ ഉപജീനവമാർഗ്ഗ പ്രവൃത്തികൾ ഏറ്റെടുക്കാൻ പ്രാപ്തമാക്കേണ്ടതാണ്.

### 4.3 ഉപയോക്തൃസംഘങ്ങൾ

നീർത്തടവികസന പദ്ധതി വഴി നടപ്പിലാക്കുന്ന ഒരു പദ്ധതിയുടെ ഗുണഫലങ്ങൾ നേരിട്ടനുഭവിക്കുന്ന നീർത്തട സമൂഹത്തിലെ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രൂപ്പുകളെയാണ് ഉപയോക്തൃ സംഘങ്ങൾ എന്നതു കൊണ്ടുദ്ദേശിക്കുന്നത്. പദ്ധതിയുടെ ഭാഗമായോ അല്ലാതെയോ ഉള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാനും തദ്വാര പദ്ധതിയിലെ പങ്കാളികളാകുവാനും ഇവർക്ക് കഴിയുന്നു. പദ്ധതിയുടെ ഭാഗമായി ഓരോ ഗ്രാമപഞ്ചായത്ത് തലത്തിലും രുപീകൃതമായ സ്വയം സഹായ സംഘങ്ങളുടെ വിശദാംശങ്ങൾ പട്ടിക 4.1-ൽ ചേർക്കുന്നു

പട്ടിക 4.1

ഗ്രാമപഞ്ചായത്ത് തലത്തിൽ രുപീകൃതമായ സംഘങ്ങൾ

| നമ്പർ | ഗ്രാമപഞ്ചായത്ത് | സ്വയം സഹായസംഘങ്ങൾ |
|---|---|---|
| 1 | ചെട്ടികുളങ്ങര | 103 |
| 2 | പത്തിയൂർ | 33 |
| 3 | ചെന്നിത്തല - തൃപ്പെരുന്തുറ | 77 |
| 4 | മാന്നാർ | 21 |
| 5. | ബുധനൂർ | 33 |
| 6. | പള്ളിപ്പാട് | 13 |
| 7. | വിയ്യപുരം | 18 |
| 8. | കൃഷ്ണപുരം | 5 |
| | ആകെ | 303 |

ഇങ്ങനെ രുപീകരിക്കപ്പെട്ടിട്ടുള്ള സംഘങ്ങളിലെ ഭാരവാഹികളായവർക്കുള്ള പ്രാഥമിക പരിശീലനങ്ങളും നടന്നു വരുന്നു.

പട്ടിക 4.2

സ്വാശ്രയസംഘങ്ങൾക്കുള്ള പരിശീലനങ്ങൾ

| തീയതി | പരിശീലനസ്ഥലം | പങ്കെടുത്തവർ |
|---|---|---|
| 09.02.2015 | ചെന്നിത്തല പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ | 42 |
| 10.02.2015 | ബുധനൂർ പഞ്ചായത്ത് ഓഫീസ് ഹാൾ | 39 |
| 12.03.2015 | പത്തിയൂർ ഗ്രാമപഞ്ചായത്ത് ഹാൾ | 50 |
| 24.03.2015 | ചെന്നിത്തല പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ | 126 |

### 4.4 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ

ഒരു സ്വയംസഹായ സംഘത്തിലെയോ തൊട്ടടുത്ത സംഘങ്ങളിലെയോ അഞ്ചു മുതൽ പത്ത് വരെ അംഗങ്ങൾ ഉൾപ്പെടുന്നതും ഒരേ തരം ജീവനോപാധിയെ ആശ്രയിക്കുന്നവരുമായ ചെറുസംഘങ്ങളെയാണ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു ജീവനോപാധി പ്രവർത്തനം ഏറ്റെടുത്ത് നട പ്പിലാക്കുന്നതിന് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പദ്ധതിയിൽ തന്നെ ''സീഡ് മണി'' നൽകാവുന്നതാണ്. ഒരു സംഘം ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തന ത്തിന് ആകെ ചിലവാകും എന്ന് പ്രതീക്ഷിക്കുന്ന തുകയുടെ 90% ശതമാനം തുക 25000/- രൂപ എന്ന പരമാവധിക്കു വിധേയമായി ഇപ്രകാരം സീഡ്മണി ആയി നൽകാവുന്നതാണ്. ഈ തുക 18 മാസത്തിനകം പൂർണ്ണമായി തിരിച്ചടക്കേണ്ടതാണ്.

### 4.5 വാട്ടർഷെഡ് ഗ്രാമസഭ

നീർത്തട പ്രദേശത്തെ മുഴുവൻ കുടുംബങ്ങളിലെയും പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഒരു പൊതു സഭയാണ് വാട്ടർഷെഡ് ഗ്രാമസഭ. ഒരു നീർത്തട പദ്ധതിയെ സംബന്ധിച്ചിടത്തോളം അതിന്റെ പരമാധികാര സമിതിയാണ് നീർത്തട ഗ്രാമസഭ. വികേന്ദ്രീകൃത ആസൂത്രണം, ജനാധിപത്യപരമായ തീരുമാനമെ ടുക്കൽ, സുതാര്യമായ ഇടപാടുകൾ, സോഷ്യൽ ആഡിറ്റിങ് എന്നീ കാര്യങ്ങൾ ഉറപ്പാ ക്കാൻ ഗ്രാമസഭ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വർഷത്തിൽ കുറഞ്ഞത് നാലുപ്രാവ ശ്യമെങ്കിലും നീർത്തട ഗ്രാമസഭ ചേരേണ്ടതാണ്.

### 4.6 വാട്ടർഷെഡ് കമ്മിറ്റി

നീർത്തട ഗ്രാമസഭയുടെ നിർവ്വാഹക സമിതിയാണ് വാട്ടർഷെഡ് കമ്മിറ്റി പത്തിൽ കുറയാതെ അംഗങ്ങളുള്ള നീർത്തട പ്രദേശത്തെ സ്വയംസഹായ സംഘ

ങ്ങൾ, സ്ത്രീകൾ, പട്ടികജാതി/പട്ടിക വർഗ്ഗത്തിലുള്ളവർ, ഭൂരഹിതർ എന്നിവരുടെ പ്രതിനിധികൾ ഉൾപ്പെട്ടതുമായ സമിതിയാണ് വാട്ടർഷെഡ് കമ്മിറ്റി. നീർത്തട ഗ്രാമസ ഭയിൽവെച്ച് തിരഞ്ഞെടുക്കുന്ന ഈ സമിതിയുടെ ചെയർമാൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായിരിക്കും.

മാവേലിക്കര നീർത്തടത്തിലെ തൃപ്പെരുന്തുറ, കക്കാട്, കടവൂർ എന്നീ മൂന്ന് ചെറു നീർത്തടങ്ങളിലും നീർത്തട കമ്മിറ്റികൾ രുപീകരിച്ചിട്ടുണ്ട്.

ഓരോ വാട്ടർഷെഡ് കമ്മിറ്റിയിലും തിരഞ്ഞെടുത്തവരെ കൂടാതെ വാട്ടർഷെഡ് പ്രദേശത്തെ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളും, ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികളും അംഗങ്ങളായിരിക്കും. ഇതുകൂടാതെ വാട്ടർഷെഡ് ഡെവലപ്മെന്റ് ടീമിന്റെ പ്രതിനിധിയെ പദ്ധതി നിർവ്വഹണ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്ത് തീരുമാനിക്കും. സാങ്കേതിക സഹായം നൽകുന്ന മണ്ണ് പര്യവേക്ഷണ - സംരക്ഷണ വകുപ്പിന്റെ ഒരു പ്രതിനിധിയും വാട്ടർഷെഡ് കമ്മിറ്റിയിൽ അംഗമായിരിക്കും.

വാർഷിക പദ്ധതികൾ നടപ്പിലാക്കുക, പ്രവൃത്തികളുടെ കണക്കുകൾ റെക്കോർഡുകൾ എന്നിവ എഴുതി സൂക്ഷിക്കുക, നീർത്തട ഗ്രാമസഭകൾ യഥാസമയം ചേരുക, പ്രവൃത്തിയുടെ പുരോഗതിയും അവലോകനവും നടത്തുക തുടങ്ങി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളിലും മുഖ്യ പങ്ക് വഹിക്കുന്നത് നീർത്തടക്കമ്മറ്റികളാണ്. നീർത്തടകമ്മിറ്റിയുടെ കാലാവധി ഒരു വർഷമാണ്. നീർത്തട വാർഷിക പൊതുയോഗത്തിൽ നീർത്തടക്കമ്മിറ്റികൾ പുനഃസംഘടിപ്പിക്കേണ്ടതാണ്.

പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾക്ക് അനുവദനീയമായ 78% തുക വാട്ടർഷെഡ് കമ്മിറ്റിക്ക് ലഭിക്കുന്നു. ഇത് ആവശ്യമായ നടപടി ക്രമങ്ങൾക്കുശേഷം യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്തം വാട്ടർഷെഡ് കമ്മിറ്റികൾക്കുണ്ട്. ഇങ്ങനെ നീർത്തടത്തിലെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ വേണ്ട പണം സർക്കാരിൽ നിന്നും ലഭിക്കുന്നതിന്റെ ക്രയവിക്രയത്തിനായി വാട്ടർഷെഡ് കമ്മിറ്റി ഒരു പ്രൊജക്ട് ഫണ്ട് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഇത് വാട്ടർഷെഡ് കമ്മിറ്റി ചെയർപേഴ്സന്റെയും, സെക്രട്ടറിയുടെയും പേരിലുള്ള ഒരു ജോയിന്റ് അക്കൗണ്ടായി ആരംഭിച്ചിരിക്കുന്നു.കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന ഗുണഭോക്തൃവിഹിതം, യൂസർ ചാർജ്ജുകൾ ഇവ നിക്ഷേപിക്കുന്നതിനായി ഒരു ഡെവലപ്മെന്റ് ഫണ്ട് അക്കൗണ്ടും വാട്ടർഷെഡ്കമ്മിറ്റി ആരംഭിക്കേണ്ടതുണ്ട്. ഈ അക്കൗണ്ടിലെ തുക പ്രൊജക്ട് മാർഗ്ഗനിർദ്ദേശങ്ങൾക്കനു

സരിച്ച് തുടർപ്രവർത്തനങ്ങൾക്കും, പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കപ്പെട്ട ആസ്ഥികളുടെ പരിപാലനത്തിനുമായി ഉപയോഗിക്കാവുന്നതുമാണ്.

### 4.7 ഗ്രാമപഞ്ചായത്ത് തല വാട്ടർഷെഡ് കോർഡിനേഷൻ കമ്മിറ്റി (WCC)

മാവേലിക്കര നീർത്തടത്തിലെ മൂന്ന് ചെറു നീർത്തടങ്ങളിലും ഒന്നിലധികം ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. വിശദമായ പദ്ധതിരേഖയും പദ്ധതി പ്രവർത്തനങ്ങളും നീർത്തട പ്രദേശത്തിന് പൊതുവായി രുപീകരിക്കപ്പെടുന്നതിനാൽ പദ്ധതി പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുന്നതിന് ഒരു വാട്ടർഷെഡ് കോർഡിനേഷൻ കമ്മിറ്റി പഞ്ചായത്ത് തലത്തിൽ രുപീകരിക്കപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കോർഡിനേഷൻ കമ്മിറ്റിയുടെ ചെയർമാനും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഈ സമിതിയുടെ സെക്രട്ടറിയും ആയിരിക്കും.

### 4.8 പദ്ധതി നിർവ്വഹണ ഏജൻസി

സംസ്ഥാനത്ത് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഏജൻസിയായി (പി.ഐ.എ.) ബ്ലോക്ക് പഞ്ചായത്തുകളെയാണ് തീരുമാനിച്ചിരിക്കുന്നത്. പ്രൊജക്ട് പ്രദേശത്ത് ഒന്നിൽ കൂടുതൽ ബ്ലോക്കുകൾ ഉണ്ടെങ്കിൽ ഏറ്റവും കൂടുതൽ പദ്ധതി പ്രദേശം ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത് പി.ഐ.എ. ആയിരിക്കും.

മാർഗ്ഗരേഖയിലെ മേൽ നിബന്ധനകൾ പ്രകാരം മാവേലിക്കര ബ്ലോക്ക് പഞ്ചായത്താണ് പദ്ധതി നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നത്. മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയാണ് ബ്ലോക്ക് തലത്തിൽ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ. നീർത്തടാടിസ്ഥാനത്തിലുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതുമുതൽ പദ്ധതി പൂർത്തീകരണംവരെയുള്ള മുഴുവൻ ചുമതലയും ബ്ലോക്ക് പഞ്ചായത്തിനായിരിക്കും. പദ്ധതിയിലൂടെ സൃഷ്ടിച്ച ആസ്ഥികളും, സൗകര്യങ്ങളും സംരക്ഷിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തുന്നതും ബ്ലോക്ക് പഞ്ചായത്തായിരിക്കും. പദ്ധതി നിർവ്വഹണ ഏജൻസിയുടെ വിലാസം.

ബ്ലോക്ക് പഞ്ചായത്ത്<br>
മാവേലിക്കര പി.ഒ.,<br>
മാവേലിക്കര, ആലപ്പുഴ - 690101<br>
ഫോൺ : 0479-2303457<br>
ഇ-മെയിൽ :bdomvk@gmail.com

പദ്ധതി നിർവ്വഹണ ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് വേണ്ടി വാട്ടർഷെഡ് വികസന ടീമിനെ നിയോഗിച്ചിട്ടുണ്ട് (ണളഉ). നിർദ്ദിഷ്ട യോഗ്യതയും പ്രവൃത്തി പരിചയവും ഉള്ള വിദഗ്ദ്ധരെയാണ് ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. കൃഷി, സാമൂഹ്യസംഘാടനം, എഞ്ചിനീയറിംഗ് എന്നീ വിഷയങ്ങളിലെ വിദഗ്ദ്ധരെയാണ് ടീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**4.9 പദ്ധതി മേൽനോട്ടവും ഏകോപനവും**

പദ്ധതിയുടെ ഏകോപനം നടത്തുന്നത് ബ്ലോക്ക് പഞ്ചായത്ത് തലത്തിലെ പ്രൊജക്ടുതല കോർഡിനേഷൻ സമിതിയാണ്. മാവേലിക്കര നീർത്തടത്തിന്റെ ബ്ലോക്ക് തല കോർഡിനേഷൻ സമിതി 21.05.2014-ന് രൂപീകരിച്ചു. 19 അംഗ സമിതിയുടെ ചെയർമാൻ മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും, ഹരിപ്പാട്, ചെങ്ങന്നൂർ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ കൊ-ചെയർമാൻമാരുമാണ്. ഈ സമിതിയുടെ മെമ്പർ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ടെക്നിക്കൽ കോർഡിനേറ്ററുമാണ്. 31.12.2014 വരെ ഏഴ് ബ്ലോക്ക് തല കോർഡിനേഷൻ കമ്മിറ്റി യോഗങ്ങൾ നടത്തിയിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങളെ വ്യക്തിഗത പ്രവൃത്തികളായും, പൊതു പ്രവൃത്തികളായും തരംതിരിക്കാം. വ്യക്തിഗത പ്രവൃത്തികൾ ഗുണഭോക്താക്കൾ നേരിട്ട് നടപ്പിലാക്കുകയും ബന്ധപ്പെട്ട വാട്ടർഷെഡ് കമ്മിറ്റി ആവശ്യമായ നടപടി ക്രമങ്ങൾക്കുശേഷം ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ധനസഹായം നൽകുകയും വേണം. വ്യക്തിഗത പ്രവൃത്തികൾ നടപ്പിലാക്കേണ്ട രീതികൾ ബന്ധപ്പെട്ട പ്രവൃത്തികളോടൊപ്പം വ്യക്തമാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായ പൊതുപ്രവൃത്തികളുടെ നടത്തിപ്പ്, മേൽനോട്ടം, പരിപാലനം എന്നിവ ഉപയോക്തൃ ഗ്രൂപ്പുകളുടെ ചുമതലയാണ്. ഈ പ്രവൃത്തികൾ ഗ്രൂപ്പുകൾ സ്വന്തം ഉത്തരവാദിത്വത്തിൽ നടപ്പിലാക്കി പൂർത്തീകരിച്ച് വാട്ടർഷെഡ് കമ്മിറ്റിയിൽ നിന്നും ആവശ്യമായ ധനസഹായം കൈപ്പറ്റേണ്ടതാണ്. ഉപയോക്തൃ ഗ്രൂപ്പുകൾക്ക് ആവശ്യമായ സാങ്കേതിക സഹായം നീർത്തടവികസന ടീം അംഗങ്ങളോ, വാട്ടർഷെഡ് കമ്മിറ്റിയോ ചെയ്തു നൽകുന്നതാണ്. പദ്ധതിയിലെ പ്രകൃതിവിഭവ പരിപാലനം, ഉത്പാദന മേഖലയിലെ സൂക്ഷ്മസംരംഭങ്ങൾ, ജീവനോപാധികളുടെ മെച്ചപ്പെടുത്തൽ എന്നീ മൂന്ന് മേഖലകളിലെയും പരിപാടികൾ നടപ്പിലാക്കുന്നതിന്റെ നടപടിക്രമങ്ങളും മാർഗ്ഗരേഖകളും തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

### 4.10 പങ്കാളിത്ത ഗ്രാമവിശകലനം (പി.ആർ.എ)

പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും, ആസൂത്രണത്തിനുവേണ്ട പ്രാദേശികമായ വിവരങ്ങൾ ശേഖരിക്കുന്നതിനുമുള്ള ഉപാധിയാണ് പങ്കാളിത്ത പഠനപരിപാടികൾ. ആസൂത്രണത്തിൽ പങ്കാളികളാവുന്നതുകൊണ്ടുതന്നെ, പദ്ധതി തങ്ങളുടേതാണ് എന്ന ഒരു ഉടമസ്ഥതാബോധം നീർത്തടസമൂഹത്തിൽ ഉണ്ടാക്കിയെടുക്കുവാൻ ഈ പരിപാടികൾക്ക് കഴിയുന്നു. കൂടാതെ വ്യക്തിഗത വിവരശേഖരണത്തിൽ ലഭിക്കാത്ത സാമൂഹ്യപ്രശ്നങ്ങൾ, പൊതുസമൂഹത്തിന്റെ പദ്ധതി സ്വീകാര്യത തുടങ്ങിയ കാര്യങ്ങളെപ്പറ്റി ഒരു വ്യക്തമായ ചിത്രം ആസൂത്രണ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന പദ്ധതിപ്രദേശത്തിനു പുറത്തുള്ളവർക്ക് നൽകാനും പങ്കാളിത്ത പരിപാടികൾക്ക് കഴിയുന്നു.

പട്ടിക 4.10

പങ്കാളിത്ത പരിപാടികളിലുപയോഗിച്ച മാർഗ്ഗങ്ങൾ

| നമ്പർ | പി.ആർ.എ. റ്റൂൾ | ഉദ്ദേശ ലക്ഷ്യങ്ങൾ |
|---|---|---|
| 1 | അതിർത്തി പരിച്ഛേദം | ചെറുനീർത്തടത്തിന്റെ അതിരുകൾ നീർത്തട കമ്മിറ്റി അംഗങ്ങൾക്കും, നീർത്തട സമൂഹത്തിനും വ്യക്തമാക്കുക. (ഈ മാപ്പുകൾ അതാത് നീർത്തടങ്ങളുടെ വിവരണത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്). |
| 2 | വിഭവ ഭൂപടം | ഭൂവിനിയോഗം, ജലസേചന സംവിധാനങ്ങൾ, പ്രകൃതിവിഭവങ്ങളായ തോട്, കുളം, കാടുകൾ, നിലവിലുള്ള കൃഷിസമ്പ്രദായം, തരിശു പ്രദേശം ഇവയെ സംബന്ധിച്ച വിവരം ലഭിച്ചു. |
| 3. | സാമൂഹ്യ ഭൂപടം | സാമൂഹ്യ ആസ്തികൾ, സ്ഥാപനങ്ങൾ, ഗതാഗത സൗകര്യങ്ങൾ, സാമ്പത്തിക നിലവാരം, വിദ്യാഭ്യാസ നിലവാരം ഇവ സംബന്ധിച്ച വിവരങ്ങൾ ലഭിച്ചു. |
| 4 | ട്രെന്റ് പരിശോധന | വിളകൾ, കൃഷിസ്ഥലം, ഉല്പാദനം എന്നിവയിൽ വന്നിട്ടുള്ള മാറ്റം അറിയാൻ കഴിഞ്ഞു. |
| 5 | സീസണാലിറ്റി പരിശോധന | ഓരോ സീസണിലെയും കൃഷി, തൊഴിലാളികളുടെ ആവശ്യകത, വിഭവ ലഭ്യത എന്നിവ പരിശോധന വിധേയമാക്കി. |

| | | |
|---|---|---|
| 6. | മുൻഗണനാ നിർണ്ണയം | നീർത്തട പ്രദേശങ്ങളിൽ സ്വീകാര്യമായ കൃഷി സമ്പ്രദായം, വൃക്ഷങ്ങൾ, പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ, പ്രശ്നപരിഹാരങ്ങൾ ഇവയുടെ മുൻഗണന തീരുമാനിക്കാൻ ഉപയോഗിച്ചു. |
| 7 | പ്രൊബ്ലം ട്രീ അനാലി സിസ് | മുൻഗണനാ പ്രശ്നങ്ങളുടെ കാരണങ്ങളും പരി ഹാരങ്ങളും കണ്ടെത്തുവാൻ സഹായിച്ചു |
| 8. | SWOT അനാലിസിസ് | പ്രദേശത്തിന് വിവിധ മേഖലയിലെ അനുകൂല പ്രതി കൂല ഘടകങ്ങൾ കണ്ടെത്തി അനുകൂലനങ്ങളെ പ്രോത്സാഹിപ്പിച്ച് പരിമിതികളെ മറികടക്കുക. |

പങ്കാളിത്ത പഠനമാർഗ്ഗങ്ങളിലൂടെ ശേഖരിച്ച വിവരങ്ങൾ പദ്ധതിരേഖയിൽ വിവിധ ഭാഗങ്ങളിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പങ്കാളിത്ത പഠനപരിപാടി യുടെ ഭാഗമായി നിർമ്മിച്ച ഭൂപടങ്ങൾ, ശേഖരിച്ച വിവരങ്ങൾ എന്നിവയും പദ്ധതി നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്.

പങ്കാളിത്ത പഠനത്തിലെ പ്രശ്നവിശകലനത്തിൽ കണ്ടെത്തിയ പ്രശ്നങ്ങളും അവയുടെ പരിഹാരത്തിന് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പരിപാടികളും ചുവടെ ചേർക്കുന്നു.

പട്ടിക4.11

നീർത്തടത്തിലെ പ്രശ്ന വിശകലനം

| പ്രശ്നം | പരിഹാരപരിപാടികൾ |
|---|---|
| ജലസേചന സൗകര്യങ്ങൾ ഇല്ല | കുളങ്ങൾ, കിണറുകൾ, പോർട്ടബിൾ പമ്പ് സെറ്റു കൾ |
| തൊഴിലാളികളുടെ ദൗർലഭ്യം | യന്ത്രവൽക്കരണത്തിനുവേണ്ടി ഗാർഡൻ ടില്ലറുകൾ, തെങ്ങുകയറ്റ യന്ത്രങ്ങളും തൊഴിൽ സേനയും, തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം |
| ജൈവവളങ്ങൾ ലഭ്യതക്കുറവ് | ജൈവവേലികൾ, ചെറുകിട ജൈവവള നിർമ്മാണ സംവിധാനങ്ങൾ |
| വിപണന സൗകര്യങ്ങൾ ഇല്ല | മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ യൂണിറ്റ്, വി.എ ഫ്.പി.സി.കെ വഴി വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റിംഗ് യൂണിറ്റുകൾ |

| | |
|---|---|
| ഉയർന്ന ചിലവ് | യന്ത്രവൽക്കരണം, തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം, പുൽകൃഷി, സംഭരണം, കാലിത്തീറ്റ വൈവിധ്യത |
| നല്ലയിനം നടീൽ വസ്തുക്കളുടെ അഭാവം | വിത്തുല്പാദന യൂണിറ്റുകൾ, ചെറുകിട ഇൻകുബേറ്ററുകൾ |
| രോഗങ്ങൾ (വിളകൾക്കും മൃഗങ്ങൾക്കും) | മൃഗാരോഗ്യ ക്യാമ്പുകൾ, ക്ലീനിംഗ് കിറ്റുകൾ, ജൈവ കീടനാശിനി നിർമ്മാണം - പരിശീലനം |
| തരിശിടുന്ന കൃഷിയിടങ്ങൾ | തരിശ് നിർമ്മാർജ്ജന പരിപാടി, എള്ള് കൃഷി, ഇടവിള കൃഷി പ്രോത്സാഹനം,പുറം ബണ്ടു ബലപ്പെടുത്തൽ, മത്സ്യകൃഷി സഹായം, പാട്ടകൃഷി |
| പാടശേഖരങ്ങളിൽ വെള്ളം കയറ്റിയിറക്കുന്നതിന്റെ പ്രശ്നങ്ങൾ | പെട്ടിയും പറയും, പുറം ബണ്ടുകൾ, എഞ്ചിൻ തറകൾ, ഓരുമുട്ടുകൾ, വാച്ചാലുകൾ |
| ഗുണനിലവാരം കുറഞ്ഞ കുടിവെള്ളം | ഫിൽറ്റർ യൂണിറ്റുകൾ, മഴവെള്ള സംഭരണികൾ, കിണർ വൃത്തിയാക്കൽ |

മേൽ പറഞ്ഞവ കൂടാതെ പദ്ധതിയിൽ പരിഗണിക്കാൻ കഴിയാത്ത ചില പ്രശ്നങ്ങളും കണ്ടെത്തിയിട്ടുണ്ട്. പമ്പാ ജലസേചന പദ്ധതിയിലെ ജലം ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സംഭരണത്തിലെ അപര്യാപ്തതകൾ, തെരുവ് നായകൾ മൂലമുള്ള ശല്യം എന്നിങ്ങനെ പ്രാദേശിക ഭരണകൂടങ്ങൾക്ക് പരിഹാരം കണ്ടെത്താവുന്ന പ്രശ്നങ്ങൾ അവരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

### 4.11 സംയോജന സാധ്യതകൾ

പങ്കാളിത്ത പഠനത്തിൽ അറിവായ എല്ലാ പ്രശ്നങ്ങൾക്കും സംയോജിത നീർത്തട പരിപാലന പരിപാടിയിൽ അനുവദനീയമായ തുകയിൽ നിന്നുകൊണ്ട് പരിഹാരം കാണുന്നത് പ്രായോഗികമല്ല. മാത്രവുമല്ല, പല പ്രശ്നങ്ങളും പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നവയുമാവണമെന്നില്ല. ഈ സാഹചര്യങ്ങളിൽ പ്രദേശത്ത് വികസന പരിപാടികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളുടെയും പദ്ധതികളുടെയും സഹായം പദ്ധതിയിൽ എങ്ങനെ ഉപയോഗപ്പെടുത്താം എന്നതാണ് സംയോജന സാദ്ധ്യതയിലൂടെ കണ്ടെത്താൻ ശ്രമിക്കുന്നത്.

### 4.11.1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പ്രദേശത്ത് ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികളിൽ ഏറ്റവും പ്രയോജനപ്പെടുത്താൻ കഴിയുന്നത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയാണ്. പദ്ധതിയിലെ പല പരിപാടികളുടെയും അവിദഗ്ദ്ധ തൊഴിൽ പ്രദാനം ചെയ്യുവാൻ തൊഴിലുറപ്പ് പദ്ധതിക്ക് കഴിയും. ഉദാഹരണമായി തെങ്ങിൻതടം എടുത്ത് ജൈവ പുതയിടൽ നടത്തുന്ന പരിപാടിയിൽ തെങ്ങിന് തടമെടുക്കുന്നതും, പുതയിടലിനുവേണ്ടി വിത്തു വിതയ്ക്കുന്നതുമായ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും വിത്തിന്റെ വില പദ്ധതി ചിലവിലും കണ്ടെത്താവുന്നതാണ്. കടവൂർ നീർത്തട പ്രദേശത്ത് കൃഷി അനുബന്ധ മേഖലയിൽ കണ്ടെത്തിയ പ്രധാന പ്രശ്നമായ തൊഴിലാളികളുടെ ദൗർലഭ്യം ഉയർന്ന കൂലിച്ചിലവ് എന്നിവയ്ക്ക് വലിയൊരളവ് പരിഹാരമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്താവുന്നതാണ്.

മണ്ണ്- ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടി വരുന്ന പ്രവർത്തനങ്ങളുടെ ഏതാണ്ട് പകുതിയോളം ഇപ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. കൂടാതെ നീർത്തടവികസന പ്രവർത്തനങ്ങളിൽ തരിശ് പ്രദേശങ്ങൾ കൃഷി യോഗ്യമാക്കുന്നതിനുള്ള പരിപാടിയിൽ ഏറ്റവും മുതൽ മുടക്ക് ആവശ്യമായി വരുന്ന നിലമൊരുക്കലിനും, വിള തീവ്രത വർദ്ധിപ്പിക്കുന്നതിനായുള്ള ഇടവിളകൃഷി, വിളവൈവിധ്യവൽക്കരണത്തിന്റെ ഭാഗമായ പുൽകൃഷി, വൃക്ഷവൽക്കരണം എന്നീ പ്രവൃത്തികളുടെ തടമെടുക്കൽ, കുഴിയെടുക്കൽ തുടങ്ങിയ ജോലികളും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്.

### 4.11.2 മൃഗസംരക്ഷണം, ക്ഷീരവികസനം

വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ സേവനം ഗ്രാമതലത്തിൽ ലഭ്യമാക്കുന്നതിനാണ് പദ്ധതിയിൽ ഊന്നൽ നൽകിയിരിക്കുന്നത്. പ്രാദേശികമായ പരിശീലനങ്ങളും, ക്യാമ്പുകളും സംഘടിപ്പിച്ച് മൃഗപരിപാലനത്തിലെ മൃഗരോഗങ്ങളുമായ ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുമ്പോൾ ക്യാമ്പുകളുടെ നടത്തിപ്പ് വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ എന്നീ പ്രവർത്തനങ്ങളിൽ ഈ വകുപ്പുകളിലെ സാങ്കേതിക ഉദ്യോഗസ്ഥർ നിർണ്ണായക പങ്ക് വഹിക്കുന്നു. ക്യാമ്പുകളുടെ നടത്തിപ്പ് ചിലവ്, ഉപകരണങ്ങൾ, മരുന്നുകൾ ഇവ പദ്ധതിയിൽ കണ്ടെത്തുന്നു. ഈ പരിപാടികളിൽ ക്ഷീരസംഘങ്ങളുടെ പങ്കാളിത്തവും പൂർണ്ണമായി ഉറപ്പാക്കേണ്ടതാണ്.

ക്ഷീരവികസന മേഖലയിൽ മെച്ചപ്പെട്ട പുൽകടകളുടെയും, വിത്തുകളുടെയും വിതരണത്തിന് വകുപ്പ് മുൻകൈയെടുക്കുമ്പോൾ, നടീൽ ചെലവിനുള്ള സഹായം, സംഭരണസംവിധാനങ്ങൾ ഇവ പദ്ധതിയിലൂടെ കണ്ടെത്തുന്നു.

### 4.11.3 കൃഷിവകുപ്പ്

ബയോഗ്യാസ് പ്ലാന്റുകൾ, മൈക്രോ ഇറിഗേഷൻ (തുള്ളിനന, സ്പ്രിംഗ്ലർ ജല സേചനം) എന്നീ പരിപാടികൾക്ക് വകുപ്പിന്റെ ഇപ്പോഴുള്ള പദ്ധതികളിലൂടെ ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. ഇതിനു പുറമേ ആവശ്യമായി വരുന്ന തുക മാത്രമേ പദ്ധതിയിൽ നിന്നും കണ്ടെത്തേണ്ടതുള്ളു. ഇതു കൂടാതെ വകുപ്പിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ സേവനം, പഠന പരിശീലന പരിപാടികളിലും, പദ്ധതി നടത്തിപ്പിലും ഉണ്ടാകേണ്ടതുണ്ട്.

### 4.11.4 ഗവേഷണ സ്ഥാപനങ്ങൾ

ഓണാട്ടുകര പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, കായംകുളം കൃഷി വിജ്ഞാനകേന്ദ്രം, എന്നിവ പദ്ധതി പ്രദേശത്തിന്റെ സമീപത്താകയാൽ എല്ലാ മേഖലയിലെയും പരിശീലന പരിപാടികൾക്കും, പ്രദർശനത്തോട്ടങ്ങൾക്കും മറ്റും ഈ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.നെല്ല്, പച്ചക്കറി, ഇഞ്ചി, മഞ്ഞൾ, വാഴ എന്നിവയുടെ നടീൽ വസ്തുക്കളുടെ അഭാവം പ്രദേശത്തുണ്ടെന്ന് പങ്കാളിത്ത പരിപാടിയിൽ അറിവായിട്ടുണ്ട്. ഇതിൽ ടിഷ്യൂകൾച്ചർ വാഴത്തൈകൾ മുൻകൂട്ടി ആവശ്യപ്പെട്ടാൽ കായംകുളം കൃഷി വിജ്ഞാനകേന്ദ്രം നൽകുന്നതാണ്. ഇതിനുള്ള നടപടികൾ വാട്ടർഷെഡ് കമ്മിറ്റികൾ ചെയ്യേണ്ടതാണ്. നെല്ല്, പച്ചക്കറി, ഇഞ്ചി, മഞ്ഞൾ ഇവയുടെ വിത്തുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള മാതൃവിത്തുകൾ വാട്ടർഷെഡ് കമ്മിറ്റികൾ ഈ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ വാങ്ങി ഈ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെ നടീൽ വസ്തുക്കളുടെ ഉത്പാദന യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. നിർദ്ദിഷ്ട ഗുണനിലവാരം ഉറപ്പാക്കുന്ന പക്ഷം ഈ സ്ഥാപനങ്ങളും കർഷകരിൽ നിന്നും നടീൽ വസ്തുക്കൾ ശേഖരിക്കുന്നതാണ്. വാട്ടർഷെഡ് കമ്മിറ്റിയും, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഏജൻസിയും ഈ സ്ഥാപനങ്ങളുമായി മുൻകൂട്ടി ചർച്ച ചെയ്ത് ഇക്കാര്യങ്ങളിൽ ധാരണയുണ്ടാക്കേണ്ടതാണ്.

### 4.11.5 ഫിഷറീസ് വകുപ്പ്

മത്സ്യകൃഷി വികസനത്തിനും തദ്വാരാ ഉള്ള വരുമാനദായക സംരംഭങ്ങൾക്കും വളരെ അനുകൂലമായ സാഹചര്യമാണ് പ്രദേശത്തുള്ളത്. ഇതുകൂടാതെ ജലസേ

ചന സൗകര്യങ്ങൾക്കായി കുളങ്ങൾ നിർമ്മിക്കുമ്പോൾ ഒരു അധിക വരുമാന മാർഗ്ഗമായും മത്സ്യകൃഷി ഉപകരിക്കും.മത്സ്യകൃഷിക്കാവശ്യമായ കുളങ്ങൾ നിർമ്മിക്കുവാനും, നിലവിലുള്ള കുളങ്ങൾ, മറ്റ് ജലാശയങ്ങൾ എന്നിവയെ മത്സ്യം വളർത്തലിനനുയോജ്യമായ രീതിയിൽ മാറ്റിയെടുക്കാനും പദ്ധതിയിൽ തുക കണ്ടെത്തുമ്പോൾ മത്സ്യക്കുഞ്ഞുങ്ങൾ, തീറ്റ മുതലായവ ഫിഷറീസ് വകുപ്പിൽ നിന്നും സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നു. ഇതിനുവേണ്ടി ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ഫിഷറീസ് കോർഡിനേറ്റർമാരുമായോ, ഫിഷറീസ് സബ് ഇൻസ്പെക്ടറുടെ ഓഫീസുമായോ ബന്ധപ്പെട്ട് വാട്ടർഷെഡ് കമ്മിറ്റി മുൻകൂട്ടി ധാരണ ഉണ്ടാക്കേണ്ടതാണ്.

**4.11.6 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ**

പദ്ധതി നടത്തിപ്പിന്റെ മുഖ്യ ചുമതല തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ക്കാകയാൽ ഈ സ്ഥാപനങ്ങളുമായി സാമ്പത്തിക ഭൗതിക സംയോജന സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. ഈ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ സംയോജിത നീർത്തട പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വകയിരുത്താവുന്നതാണ്. പദ്ധതിയിലെ സാമ്പത്തിക പരിമിതി മൂലം ചുരുക്കേണ്ടി വന്ന ഇടവിളകിറ്റുകളുടെ വിതരണം, തൊഴുത്ത് നവീകരണം, അടുക്കളത്തോട്ടം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ കിറ്റ് എന്നിവ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ പേർക്ക് ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശ്രമിക്കാവുന്നതാണ്. കൂടാതെ പാടശേഖരങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതുപോലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും കാലാകാലങ്ങളിലെ നിരക്ക് വർദ്ധന പദ്ധതി നിർവ്വഹണത്തിന് തടസ്സമാകുന്ന പക്ഷം അധികമായി വേണ്ടിവരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കണ്ടെത്താവുന്നതാണ്.

പദ്ധതിയിൽ കണ്ടെത്താവുന്ന സംയോജന സാധ്യതകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സംയോജന സാധ്യതാ സ്ഥാപനങ്ങൾ |
|---|---|
| തരിശു നിലങ്ങളിലെ കൃഷി | IWMP+ MNREGS+കൃഷിവകുപ്പ് |
| ഇടവിളകിറ്റുകൾ | IWMP+ MNREGS + തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ |
| അടുക്കളത്തോട്ടം | IWMP+ MNREGS+കൃഷിവകുപ്പ് |
| ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ കിറ്റ് | IWMP+ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ |

| | |
|---|---|
| തൊഴുത്ത് നവീകരണം | IWMP+ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ |
| കുളങ്ങൾ | IWMP+ MNREGS |
| പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ | IWMP+ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ |
| ബയോഗ്യാസ് പ്ലാന്റ് | IWMP+ ശുചിത്വമിഷൻ |
| കോഴി/ആട് വളർത്തൽ | IWMP+ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ |

ഭാഗം 5

# കർമ്മപരിപാടികൾ

## 5.1 വിളംബര പ്രവൃത്തികൾ (Entry Point Activities)

പ്രാദേശിക ആസൂത്രണത്തിൽ ജനപങ്കാളിത്തം നഷ്ടപ്പെടുന്നതിന്റെ പ്രധാന കാരണം ജനങ്ങളുടെ ആവശ്യങ്ങൾ (എലഹഠ 'ിലലറ) പദ്ധതിയിൽ പരിഗണിക്കുന്നില്ല എന്നുള്ളതാണ്. അതിനാൽ തന്നെ സമൂഹത്തിന്റെ ആവശ്യങ്ങൾ പദ്ധതിയിലുൾപ്പെട്ടാൽ, അത് പ്രാദേശിക സമൂഹത്തിന്റെ വിശ്വാസ്യത ആർജ്ജിക്കാൻ ഏറെ സഹായകരമാവുമെന്നതിന്റെ അടിസ്ഥാനത്തിൽ ചില വിളംബര പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായേക്കാവുന്ന പരിപാടികളുടെയോ പ്രവൃത്തികളുടെയോ പ്രദർശനമായും, മാതൃകകളായും വിളംബര പ്രവർത്തികളെ ഉപയോഗിക്കാവുന്നതാണ്. ഉദാഹരണമായി മഴവെള്ളസംഭരണ സംവിധാനങ്ങൾ, പ്രാദേശിക ഊർജ്ജ ഉത്പാദന സൗകര്യങ്ങൾ എന്നിവ പരിഗണിക്കാം. ഇവയുടെ പ്രവർത്തന മാതൃകകൾ പദ്ധതി തുടങ്ങും മുൻപ് തന്നെ പ്രദേശത്ത് പൊതുസ്ഥലങ്ങളിൽ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നത് പ്രസ്തുത പ്രവർത്തനം നേരിട്ട് കണ്ട് ഗുണഗണങ്ങൾ അറിയുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

വിളംബര പ്രവൃത്തികൾ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന ഘട്ടത്തിനോടൊപ്പം തന്നെ നടപ്പിലാക്കുന്നതുകൊണ്ട് പദ്ധതിയുടെ വികേന്ദ്രീകൃത ആസൂത്രണ സ്വഭാവവും, ജനകീയമായ പദ്ധതി നടത്തിപ്പുമൊക്കെ പ്രാദേശിക ജനസമൂഹത്തിന് പദ്ധതി ആസൂത്രണത്തിലും, നടത്തിപ്പിലുമുള്ള ഒരു പ്രായോഗിക പരിശീലനമാവുകയും ചെയ്യുന്നു.

മാവേലിക്കര നീർത്തട പദ്ധതിയിലെ ഓരോ ചെറു നീർത്തടങ്ങളിലും വിളംബര പ്രവൃത്തികൾക്കായി നീക്കിവെച്ച തുക പട്ടിക 5.1-ൽ നൽകിയിരിക്കുന്നു. ഈ പ്രവൃത്തികളെല്ലാംതന്നെ പ്രാദേശികമായി രുപീകരിച്ച ഉപയോക്തൃ ഗ്രൂപ്പുകൾ വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്.



പ്രാരംഭ പ്രവർത്തനങ്ങളുടെ സ്ഥാനം
N
പുരാവൃത്തം
ബണ്ട്
കിണർ
മഴമറ കൃഷി
മഴവെള്ളസംഭരണി
കിണർ പുതുക്കൽ
ബയോ ഗ്യാസ് പ്ലാന്റ്
സൂചനകൾ
നിരത്ത്
നീർച്ചാൽ
ജലാശയം
റെയിൽപ്പാത
നീർത്തട അതിർത്തി
Geomatics lab
Dept.of Soil Survey & Soil Conservation,Kerala

പട്ടിക 5.1

വിളംബര പ്രവൃത്തികൾക്കായി നീക്കിവെച്ച തുക

| നമ്പർ | നീർത്തടം | കോഡ് | തുക |
|---|---|---|---|
| 1 | തൃപ്പെരുന്തുറ | 9അ52 | 1207800 |
| 2 | കക്കാട് | 9അ62 | 174800 |
| 3 | കടവൂർ | 9അ462 | 1643800 |
| | ആകെ | | 3026400 |

ഓരോ നീർത്തടത്തിലും വിളംബര പ്രവൃത്തികൾ ഏറ്റെടുത്തതും അവ നടപ്പിലാക്കുന്ന സ്ഥലനിർണ്ണയം നടത്തിയതും പ്രാദേശിക ജനസമൂഹം, ജനപ്രതിനിധികൾ എന്നിവരുമായി നടത്തിയ ചർച്ചകളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ്. ബ്ലോക്ക് തല കോർഡിനേഷൻ സമിതിയും ഇക്കാര്യങ്ങളിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. മാവേലിക്കര നീർത്തടത്തിൽ വിളംബര പ്രവൃത്തികളായി ഇനിപ്പറയുന്ന പ്രവൃത്തികളാണ് തീരുമാനിച്ചിട്ടുള്ളത്.

**മഴവെള്ള സംഭരണികൾ**

നീർത്തട പ്രദേശത്തിന്റെ പലഭാഗങ്ങളിലും കുടിവെള്ളത്തിന്റെ ഗുണനിലവാരം വളരെ മോശമാണ്. ചിലയിടങ്ങളിലെങ്കിലും മഴക്കാലങ്ങളിൽ കിണറുകളിലെ വെള്ളം തീർത്തും ഉപയോഗരഹിതമാകുന്നുമുണ്ട്. ഈ സ്ഥലങ്ങളിൽ മഴവെള്ളം ശേഖരിച്ച് കുടിവെള്ളമായി ഉപയോഗിക്കാൻ ഫെറോസിമന്റ് സാങ്കേതിക വിദ്യയിലൂടെ നിർമ്മിക്കുന്ന മഴവെള്ള സംഭരണ സംവിധാനങ്ങൾക്ക് കഴിയും. മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ശേഖരിച്ച് അരിച്ച് ഫെറോസിമന്റ് ടാങ്കിൽ സംഭരിച്ച് കുടിവെള്ളമായി ഉപയോഗിക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നു.

ബയോഗ്യാസ് പ്ലാന്റുകൾ

നീർത്തട പ്രദേശത്ത് പൊതുവെ മഴക്കാലത്ത് വെള്ളക്കെട്ടിന്റെ പ്രശ്നങ്ങൾ നേരിടുന്നതിനാൽ മാലിന്യനിർമ്മാർജ്ജനം ഏറെ ദുഷ്കരമാണ്. കന്നുകാലി വളർത്തലിലേർപ്പെട്ടിരിക്കുന്നവർക്ക് മഴക്കാലം ഏറെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച് മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പ്രസക്തിയേറുന്നത്. ചാണകം, കന്നുകാലികൾക്കു നൽകിയ ഭക്ഷണാവശിഷ്ടങ്ങൾ, അടുക്കളയിൽ നിന്നുള്ള ജൈവമാലിന്യങ്ങൾ ഇവയെ ഇന്ധനമാക്കി മാറ്റുന്നതിനുള്ള ഈ സംവിധാനത്തിന്റെ പ്രധാന സവിശേഷതകൾ ഇനിപ്പറയുന്നവയാണ്.

- മാലിന്യപ്രശ്നങ്ങൾക്ക് പരിഹാരം
- പ്ലാന്റുകൾ പുറന്തള്ളുന്ന സ്ലറി നല്ല ജൈവാംശം ഉള്ളതുകൊണ്ട് പച്ചക്കറികൾ, വാഴ എന്നിവയുടെ കൃഷിക്ക് ഉപയോഗിച്ചാൽ ഉത്പാദന വർദ്ധനവുണ്ടാകുന്നതായി കണ്ടിട്ടുണ്ട്.
- ഒരു ക്യൂബിക് മീറ്റർ സംഭരണശേഷിയുള്ള പ്ലാന്റിന് ഏകദേശം രണ്ട് മണിക്കൂർ പ്രവർത്തിക്കുന്നതിനുള്ള ഗ്യാസ് നൽകാൻ കഴിയുന്നു. ശരാശരി മൂന്ന് സിലിണ്ടർ എൻ.പി.ജി.വരെ വർഷത്തിൽ ലാഭിക്കുവാൻ ബയോഗ്യാസ് പ്ലാന്റുകൾ സഹായിക്കുന്നു.

**കിണർ നിർമ്മാണം**

പദ്ധതി പ്രദേശത്തെ പ്രധാന കുടിവെള്ള സ്രോതസ്സ് കിണറുകൾ തന്നെയാണ്. കുടിവെള്ളത്തിന്റെ ഗുണനിലവാരം വലിയൊരു പ്രശ്നമായതുകൊണ്ടുതന്നെ ശുദ്ധജലം കിട്ടുന്ന സ്ഥലങ്ങളിൽ പൊതുക്കിണറുകൾ നിർമ്മിച്ചിരുന്നു. പതിനഞ്ചു മുതൽ ഇരുപത് വർഷം വരെ പഴക്കമുള്ള ഇത്തരം കിണറുകൾ വളരെ ശോച്യാവസ്ഥയിലായിരുന്നു. ചില കോളനി പ്രദേശങ്ങളിൽ പ്രദേശവാസികളുടെ സാമ്പത്തികാവസ്ഥ ഇവയുടെ പുനർനിർമ്മാണത്തിന് തടസ്സവുമായിരുന്നു. ഈ സാഹചര്യങ്ങൾ പരിഗണിച്ച് പ്രസ്തുത മേഖലകളിൽ ശുദ്ധജല സ്രോതസ്സുകളായ പൊതുകിണറുകളുടെ പുനർനിർമ്മാണം പദ്ധതിയിലൂടെ നടത്തുവാൻ തീരുമാനിക്കുകയായിരുന്നു.

കോൺക്രീറ്റ് റിങ്ങുകൾ ഇറക്കി അവയ്ക്കിടയിൽ വിടവുകൾ അടച്ച് മേൽഷൊക്കം വെച്ച് അടിയിൽ നിന്നുള്ള ശുദ്ധജലം മാത്രം കിണറുകളിൽ ലഭിക്കുന്നതിനും, വെള്ളം കോരിയെടുക്കുന്നതിനുമുള്ള സംവിധാനങ്ങളാണ് കിണർ നവീകരണത്തിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. പുഞ്ചപ്പാടങ്ങൾക്ക് സമീപം ഇത്തരത്തിൽ നിർമ്മിച്ചിട്ടുള്ള കിണറുകൾ വർഷകാലത്ത് കുടിവെള്ളത്തിന് ഏറെ സഹായകരമാവുമെന്ന് ഉപയോക്താക്കൾ വിലയിരുത്തുന്നു.

**മഴമറകൃഷി**

പച്ചക്കറി തുടങ്ങിയ കാർഷികവിളകളുടെ ഉല്പാദനം കാലാവസ്ഥാ വ്യതിയാനം മൂലം ഏറെ പ്രതിസന്ധിയിലാണ്. ഇതിനു പരിഹാരമായി ഉയർന്ന താപനില, അമിതമായ സൂര്യപ്രകാശം, രോഗകീടങ്ങൾ, ജലസേചനത്തിന്റെ പ്രശ്നങ്ങൾ എന്നിവയൊക്കെ നിയന്ത്രണവിധേയമാക്കാവുന്ന പോളിഹൗസുകളിൽ കൃഷി ചെയ്യുന്നു. കുടുംബകൃഷിക്ക് ഏറെ പ്രാധാന്യം ഉള്ള ഇപ്പോഴത്തെ സാഹചര്യങ്ങളിൽ പോളിഹൗസ് കൃഷിക്ക് നിർണ്ണായകമായ പങ്കുണ്ട്.

നിയന്ത്രിത സാഹചര്യങ്ങളായതുകൊണ്ടുതന്നെ കുട്ടികളും, സ്ത്രീകളുമുൾപ്പെടുന്ന കുടുംബത്തിന് തന്നെ ഇതിലെ പണികൾ ചെയ്യാൻ കഴിയും. കൂടാതെ രോഗകീടങ്ങൾ കുറവായതിനാൽ വിഷം തീണ്ടാത്ത പച്ചക്കറികൾ ലഭ്യമാകുന്നതിനും ഇത് സഹായിക്കും. മഴയും മറ്റ് കാലാവസ്ഥാ ഭീഷണികളും വലിയതോതിൽ പ്രശ്നങ്ങളുണ്ടാക്കാത്തതിനാൽ വർഷം മുഴുവനും ഏതെങ്കിലും തരത്തിലുള്ള പച്ചക്കറികൾ ഉല്പാദിപ്പിക്കാൻ പോളിഹൗസ് കൃഷിയിലേർപ്പെട്ടിരിക്കുന്നവർക്ക് കഴിയുന്നു.

പോളിഹൗസുകൾക്കുള്ളിൽ ജൈവകൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. അതുകൊണ്ടുതന്നെ ഗുണമേന്മ കൂടിയതും, ഷെൽഫ് ലൈഫ് കൂടിയതുമായ പച്ചക്കറി വിളകൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നു എന്ന പ്രത്യേകതയും പോളിഹൗസ് കൃഷിക്കുണ്ട്.

പോളിഹൗസ് കൃഷിയുടെ പ്രചരണാർത്ഥം പദ്ധതിപ്രദേശത്തെ വിദ്യാലയങ്ങളിൽ ഇവയുടെ പ്രദർശനമാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. പൊതുജനങ്ങൾ ഇവ കണ്ടും, വിദ്യാർത്ഥികളിലൂടെ കേട്ടറിഞ്ഞും ജൈവ പച്ചക്കറി ഉല്പാദനത്തിനു മുൻകൈയ്യെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പട്ടിക 5.2

വിളംബര പ്രവൃത്തികൾ (Entry Point Activities)

| ക്രമ നമ്പർ | നീർത്തടം | പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | എണ്ണം | അട കൽതുക | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | തൃപ്പെരുന്തുറ | ചെന്നിത്തല - തൃപ്പെരുന്തുറ | തച്ചേൽപ്പടി, മുക്കത്ത് കോളനി പാടശേഖരം- ബണ്ടുനിർമ്മാണം | 2 | 6,38,000/- | തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചു.ആകെ അടങ്കൽതുക 21,16,447/- |
| 2 | തൃപ്പെരുന്തുറ | ചെന്നിത്തല - തൃപ്പെരുന്തുറ | മഴവെള്ളസംഭരണി (ഇഞ്ചിക്കത്തറ കോളനി) | 1 | 3,35,000/ | 75000 ലിറ്റർ സംഭരണശേഷി |
| 3 | തൃപ്പെരുന്തുറ | ചെന്നിത്തല - തൃപ്പെരുന്തുറ | കാക്കേരിദ്വീപ് - കിണർ നിർമ്മാണം | 1 | 87,000/- | 15 വീടുകൾക്കുള്ളകുടിവെള്ളം |
| 4 | തൃപ്പെരുന്തുറ | പള്ളിപ്പാട് | കുരീത്തറ കോളനി കിണർ നവീകരണം | 1 | 20,000/- | 15 വീടുകൾക്കുള്ളകുടിവെള്ളം |
| 5 | തൃപ്പെരുന്തുറ | പള്ളിപ്പാട് | അമ്പിയിൽ കോളനി കിണർ നവീകരണം | 1 | 20,000/- | 12 വീടുകൾക്കുള്ളകുടിവെള്ളം |
| 6 | തൃപ്പെരുന്തുറ | പള്ളിപ്പാട് | ചിരട്ടക്കേരികോളനി കിണർ നവീകരണം | 1 | 20,000/- | 10 വീടുകൾക്കുള്ളകുടിവെള്ളം |
| 7 | തൃപ്പെരുന്തുറ | വിയ്യപുരം | മഴവെള്ള സംഭരണി പട്ടനോടികോളനി | 1 | 87,800/- | 15000 ലിറ്റർ സംഭരണശേഷി |
| 8 | കക്കാട് | ബുധനൂർ | മഴവെള്ള സംഭരണി ആയുർവ്വേദ ആശുപത്രി എണ്ണയ്ക്കാട് | 1 | 87800/- | 15000 ലിറ്റർ സംഭരണശേഷി |
| 9 | കക്കാട് | ബുധനൂർ | ബയോഗ്യാസ് പ്ലാന്റ് അംഗൻവാഡിക്കുവേണ്ടി | 1 | 17000/- | ഒരുക്യൂബിക്മീറ്റർശേഷി |
| 10 | കക്കാട് | മാന്നാർ | കിണർ നവീകരണം കിഴക്കേക്കാട്ടിൽകോളനി | 1 | 70,000/- | 8 കുടുംബങ്ങൾക്ക്കുടിവെള്ളം |

| | | | | | | |
|---|---|---|---|---|---|---|
| 11 | കടവൂർ | പത്തിയൂർ | ആറാട്ടുകുളങ്ങര യു.പി.എ സിൽമഴവെള്ളസംഭരണി | 1 | 87800/- | 15000 ലിറ്റർ സംഭരണശേഷി |
| 12 | കടവൂർ | ചെട്ടികുളങ്ങര | മഴവെള്ള സംഭരണി എൽ.പി. എസ്. ആഞ്ഞിലിപ്ര | 1 | 87,800/- | 15000 ലിറ്റർ സംഭരണശേഷി |
| 13 | കടവൂർ | ചെട്ടികുളങ്ങര | മഴവെള്ള സംഭരണി എൽ.പി.എസ്സ്, കണ്ണമംഗലം | 1 | 87,800/- | 15000 ലിറ്റർ സംഭരണശേഷി |
| 14 | കടവൂർ | ചെട്ടികുളങ്ങര | മഴമറകൃഷി - തെക്കേക്കരഗവ. എൽ.പി.എസ് | 3 | 2,10,000/- | |
| 15 | കടവൂർ | ചെട്ടികുളങ്ങര | മഴമറകൃഷി - തെക്കേക്കര എൽ.പി.ജി.എസ് | 2 | 1,40,000/- | |
| 16 | കടവൂർ | ചെട്ടികുളങ്ങര | യു.പി.എസ്. ഈരേഴ മഴമറകൃഷി | 1 | 70,000/- | |
| 17 | കടവൂർ | ചെട്ടികുളങ്ങര | ഗവ. എൽ.പി.എസ്. ആഞ്ഞിലിപ്ര, മഴമറകൃഷി | 1 | 70,000/- | |
| 18 | കടവൂർ | ചെട്ടികുളങ്ങര | കണ്ണമംഗലം സൗത്ത് യു.പി.എസ്.മഴമറകൃഷി | 2 | 1,40,000/ | |
| 19 | കടവൂർ | ചെട്ടികുളങ്ങര | മഴമറകൃഷികണ്ണമംഗലംഗവ. ജി. യു.പി.ജി.എസ് | 2 | 1,40,000/- | |
| 20 | കടവൂർ | ചെട്ടികുളങ്ങര | കണ്ണമംഗലം ഗവ. എൽ.പി.എ സ്. (മഴമറകൃഷി) | 1 | 70,000/- | |
| 21 | കടവൂർ | ചെട്ടികുളങ്ങര | ഈരേഴഗവ. എൽ.പി.എസ്. (മഴമറകൃഷി) | 2 | 1,40,000/- | |
| 22 | കടവൂർ | ചെട്ടികുളങ്ങര | എൽ.പി.എസ്. പേള, മഴമറകൃഷി | 1 | 1,40,000/- | |
| ആകെ | | | | 31 | 27,66,000 | |


പ്രാരംഭ പ്രവർത്തനങ്ങളുടെ സ്ഥാനം
N
പുരാവൃത്തം
ബണ്ട്
കിണർ
മഴമറ കൃഷി
മഴവെള്ളസംഭരണി
കിണർ പുതുക്കൽ
ബയോ ഗ്യാസ് പ്ലാന്റ്
സൂചനകൾ
നിരത്ത്
നീർച്ചാൽ
ജലാശയം
റെയിൽപ്പാത
നീർത്തട അതിർത്തി
Geomatics lab
Dept.of Soil Survey & Soil Conservation,Kerala

**താച്ചയിൽപ്പടി - മുക്കത്ത് കോളനി - പാടശേഖരത്തിന് ബണ്ട് നിർമ്മാണം.**

150 ഏക്കർ വിസ്തൃതിയുള്ള ചെന്നിത്തല ഗ്രാമപഞ്ചായത്തിലെ താച്ചയിൽപ്പടി - മുക്കത്ത് കോളനി പാടശേഖരത്തിൽ കൃഷിയ്ക്കാവശ്യമായ വെള്ളം എത്തിക്കുന്നതിനും, കൃഷിയാവശ്യത്തിന് സാധനസാമഗ്രികൾ എത്തിക്കുന്നതിനുള്ള സൗകര്യമൊരുക്കുവാനുംവേണ്ടിയാണ് വിളംബര പ്രവൃത്തികളിൽ ഉൾപ്പെടുത്തി ഈ പ്രവൃത്തി ഏറ്റെടുത്തത്.

പമ്പാ ജലസേചന പദ്ധതിയുടെ കനാൽ (570 മീറ്റർ നീളത്തിൽ പാടശേഖരത്തിന്റെ ജലസേചനത്തിനുവേണ്ടി നിർമ്മിച്ചത്) പോളയും ചെളിയും നിറഞ്ഞത് വൃത്തിയാക്കി കനാൽ ഉപയോഗ യോഗ്യമാക്കുകയാണ് ആദ്യപടിയായി ചെയ്തത്. തുടർന്ന് കനാലിലേയ്ക്ക് വീണ്ടും ചെളിയും മാലിന്യങ്ങളും ഇടിഞ്ഞിറങ്ങുന്നത് ഒഴിവാക്കുവാനും കനാലിന്റെ വശത്തെ ഒരു ബണ്ട് റോഡാക്കി പാടശേഖരത്തിലേക്ക് സാധനങ്ങൾ കൊണ്ടുപോകുന്നതിനുമായി മൺതിട്ട രൂപപ്പെടുത്തി കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തി അതിൽ രാമച്ചത്തിന്റെ തൈകൾ നട്ടിട്ടുണ്ട്. ഈ പ്രവൃത്തികൾക്കൊക്കെക്കൂടി 21,16,447 രൂപ മതിപ്പ് ചിലവ് കണക്ക് കൂട്ടിയതിൽ 15 ലക്ഷത്തോളം രൂപ തൊഴിലുറപ്പ് പദ്ധതിയിലൂടെ കണ്ടെത്തുവാൻ കഴിഞ്ഞു.ഈ പ്രവൃത്തി നടപ്പിലാക്കിയതിലൂടെ താഴെ പറയുന്ന പ്രയോജനങ്ങൾ ഉണ്ടായിട്ടുണ്ട്.

- ജലസചേന കനാൽ ഉപയോഗയോഗ്യമാക്കി.
- പാടശേഖരത്തിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി.
- പദ്ധതികളുടെ സംയോജന സാധ്യത നീർത്തട സമൂഹത്തിന് മനസ്സിലാക്കി കൊടുത്തു.
- തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി 6,000 ൽപരം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു.
- സസ്യപ്രബലനം നടത്തിയ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള തീരസംരക്ഷണത്തിന്റെ മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞു.
- രാമച്ചം ഉപയോഗിച്ചുള്ള കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നു.

വിളംബര പ്രവർത്തികൾക്കായി 30,26,400/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും വിവിധ കാരണങ്ങളാൽ 27,66,000/- രൂപയുടെ പ്രവർത്തികളാണ് പൂർത്തിയാക്കിയത്. ബാക്കിയുള്ള തുക പ്രകൃതിവിഭവ പരിപാലനത്തിനായി വിനിയോഗിക്കുന്നു.

## 5.2 നീർത്തട വികസന പ്രവർത്തനങ്ങൾ

പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സാധൂകരിക്കുന്നതിനുള്ള വികസന പരിപാടികൾ തീരുമാനിക്കുന്ന കാതലായ ഈ ഭാഗം ഏറെ പ്രാധാന്യമർഹിക്കുന്നു. പദ്ധതി അടങ്കലിന്റെ 56 ശതമാനത്തിന്റെയും വിനിയോഗം തീരുമാനിക്കപ്പെടുന്ന ഈ ഘട്ടത്തിൽ പ്രകൃതി വിഭവ പരിപാലനത്തിന് മുൻഗണന നൽകിയിരിക്കുന്നു. ഓരോ നീർത്തടത്തിലും പങ്കാളിത്ത പഠനത്തിലൂടെ കണ്ടെത്തിയ പ്രശ്നങ്ങളിൽ പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. ഈ പ്രശ്നങ്ങൾക്ക് പ്രാദേശികമായി നിർദ്ദേശിച്ച പരിഹാരങ്ങൾക്കൊപ്പം നീർത്തട വികസന ടീമിന് നിർദ്ദേശിക്കാൻ കഴിഞ്ഞ പരിഹാരങ്ങളും, ഗവേഷണ, വിജ്ഞാന വ്യാപന സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ടാണ് നീർത്തട വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

### 5.2.1 സമീപനം

ഭൂപ്രകൃതി അനുസരിച്ച് തീരദേശമേഖലയിൽ ഉൾപ്പെടുന്ന നീർത്തടത്തിന്റെ ഭൂരിഭാഗവും താരതമ്യേന നിരപ്പായ പ്രദേശങ്ങളായതുകൊണ്ടുതന്നെ ചരിവ് മൂലമുള്ള മണ്ണൊലിപ്പ്, വെള്ളത്തിന്റെ കുത്തൊഴുക്ക് തുടങ്ങിയ പ്രശ്നങ്ങൾ അനുഭവപ്പെടുന്നില്ല. സംസ്ഥാനത്തെ ഒരു പ്രധാന നദിയായ അച്ചൻകോവിലാറിന്റെ അവസാന ഭാഗത്തുള്ള സമതലങ്ങളായതിനാൽ തന്നെ വെള്ളപ്പൊക്കം, നീരൊഴുക്ക് തടസ്സപ്പെടുന്നത് മൂലമുള്ള വെള്ളക്കെട്ട് എന്നിവ ഇവിടെ സർവ്വ സാധാരണമാണ്. കേരളത്തിലെ തന്നെ നെല്ലുല്പാദന മേഖലകളായ മേൽ കുട്ടനാട്, ഓണാട്ടുകര മേഖലകൾ പദ്ധതി പ്രദേശത്തുണ്ട്. അച്ചൻകോവിലാറിന്റെ സമതലങ്ങളായത്കൊണ്ടുതന്നെ നെൽപ്പാടങ്ങളാണ് ഇവിടത്തെ പ്രധാന പ്രകൃതിവിഭവം. ഇതിൽ കൃഷി ചെയ്യുന്നതിനുള്ള വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങളും, ജലസേചന സൗകര്യങ്ങൾ ഒരുക്കലിനുമാണ് പ്രകൃതി-വിഭവപരിപാലനത്തിൽ മുൻതൂക്കം നൽകിയിരിക്കുന്നത്. ഇരിപ്പൂകൃഷിയും, പുഞ്ചകൃഷിയുമുണ്ടായിരുന്നതും ഇപ്പോൾ വിവിധ കാരണങ്ങളാൽ തരിശിട്ടിരിക്കുന്നതുമായ പാടങ്ങൾ കൃഷിയോഗ്യമാക്കി പരിമിതമായ ഭൂവിഭവത്തെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ പ്രകൃതി വിഭവപരിപാലനത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

കരപ്രദേശങ്ങളുടെ പ്രധാന പ്രശ്നം ജൈവാംശം കുറഞ്ഞ മണൽ കൂടുതലുള്ള മണ്ണാണ്. അതുകൊണ്ടുതന്നെ ജൈവാംശം കൂട്ടിയും, മെച്ചപ്പെട്ട ജലസേചന സൗകര്യങ്ങൾ ഒരുക്കിയും ഈ പ്രദേശങ്ങൾ പൂർണ്ണമായി കൃഷിയോഗ്യമാക്കുന്നതിന്

പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ വിള സാന്ദ്രത വർദ്ധിപ്പിച്ച്, മിശ്രിത കൃഷികളിലൂടെയും മറ്റും ഭൂവിഭവമായ മണ്ണിന്റെ പരിപാലനവും, സ്ഥായിയായ ഉപയോഗവും ഉറപ്പ് വരുത്തുന്നു. ജൈവാംശം വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻതടങ്ങളിൽ പയർവർഗ്ഗവിളകൾ കൃഷിചെയ്യുന്നതിനും, ജൈവവേലികൾ നിർമ്മിക്കുന്നതിനും, ചെറിയ ജൈവവള നിർമ്മാണ സംവിധാനങ്ങൾ ഒരുക്കുവാനും പദ്ധതിയിടുന്നു. ജലസേചന സൗകര്യങ്ങൾക്കായി കുളങ്ങളുടെ നിർമ്മാണത്തിനും, പോർട്ടബിൾ പമ്പ് സെറ്റുകൾക്കും പദ്ധതിയിൽ തുക വകയിരുത്തുന്നു.

കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും, ഗുണനിലവാരം ഉറപ്പാക്കുന്നതിനും വേണ്ട ചില നിർദ്ദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മഴവെള്ള സംഭരണികൾ, കിണറുകളുടെ നിർമ്മാണവും പുനരുദ്ധാരണവും,ഫിൽട്ടർ യൂണിറ്റുകൾ എന്നീ പ്രവർത്തനങ്ങൾ സുരക്ഷിതമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനു വേണ്ടി ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രദേശത്തെ മണ്ണിന്റെ പോഷകഗുണം, അമ്ലത എന്നിവ മനസ്സിലാക്കി കൃത്യമായ വളപ്രയോഗം നടത്തുന്നതിനും അമിത രാസവളങ്ങൾ ഒഴിവാക്കി ആവശ്യമെങ്കിൽ അമ്ലത പരിഹരിച്ച് മണ്ണിന്റെ ആരോഗ്യം നിലനിർത്തി സ്ഥായിയായ ഉല്പാദനം ഉറപ്പാക്കുന്നതിനുംവേണ്ടി മണ്ണ് പരിശോധനയ്ക്കും സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിനും പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നു.

മാലിന്യനിർമ്മാർജ്ജനം നടത്തുന്നതോടൊപ്പം ജൈവവളത്തിനും, ഇന്ധനത്തിനും ഉപകരിക്കുന്ന രീതിയിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുവാനും പദ്ധതിയിലെ പ്രകൃതി വിഭവ പരിപാലന പരിപാടികളിൽ തുക വകയിരുത്തിയിട്ടുണ്ട്.

മാവേലിക്കര നീർത്തടത്തിലെ ഓരോ ചെറുനീർത്തടങ്ങളിലും പ്രകൃതി വിഭവ പരിപാലനത്തിനായി വകയിരുത്തിയിരിക്കുന്ന തുക പട്ടി 5.3ൽ വ്യക്തമാക്കിയിരിക്കുന്നു.

പട്ടിക 5.3

ബഡ്ജറ്റ് - പ്രകൃതിവിഭവ പരിപാലനം, നീർത്തടവികസനം

| നമ്പർ | നീർത്തടം | കോഡ് | തുക |
|---|---|---|---|
| 1 | തൃപ്പെരുന്തുറ | 9A5a | 1,96,69,440 |
| 2 | കക്കാട് | 9A6a | 48,31,680, |
| 3 | കടവൂർ | 9A46a | 1,78,68,480 |
| | ആകെ | | 4,23,69,600 |

നീർത്തട വികസനത്തിനും, പ്രകൃതിവിഭവ പരിപാലനത്തിനുമായി പദ്ധതിയിൽ ഏറ്റെടുത്ത പ്രവൃത്തികൾ ഇനിപ്പറയുന്നു.

1. **പാടശേഖരങ്ങളുടെ പുറം ബണ്ട് ബലപ്പെടുത്തൽ**

പദ്ധതിപ്രദേശങ്ങളിലെ നെൽപ്പാടങ്ങളിൽ കൃഷി ചെയ്യുന്നതിന് കൃഷിയിടങ്ങളിലെ വെള്ളം വറ്റിക്കേണ്ടതായി വരുന്നു. പാടശേഖരങ്ങളേക്കാൾ ഉയർന്ന നിരപ്പിലുള്ള നീർച്ചാലുകളിലേയ്ക്കാണ് വെള്ളം പമ്പ് ചെയ്ത് ഒഴുക്കി കളയേണ്ടിവരുന്നത്. അതുകൊണ്ടുതന്നെ ഈ നീർച്ചാലുകളുടെ തീരങ്ങൾക്ക് മതിയായ ഉയരവും ഉറപ്പും ഉണ്ടാകേണ്ടതുണ്ട്. കൂടാതെ മിക്ക പാടശേഖരങ്ങളും നദീ തീരത്തായതിനാൽ അച്ചൻകോവിലാറിലെ ജലവിതാനം ഉയരുന്നതനുസരിച്ച് ബണ്ടുകൾക്ക് ആവശ്യമായ ഉയരമില്ലെങ്കിൽ അത് നെൽകൃഷിയെ ദോഷകരമായി ബാധിക്കുകയും, വലിയ കൃഷിനാശത്തിന് കാരണമാവുകയും ചെയ്യും. ഈ സാഹചര്യങ്ങളിൽ പാടശേഖരങ്ങളിലെ പുറം ബണ്ടുകൾ ഉയരം കൂട്ടി ബലപ്പെടുത്തേണ്ടതായി വരുന്നു. വളരെ ചിലവേറിയ കരിങ്കൽ കെട്ടുകൾ ഒഴിവാക്കി പ്രദേശത്തെ മണ്ണ് തന്നെ ഉപയോഗപ്പെടുത്തിയാണ് ഉയരം കൂട്ടുന്നത്.

ഓരോ പാടശേഖരങ്ങളിലും ഇത്തരത്തിൽ ബണ്ടു നിർമ്മാണത്തിനു വേണ്ടി വരുന്ന തുകയ്ക്കുള്ള വിശദമായ എസ്റ്റിമേറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

2. **ജലനിർഗ്ഗമനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ**

പാടശേഖരങ്ങൾ വെള്ളം വറ്റിച്ച് കൃഷിയിറക്കാൻ പര്യാപ്തമായ രീതിയിൽ മാറ്റിയെടുക്കാൻ മുൻപ് മനുഷ്യാദ്ധ്വാനമായിരുന്നു പ്രധാനം. എന്നാൽ ഇപ്പോൾ യന്ത്രവൽകൃത സംവിധാനങ്ങളാണ് കൂടുതൽ ഉപയോഗപ്പെടുത്തുന്നത്. പെട്ടിയും, പറയും അതിന്റെ മോട്ടോർ സംവിധാനവുമാണ് ഇതിൽ ഏറ്റവും പ്രധാനം. വലിയ വാടക നൽകിയാണ് മിക്ക പാടശേഖരങ്ങളും ഈ സംവിധാനങ്ങൾ ഇപ്പോൾ ഉപയോഗപ്പെടുത്തുന്നത്. കൃഷിച്ചിലവ് വർദ്ധിപ്പിക്കുന്നതിനും ക്രമേണ കൃഷിയിൽ നിന്നും പിന്നോക്കം പോകുന്നതിനും ഇത് കാരണമാകുന്നു.

യന്ത്രവൽകൃത സംവിധാനങ്ങൾ മിക്ക പാടശേഖരങ്ങളിലും താൽക്കാലിക ഷെഡ്ഡുകളിലാണ് സൂക്ഷിക്കുന്നത്. ഓരോ കൃഷിക്കാലവും കഴിയുമ്പോൾ ഇവ ഇളക്കി മാറ്റി ദൂരേയ്ക്ക് കൊണ്ടു പോകേണ്ടി വരുന്നത് വളരെ ശ്രമകരവും ചിലവേറിയതുമാണ്.

ഈ സാഹചര്യങ്ങളിൽ നെൽപ്പാടങ്ങളുടെയും നെൽകൃഷിയുടെയും നിലനിൽപ്പിനായി യന്ത്രവൽക്കരണത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമായി കാണുന്നു. ഓരോ പാടശേഖരത്തിലും ഈ മേഖലയിലെ ഇപ്പോഴുള്ള സംവിധാനങ്ങൾ വിലയിരുത്തി അധികമായി വേണ്ടത് പദ്ധതിയിൽ നടപ്പാക്കുന്നതിന് തുക വകയിരുത്തിയിരിക്കുന്നു. പെട്ടിയും പറയും, വാച്ചാലുകൾ വൃത്തിയാക്കൽ, ഓരുമുട്ടുകൾ, മോട്ടോറുകൾ, എഞ്ചിൻതറയും ഷെഡും എന്നിങ്ങനെയുള്ള പ്രവൃത്തികളാണ് ആവശ്യാനുസരണം ഓരോ പാടശേഖരത്തിനും വകയിരുത്തിയിട്ടുള്ളത്. ഇവയ്ക്കോരോന്നിനുമുള്ള എസ്റ്റിമേറ്റ് അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജലനിർഗ്ഗമനത്തിന് സംസ്ഥാന വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യശേഷിയുള്ള മോട്ടോറുകൾ ഉപയോഗിക്കാൻ പ്രൊജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി ശ്രദ്ധിക്കണം.

**3. ജലസേചന സൗകര്യമൊരുക്കൽ**

ജൈവാംശം കുറഞ്ഞ മണൽ കലർന്ന മണ്ണാണ് പദ്ധതി പ്രദേശത്തെ കരഭൂമിയിൽ ഏറ്റവും കൂടുതൽ പ്രദേശത്തും കാണപ്പെടുന്നത്. അതുകൊണ്ടുതന്നെ മണ്ണിന്റെ ജലാഗിരണശേഷി വളരെക്കുറവാണ്. അതേസമയം തന്നെ ഭൂഗർഭ ജലനിരപ്പ് മിക്ക സ്ഥലങ്ങളിലും വേനൽക്കാലത്തും മൂന്നുമീറ്റർ താഴ്ച്ചയിലാണ്. അതുകൊണ്ട് വളരെ കുറഞ്ഞ ആഴത്തിൽ ലഭിക്കുന്ന ഭൂഗർഭ ജലം കൃഷിയാവശ്യത്തിനു വേണ്ടി ഉപയോഗിച്ചാൽ കുറെയേറെ സ്ഥലം കൃഷിയോഗ്യമാക്കുവാനും, വേനൽകാലത്തെ കൃഷിനാശത്തിന് പരിഹാരമുണ്ടാക്കാനും കഴിയും. മൂന്നരമീറ്റർവരെ ആഴത്തിലുള്ള കുളങ്ങൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പ് വരുത്തുവാനാണ് ലക്ഷ്യമിടുന്നത്. വേനൽക്കാലങ്ങളിൽ ജലസേചന മാർഗ്ഗമില്ലാത്തതുമൂലം കൃഷി ചെയ്യാതിരിക്കുന്ന വളരെയേറെ പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. കുളങ്ങൾ നവീകരിച്ച് സംഭരണശേഷി കൂട്ടുന്നതിനും ഈ ഇനത്തിൽ നിന്ന് ധനസഹായം നൽകാവുന്നതാണ്.

**4. വൃക്ഷത്തടങ്ങൾ**

തൽസ്ഥല ജലസംരക്ഷണത്തിനുതകുന്ന ഈ പ്രവർത്തനം പ്രാദേശികമായി ഏറെ സ്വീകാര്യത ഉള്ളതാണ്. തെങ്ങുൾപ്പെടെയുള്ള വൃക്ഷവിളകളുടെ ഇലപ്പടർപ്പുകളിൽ നിന്ന് വീഴുന്ന മഴവെള്ളം അവയുടെ വേരുപടലം വ്യാപിച്ചിടംവരെയുള്ള ചുറ്റളവിൽ തടഞ്ഞു നിർത്തുന്നതിനായി വൃത്താകൃതിയിൽ തടങ്ങൾ എടുക്കുന്നു. വൃക്ഷങ്ങളുടെ വേരു വ്യാപന പ്രദേശത്തെ മണ്ണിന്റെ ജലാംശം വർദ്ധിപ്പിക്കുവാനും തദ്വാരാ

ജലസംരക്ഷണവും ഉല്പാദനവും വർദ്ധിപ്പിക്കുവാനും ഇതിലൂടെ കഴിയുന്നു. തെങ്ങിന് 1.8 മുതൽ 2.0 മീറ്റർവരെ വ്യാസമുള്ള തടങ്ങളാണ് നിർമ്മിക്കുന്നത്.

5. **ജൈവവേലി**

ശീമക്കൊന്ന, വേലിച്ചീര, ചെമ്പരത്തി, കരിനൊച്ചി, ആടലോടകം തുടങ്ങിയ കുറ്റിച്ചെടികളുടെ ഒന്നര മീറ്റർവരെ നീളമുള്ള കമ്പുകൾ അടുത്തടുത്ത് നടുന്നു. ഇവയ്ക്ക് കുറുകെ അരമീറ്റർ അകലം വരത്തക്കവിധത്തിൽ കവുങ്ങിൻതടി കീറി യതുപയോഗിച്ച് ബന്ധിപ്പിക്കുന്നു. ഇങ്ങനെ വേലിയുടെ ബലം വർദ്ധിപ്പിക്കാൻ കഴി യുന്നു. വളരെ വേഗത്തിൽ കിളിർപ്പുകൾ ഉണ്ടായി ഇടതൂർന്ന് വളരുന്ന കുറ്റിച്ചെടിക ളാണ് ജൈവവേലികൾക്കനുയോജ്യം. പച്ചമരുന്നുകളായി ഉപയോഗിക്കുന്ന ചെടികൾ ഉപയോഗിക്കുന്നത് കൂടുതൽ അഭികാമ്യമായിരിക്കും. ആവശ്യമുള്ള ഉയരത്തിൽ അധികരിച്ചും, വശങ്ങളിലേയ്ക്കും വളരുന്ന ശിഖരങ്ങൾ വെട്ടിമാറ്റുന്നതും, ഇവയിൽ നിന്നു വീഴുന്ന ഇലകളും മറ്റും ജൈവാംശം വർദ്ധിപ്പിക്കുവാൻ ഉതകുന്നു. ജൈവവ ളമായും ഇത് ഉപയോഗപ്പെടുത്താവുന്നതാണ്.

6. **ജൈവപുതയിടീൽ**

ഡിസംബർ മുതൽ മെയ് മാസംവരെയുള്ള കടുത്ത വേനലുകളിൽ തെങ്ങിൻ ചുവട്ടിൽ ജലാംശം വളരെ കുറയുന്നു. ഇത് നാളികേരോല്പാദനത്തിനെ പ്രതികൂല മായി ബാധിക്കുന്നു. തെങ്ങിൻ ചുവട്ടിൽ ജൈവാംശം വർദ്ധിപ്പിച്ചും ഈർപ്പനഷ്ടം ഒഴിവാക്കുന്ന പുതയിടീൽ നടത്തിയും ഇത് പരിഹരിക്കാം. ഇതിനായി പയർവർഗ്ഗച്ചെ ടികൾ (സി-152) തെങ്ങിൻ ചുവട്ടിൽ വളർത്തി പൂവിടുന്ന സമയത്തോടെ (വിത്തിട്ട് ഏകദേശം ഒന്നരമാസം കഴിഞ്ഞ്) തടങ്ങളിൽ തന്നെ പിഴുതു ചേർക്കുന്നു. ഏകദേശം പത്ത് കിലോ വരെ ജൈവാംശം ഓരോ വൃക്ഷച്ചുവടിലും ഇത്തരത്തിൽ നിക്ഷേപിക്ക പ്പെടുന്നു.മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും താപനില ക്രമീകരിക്കുവാനു മൊക്കെ ഈ പ്രവർത്തനം സഹായകരമാണ്.

7. **ബയോഗ്യാസ് പ്ലാന്റുകൾ**

പ്രദേശത്തെ കാലിവളർത്തലിലേർപ്പെട്ടിരിക്കുന്നവർ പൊതുവെ പരിമിത ഭൂവു ടമകളാണ്. 10 സെന്റ് വരെ കൃഷി ഭൂമിയുള്ള ഇവർക്ക് ചാണകം, കാലികളുടെ ഭക്ഷ ണാവശിഷ്ടങ്ങൾ എന്നിവയുടെ നിർമ്മാർജ്ജനം വലിയൊരു പ്രശ്നമാണ്. ഇത് പരി ഹരിക്കാനും അതോടൊപ്പം ജൈവ ഇന്ധനം ലഭ്യമാക്കാനും ബയോഗ്യാസ് പ്ലാന്റു കൾ ഉപകരിക്കും. 1000 ലിറ്റർ (1 ക്യൂബിക് മീറ്റർ) ശേഷമുള്ള പോർട്ടബിൾ പ്ലാന്റുക ളാണ് വിഭാവനം ചെയ്തിട്ടുള്ളത്. എങ്കിലും കൂടുതൽ ശേഷി ആവശ്യമുള്ളതും വ്യത്യ

സ്തമായ സാങ്കേതിക വിദ്യയിലുള്ളതുമായ പ്ലാന്റുകൾ ഗുണഭോക്താക്കൾക്ക് ആവശ്യമെങ്കിൽ നിർമ്മിക്കാവുന്നതാണ്. പദ്ധതിയിൽ നിന്നുള്ള സഹായം പരമാവധി 14300/- രൂപ മാത്രമായിരിക്കും. കൃഷിവകുപ്പോ മറ്റ് സർക്കാർ അംഗീകൃത ഏജൻസികളോ വഴി ആണ് പദ്ധതി നടപ്പിലാക്കേണ്ടത്.

പ്രതിവർഷം ശരാശരി 2 മുതൽ 3 വരെ എൽ.പി.ജി. സിലിണ്ടറുകൾ ലഭിക്കാൻ ബയോഗ്യാസ് പ്ലാന്റുകൾ സഹായിക്കുന്നു. കൂടാതെ ഇതിന്റെ ഉപോൽപന്നമായ സ്ലറി നല്ലൊരു ജൈവവളവുമാണ്. ചാണകത്തിൽ നിന്നുള്ള ഹരിതഗൃഹവാതക ഉത്പാദനം ഒഴിവാക്കാൻ കഴിയും എന്ന അധികഗുണവും ബയോഗ്യാസ് പ്ലാന്റുകൾക്കുണ്ട്.

**8. മഴവെള്ള സംഭരണികൾ**

കുടിവെള്ള ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ കുടിവെള്ളത്തിനും, പാചകത്തിനും മറ്റും ആവശ്യമുള്ള ജലം കണ്ടെത്തുന്നതിന് മേൽക്കൂരകളിൽ നിന്നുള്ള മഴവെള്ള സംഭരണസംവിധാനങ്ങളുപയോഗപ്പെടുത്താം. മേൽക്കൂരയിലെ വെള്ളം പാത്തികളിലൂടെ ശേഖരിച്ച് അരിച്ച് ഫെറോസിമന്റ് സംഭരണികളിൽ ശേഖരിച്ച് സംഭരിക്കുന്നു.

നീർത്തട പ്രദേശത്ത് ശരാശരി 2570 മില്ലിലിറ്റർ മഴ ലഭിക്കുന്നുണ്ട്. 10000 ലിറ്റർ സംഭരണശേഷിയുള്ള ഒരു ടാങ്ക് നിറയാൻ വേണ്ട മേൽക്കൂരയുടെ വിസ്തൃതി താഴെപ്പറയും പ്രകാരം കണക്കാക്കുന്നു.

| മേൽക്കൂര | ആവശ്യമായ വിസ്തൃതി (ചതുരശ്രമീറ്റർ) | ആവശ്യമായ വിസ്തൃതി (സ്ക്വയർ ഫീറ്റ്) |
|---|---|---|
| ഓട് | 5.2 | 59.3 |
| കോൺക്രീറ്റ് | 5.6 | 63.7 |
| ടിൻഷീറ്റ് | 4.3 | 49.1 |

**9. കിണർ നിർമ്മാണം**

കുടിവെള്ളത്തിനുള്ള പ്രധാന സ്രോതസ്സ് കിണർ ആണ്. ചില വീടുകളിൽ കിണറുകൾ ഇല്ല എന്ന് കണ്ടിട്ടുണ്ട്. അടിസ്ഥാന വിവരശേഖരണത്തിൽ ഇങ്ങനെ കിണർ ഇല്ല എന്ന് കണ്ടിട്ടുള്ളതും, നീർത്തട സമൂഹത്തിന് ബോധ്യമുള്ളതുമായ

ഇത്തരം വീടുകളിൽ കിണർ നിർമ്മിച്ച് കുടിവെള്ള ലഭ്യത ഉറപ്പു വരുത്താവുന്നതാണ്. കോൺക്രീറ്റ് റിങ്ങുകൾ ഇറക്കിയാണ് കിണർ നിർമ്മിക്കുന്നത്.

ഇപ്പോഴുള്ളതിൽ ഏപ്രിൽ - മെയ് മാസങ്ങളിൽ വറ്റുന്ന കിണറുകളിൽ മുക്കാൽ മീറ്ററോളം ആഴം കൂടിയാൽ വെള്ളം ഉറപ്പാക്കാൻ കഴിയുന്നുണ്ട്. ഇതിനുള്ള തുകയാണ് കിണർ നവീകരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് അനുബന്ധമായി നൽകിയിരിക്കുന്നു. നാലര മീറ്റർ ആഴത്തിലും 1.2 മീറ്റർ വ്യാസത്തിലുള്ള കിണറിന് 67000/- രുപ മതിപ്പ് ചിലവുണ്ട്. ഇതിൽ 14300 രൂപ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. ബാക്കി തുക ഗുണഭോക്ത്യ വിഹിതമായിരിക്കും. കിണർ നവീകരണത്തിന് 11,000/-രൂപ മതിപ്പ് ചിലവ് പ്രതീക്ഷിക്കുന്നതിൽ 4000രൂപ പദ്ധതി സഹായവും ബാക്കി തുക ഗുണ ഭോക്ത്യ വിഹിതവുമായിരിക്കും.

ണഉഠ/എഞ്ചിനീയർ തയ്യാറാക്കുന്ന മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിന്റെ തുകയോ, ഒരു യൂണിറ്റിന് വകയിരുത്തിയിരിക്കുന്ന പദ്ധതി സഹായമോ ഇതിലേതാണോ കുറവ് അതായിരിക്കും അനുവദിക്കപ്പെടുന്ന തുക.സോയിൽ ഹെൽത്ത് കാർഡ്

മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിനാധാരമായ രാസഗുണങ്ങളിൽ പ്രധാ നമായ അമ്ല-ക്ഷാരാവസ്ഥ, ലവണങ്ങളുടെ തോത് അവശ്യ മൂലകങ്ങളായ നൈട്ര ജൻ, ഫോസ്ഫറസ്, പൊട്ടാഷ്, സൂക്ഷ്മ മൂലകങ്ങളായ ഇരുമ്പ്, ചെമ്പ്, മാംഗനീസ്, സിങ്ക്, ദ്വിതീയ മൂലകങ്ങളായ കാൽസ്യം, മെഗ്നീഷ്യം, സൾഫർ എന്നിവ പരിശോധിച്ച് അനുയോജ്യമായ പരിപാലന മുറകൾ നിർദ്ദേശിക്കുന്നു. മണ്ണ് പരിശോധന ആവശ്യ മുള്ള കർഷകർ സാമ്പിൾ ശേഖരിക്കുന്നവിധം മനസ്സിലാക്കിയശേഷം, സാമ്പിളുകൾ വാട്ടർഷെഡ് കമ്മിറ്റി നിശ്ചയിക്കുന്ന സ്ഥലത്ത് എത്തിക്കേണ്ടതാണ്. അവിടെ നിന്നും മണ്ണ് പരിശോധനാ ലാബിലേയ്ക്ക് വാട്ടർഷെഡ് കമ്മിറ്റി സാമ്പിളുകൾ എത്തിയ്ക്കു ന്നതും, പരിശോധന ഫലം കർഷകർക്ക് കൈമാറുന്നതുമാണ്.

**10. തരിശ് നിലങ്ങളിലെ കൃഷി**

നീർത്തട പ്രദേശത്തെ ഏകദേശം 312 ഹെക്ടർ പ്രദേശം തരിശിട്ടിരിക്കുകയാ ണ്. ഇത് കൃഷിയോഗ്യമാണെങ്കിലും വിവിധ കാരണങ്ങളാൽ ഭൂവുടമകൾ ഇതിൽ കൃഷി ചെയ്യാൻ വിസമ്മതിക്കുന്നു. ഇതിൽ നിന്നും 188.40 ഹെക്ടർ പ്രദേശം നെല്ല്, വാഴ, പച്ചക്കറി, എള്ള്, മരച്ചീനി എന്നിവ കൃഷി ചെയ്ത് കൃഷിയോഗ്യമാക്കാമെന്ന് കണ്ടെത്തുകയുണ്ടായി. പദ്ധതി നടത്തിപ്പിന്റെ ആദ്യവർഷത്തിൽ ഗ്രൂപ്പുകളോ, വ്യക്തി കളോ തരിശ് കൃഷി ചെയ്ത് പ്രാദേശിക കാർഷിക സ്ഥാപനങ്ങളുടെ സഹായ

ത്തോടെ ആവശ്യമായ വിത്ത് സംഭരിക്കേണ്ടതും രണ്ടും മൂന്നും വർഷങ്ങളിൽ ബാക്കിയുള്ള സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള വിത്ത് വാട്ടർഷെഡ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഇവരിൽ നിന്നും സംഭരിക്കുവാൻ ശ്രമിക്കേണ്ടതുമാണ്. ഇതിനു കഴിയാത്തപക്ഷം ഓണാട്ടുകര പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രവുമായി ബന്ധപ്പെട്ട് മുൻകൂട്ടി തന്നെ ആവശ്യമായ നെൽ വിത്ത്സംഭരിക്കേണ്ടതാണ്. തരിശ് നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനുള്ള ചിലവ് എസ്റ്റിമേറ്റുകൾ എന്ന ഭാഗത്തിൽ ലഭ്യമാണ്.

സ്ഥലം ഉടമയ്ക്കോ മറ്റുള്ളവർക്ക് പാട്ടവ്യവസ്ഥയിലോ കൃഷി ചെയ്യാവുന്നതാണ്. പാട്ടകൃഷി സംബന്ധിച്ച ശുപാർശ പ്രത്യേകമായി ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ നൽകേണ്ടതും വാട്ടർഷെഡ് കമ്മിറ്റിയുടെ ശുപാർശ ഉണ്ടായിരിക്കേണ്ടതുമാണ്.

കളനാശിനി, രാസവളം, ജൈവവളം, ട്രാക്ടർ ഉപയോഗിച്ച് ഉഴൽ എന്നിവയ്ക്കായി 25000/- രൂപ പദ്ധതിയിൽ നൽകുന്നു. ആദ്യത്തെ കിളയ്ക്കൽ, ബണ്ട്, വാച്ചാലുകൾ ഇവ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. കൃഷിഭവനുകൾ വഴി വിത്തിനുള്ള ആനുകൂല്യവും നൽകാവുന്നതാണ്.

വാഴകൃഷിയ്ക്ക് വേണ്ടി തരിശ് നിലങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ വാഴത്തൈകളുടെ വില മാത്രമാണ് പദ്ധതിയിൽ നൽകാനുദ്ദേശിക്കുന്നത്. ഒരു ഹെക്ടർ വാഴകൃഷിയുടെ ചിലവ് എസ്റ്റിമേറ്റുകൾ എന്ന ഭാഗത്തിൽ ലഭ്യമാണ്. നിലമൊരുക്കൽ, തടമെടുക്കൽ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കാം. 25 സെന്റാണ് ഒരു യൂണിറ്റായി കണക്കാക്കുന്നത്.

പച്ചക്കറി കൃഷിയ്ക്കായി തരിശ് നിലങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ പന്തൽ വിളകൾക്കും അല്ലാത്തവയ്ക്കും പ്രത്യേകമായ നിരക്കുകൾ നൽകാവുന്നതാണ്. 10 സെന്റ് ഒരു യൂണിറ്റായി കരുതുന്നു. 3300 രൂപയാണ് യൂണിറ്റ് നിരക്ക്. തൊഴിലുറപ്പ് പദ്ധതിയിലൂടെ നിലമൊരുക്കൽ ചെയ്യാവുന്നതാണ്. തരിശ് നിലങ്ങളിൽ മരിച്ചീനി കൃഷി ചെയ്യാവുന്നതാണ്. 10 സെന്റ് യൂണിറ്റിന് 2000 രൂപ പദ്ധതിയിലൂടെ നൽകാം. വെള്ളായണി ഹ്രസ്വപോലെയുള്ള 6 മാസത്തിനുള്ളിൽ വിളവെടുക്കാവുന്ന ഇനങ്ങൾ ഉപയോഗിക്കാം.

**11. എള്ള് കൃഷി**

പദ്ധതിപ്രദേശത്തെ കടവൂർ നീർത്തടത്തിലെമ്പാടും മൂന്നാം വിളയായി എള്ള് കൃഷി ചെയ്തിരുന്നു. വളരെ കുറഞ്ഞ ചിലവിൽ ആദായകരമായി എള്ള് കൃഷി

ചെയ്യുവാൻ ഇപ്പോഴും ധാരാളം സാധ്യത ഇവിടെ ഉണ്ട്. അതിനാൽ തന്നെ തരിശിടങ്ങളിൽ മൂന്നാം വിളയായി എള്ള് കൃഷി പ്രോത്സാഹനത്തിനായി ഹെക്ടറിന് 20000/- രൂപ സബ്സിഡി നൽകുന്നു.

സ്വയംസഹായ സംഘങ്ങളെ പരിശീലിപ്പിച്ച് എള്ള് വിത്തുല്പാദനത്തിന് വാട്ടർഷെഡ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

12. **ഫിൽറ്റർ യൂണിറ്റുകൾ**

കുടിവെള്ളത്തിലെ ഓര് (ഇരുമ്പ്) അരിച്ച് മാറ്റുന്നതിനുള്ള ഫിൽറ്റർ യൂണിറ്റുകൾ തൃപ്പെരുന്തുറ, കക്കാട് നീർത്തടങ്ങളിൽ അത്യന്താപേക്ഷിതമാണ്. ടെറാഫിൽ ഫിൽറ്ററുകൾ നൽകുവാൻ ഉദ്ദേശിക്കുന്നു. പ്രതിദിനം 50 ലിറ്റർ വെള്ളം ശുദ്ധീകരിക്കാൻ ഇതിലൂടെ കഴിയും. ഭുവനേശ്വറിലെ ഇകജഌം എന്ന കേന്ദ്രസർക്കാർ സ്ഥാപനത്തിൽ നിന്നും ഇവ വാങ്ങാം.

**5.3 ജീവനോപാധികൾ**

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ഒൻപതു ശതമാനം തുക ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നീക്കി വച്ചിരിക്കുന്നു. നീർത്തട വികസന പ്രവർത്തനങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്ന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പദ്ധതി പ്രദേശത്തെ ദരിദ്ര കുടുംബങ്ങൾക്ക് സ്ഥായിയായ തൊഴിലും, വരുമാനവും ഉറപ്പുവരുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ജീവനോപാധികൾ മെച്ചപ്പെടുത്തുന്ന ഇടപെടലുകളിൽ മിക്കവയും, പ്രകൃതി വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നവയും അവസര തുല്യത, ലിംഗനീതി, സുതാര്യത എന്നീ തത്വങ്ങളിൽ അധിഷ്ഠിതവുമാണ്.

പങ്കാളിത്ത പഠനത്തിലൂടെ പ്രദേശത്ത് ഭൂരഹിതർ, പരിമിത ഭൂവുടമകൾ, ദരിദ്ര കുടുംബങ്ങൾ എന്നിവർക്ക് വരുമാനദായക പ്രവർത്തനങ്ങളായി ഏറ്റെടുക്കാൻ കഴിയുന്ന പ്രാദേശിക പ്രവൃത്തികൾ കണ്ടെത്തുകയും അവയുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇവ ക്രോഡീകരിച്ചുകൊണ്ടാണ് ഒരു ഉപജീവന കർമ്മപദ്ധതി ഓരോ നീർത്തടത്തിനുംവേണ്ടി രൂപീകരിച്ചിട്ടുള്ളത്.

ഇത് കൂടാതെ പ്രകൃതിവിഭവ പരിപാലനത്തിൽ ഉൾപ്പെട്ടിരിക്കുന്ന വിവിധ പരിപാടികൾ ഏറ്റെടുക്കുന്നതിനും സ്വയം സഹായ സംഘങ്ങൾക്ക് കഴിയും. ഉദാഹരണമായി ഇടവിളകൃഷി തന്നെ എടുക്കാം.സ്വയം സഹായ സംഘങ്ങൾക്ക് പാട്ടകൃഷിയിലൂടെ ഇടവിളകളായ ചേന, ചേമ്പ്, മഞ്ഞൾ, ഇഞ്ചി എന്നിവ കൃഷി ചെയ്യുവാൻ പ്രദേ

ശത്ത് സാധ്യതയുണ്ട്. ഇതിനുള്ള മൂലധനച്ചിലവിന് പദ്ധതിയിലെ ജീവനോപാധികൾക്കുള്ള തുകയിലെ റിവോൾവിങ് ഫണ്ടുപയോഗിക്കാം. കൃഷിയിലെ ഉല്പന്നങ്ങൾ അടുത്ത വർഷങ്ങളിൽ നടീൽ വസ്തുവായി പദ്ധതിയിൽ തന്നെ വിതരണം ചെയ്യാവുന്നതാണ്. പദ്ധതി കാലയളവിനുശേഷം കൃഷിഭവനുകളുടെയും മറ്റും പദ്ധതികളിലേയ്ക്ക് ഇവർക്ക് ഉല്പാദന സാമഗ്രികൾ വിതരണം ചെയ്യുന്ന ഏജൻസികളാകാൻ കഴിയും. അതുപോലെ ചില ഗ്രൂപ്പുകൾക്ക് ഉല്പന്നങ്ങൾ സംഭരിച്ച് വിൽക്കുന്നതിലും ഏർപ്പെടാവുന്നതാണ്.

പദ്ധതിയിലെ ഉപജീവന കർമ്മപദ്ധതി നടപ്പിലാക്കുന്നത് സ്വയംസഹായ സംഘങ്ങൾ, അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവയിലൂടെയാണ്. ഉപജീവന കർമ്മപദ്ധതിയിലെ പ്രവർത്തനങ്ങൾ സംഘാംഗങ്ങൾ ഒരുമിച്ചോ, സംഘത്തിന്റെ പൊതുവായ മേൽനോട്ടത്തിൽ അംഗങ്ങൾ വ്യക്തിപരമായോ ഏറ്റെടുക്കാവുന്നതാണ്.

നീർത്തടപ്രദേശത്ത് അധിവസിക്കുന്ന കുടുംബങ്ങളിൽ സ്വന്തമായി ഭൂമിയോ വരുമാനദായക ആസ്ഥികളോ ഇല്ലാത്തവർക്ക് പദ്ധതി ഫണ്ട് നൽകുന്നതിന് മുൻഗണന നൽകേണ്ടതാണ്.

മാവേലിക്കര നീർത്തട പദ്ധതിയിലെ ഓരോ ചെറുനീർത്തടത്തിനും ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുക പട്ടിക 5.4-ൽ വ്യക്തമാക്കിയിരിക്കുന്നു.

പട്ടിക 5.4

മാവേലിക്കര നീർത്തടം- ജീവനോപാധികൾക്കുള്ള പദ്ധതിവിഹിതം

| നമ്പർ | നീർത്തടം | കോഡ് | തുക |
|---|---|---|---|
| 1 | തൃപ്പെരുന്തുറ | 9അ5മ | 31,61,160 |
| 2 | കക്കാട് | 9അ6മ | 7,76,520 |
| 3 | കടവൂർ | 9അ46മ | 28,71,720 |
| | ആകെ | | 68,09,400 |

ഓരോ നീർത്തടത്തിനും ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിന് ഇപ്രകാരം ലഭിക്കുന്ന പദ്ധതി വിഹിതം താഴെപ്പറയും പ്രകാരം വിനിയോഗിക്കാവുന്നതാണ്.

1. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പയ്ക്കുള്ള സീഡ് മണി. ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിന് അനുവദനീയമായ തുക യുടെ 70 ശതമാനം ഇത്തരത്തിൽ വിനിയോഗിക്കാവുന്നതാണ്.
2. സ്വയം സഹായ സംഘങ്ങൾ/അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പു കൾ അവയുടെ ഫെഡറേഷൻ എന്നിവയ്ക്ക് സംരംഭം തുടങ്ങുന്നതിനുള്ള ധനസഹായമായി 30 ശതമാനം തുക നീക്കി വച്ചിരിക്കുന്നു.

ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനായി കണ്ടെത്തിയിട്ടുള്ളതും വിവിധ സംഘങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പ്രവൃത്തികൾക്ക് പ്രസ്തുത സംരംഭ ത്തിന്റെ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക അറിവും പ്രായോഗിക പരിശീലനവും നൽകുന്ന പരിശീലന പരിപാടികൾ പ്രത്യേകമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇവയിൽ ചിലത് പദ്ധതിപ്രദേശത്ത് തന്നെ നടപ്പിലാക്കാവുന്നതാണ്. എന്നാൽ ചിലതെങ്കിലും കൃഷി വിജ്ഞാനകേന്ദ്രം, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ, മറ്റു പരിശീലന സ്ഥാപ നങ്ങൾ എന്നിവയിൽ വെച്ച് നടത്തേണ്ടതാണ്. ഇത്തരം പരിശീലനങ്ങൾക്ക് ആവശ്യ മായി വരുന്ന മുഴുവൻ തുകയും പ്രാപ്തി വികസനത്തിനായി നീക്കി വച്ചിട്ടുള്ള തുക യിൽ നിന്നും കണ്ടെത്തുന്നതാണ്.

മാവേലിക്കര നീർത്തട പദ്ധതിയിൽ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതി നായി നിർദ്ദേശിച്ചിരിക്കുന്ന സംരംഭങ്ങൾ ഇനിപ്പറയുന്നു.

1. തയ്യൽ യൂണിറ്റ്
2. പശു/ആട്/പോത്ത്/എരുമ വളർത്തൽ
3. കൂൺകൃഷി
4. കോഴി വളർത്തൽ
5. പാട്ടകൃഷി(പച്ചക്കറി/കിഴങ്ങ് ർഗ്ഗം/ഇഞ്ചി/മഞ്ഞൾ/എള്ള്/നെല്ല്)
6. മത്സ്യം വളർത്തൽ
7. ജൈവവള നിർമ്മാണം
8. പേപ്പർ ബാഗ് നിർമ്മാണം
9. അച്ചാർ നിർമ്മാണം
10. പലഹാരം/ബേക്കറി
11. മഞ്ഞൾ സംസ്കരണ യൂണിറ്റ്
12. മുട്ടക്കോഴി/ഇറച്ചിക്കോഴി കുഞ്ഞുങ്ങളുടെ ഉല്പാദനം
13. ചക്ക സംസ്ക്കരണ യൂണിറ്റ്

14. ആഭരണനിർമ്മാണം
15. താമരകൃഷി
16. കിഴങ്ങ് വർഗ്ഗങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ
17. എള്ളുൽപ്പന്നങ്ങൾ
18. കാർഷിക നഴ്സറികൾ
19. ടിഷ്യൂ കൾച്ചർ ലാബ്
20. മഴമറ കൃഷി
21. കുറ്റിമുല്ലകൃഷി

പദ്ധതി തുകയുടെ വിനിയോഗം സംബന്ധിച്ച് 27.01.2014-ൽ തദ്ദേശ സ്വയംഭരണവകുപ്പ്പുറത്തിറക്കിയ 243/14 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് പ്രവർത്തനങ്ങൾനടപ്പിലാക്കേണ്ടത്.

**5.4 ഉല്പാദനമേഖലാ പ്രവർത്തനങ്ങൾ**

സംയോജിത നീർത്തട പരിപാലന പരിപാടികൾക്കായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ സുപ്രധാന ഘടകമാണ് ഉല്പാദന സമ്പ്രദായങ്ങളുടെ വൈവിധ്യവൽക്കരണവും, ഉല്പാദന ക്ഷമത വർദ്ധിപ്പിക്കലും. ആകെ പദ്ധതി തുകയുടെ പത്തുശതമാനം സ്വന്തമായി ഭൂമിയുള്ള കുടുംബങ്ങളുടെ ഉത്പാദനകാർഷിക സമ്പ്രദായങ്ങളുടെയും സൂക്ഷ്മ സംരംഭങ്ങളുടെയും വികസനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി നീക്കി വച്ചിരിക്കുന്നു. കാർഷിക, അനുബന്ധ മേഖലകളിലെ ഉല്പാദനവും, ഉല്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുകയും, വൈവിധ്യവൽക്കരണം ഉറപ്പാക്കുകയും ചെയ്തുകൊണ്ട് സ്വന്തമായി കൃഷിഭൂമിയുള്ള കുടുംബങ്ങൾ, കർഷകതൊഴിലാളികൾ, പാട്ടകൃഷിക്കാർ തുടങ്ങിയ വിഭാഗങ്ങൾക്ക് അതിന്റെ ഗുണഫലം ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ഇനിപ്പറയുന്നു.

1. വൈവിധ്യമാർന്ന ഉല്പാദനം/കാർഷിക സമ്പ്രദായങ്ങളുടെ അടിസ്ഥാനത്തിലുള്ള ജീവനോപാധി പ്രവർത്തനങ്ങളെയും ഇടപെടലുകളെയും പ്രോത്സാഹിപ്പിക്കുക.
2. തെളിയിക്കപ്പെട്ടതും വിജയകരമായി നടപ്പിലാക്കപ്പെട്ടതുമായ സാങ്കേതിക വിദ്യകൾ, സംയോജിത കൃഷിരീതികൾ, മെച്ചപ്പെട്ട കാർഷിക സമ്പ്രദായങ്ങൾ എന്നിവ ഏറ്റെടുക്കുവാൻ കർഷകർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക.

ഈ മേഖലയിലെ പ്രവർത്തനങ്ങൾ വ്യക്തികൾ നേരിട്ടോ, ഒരേ പ്രവൃത്തികൾ നടപ്പിലാക്കാൻ താല്പര്യമുള്ള ഗ്രൂപ്പുകളായി രൂപീകരിച്ചോ നടപ്പിലാക്കാവുന്നതാണ്. മാവേലിക്കര നീർത്തടത്തിൽ ഉല്പാദനമേഖലാ വികസനത്തിനായി വകയിരുത്തിയിരിക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ പട്ടിക 5.5-ൽ വ്യക്തമാക്കുന്നു.

പട്ടിക 5.5

മാവേലിക്കര നീർത്തടം - ഉൽപ്പാദന മേഖലയ്ക്ക് വകയിരുത്തിയ തുക

| നമ്പർ | നീർത്തടം | കോഡ് | തുക |
|---|---|---|---|
| 1 | തൃപ്പെരുന്തുറ | 9A5a | 35,12,400 |
| 2 | കക്കാട് | 9A6a | 8,62,800 |
| 3 | കടവൂർ | 9A46a | 31,90,800 |
|  | ആകെ |  | 75,66,000 |

ഉല്പാദന മേഖലയ്ക്കും അതുമായി ബന്ധപ്പെട്ട സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ആവശ്യമായ സാങ്കേതിക അറിവും, പ്രായോഗിക പരിശീലനവും നൽകുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇതിനുവേണ്ട നിർദ്ദേശങ്ങളും പരിശീലന പരിപാടികളും പ്രത്യേകമായി പ്രാപ്തി വികസനത്തിനുള്ള പരിപാടികളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കായംകുളം കൃഷിവിജ്ഞാനകേന്ദ്രം, കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.ഉല്പാദന മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇനി പറയുന്നു.

**1. തീറ്റപ്പുൽകൃഷിയും സൈലേജ് നിർമ്മാണവും**

കാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഉല്പാദനച്ചിലവിന്റെ ഭൂരിഭാഗവും കാലിത്തീറ്റയ്ക്കുവേണ്ടിയാണ്. അതുകൊണ്ടുതന്നെ ഇതിന്റെ വിലവർദ്ധന അവർക്ക് വലിയ ഭാരമാകും. മാത്രവുമല്ല നല്ല പോഷകഗുണമുള്ള പുല്ലിനങ്ങൾ പദ്ധതിപ്രദേശത്ത് കൃഷി ചെയ്ത് വരുന്നതുമില്ല. ഈ സാഹചര്യത്തിലാണ് ചോളപ്പുല്ല് കൃഷി പദ്ധതിപ്രദേശത്ത് പ്രോത്സാഹിപ്പിക്കുന്നത്. വളരെ കുറഞ്ഞ കാലയളവിൽ (2 മാസം) മണ്ണിലെ അവശിഷ്ട ജലാംശം ഉപയോഗിച്ച് തന്നെ വളരുമെന്നതിനാൽ വേനൽക്കാലത്തും തീറ്റപ്പുല്ല് ഉത്പാദനം നടത്തുവാൻ കഴിയുമെന്ന പ്രത്യേകതയും ഇവയ്ക്കുണ്ട്. ഇതിനോടൊപ്പം അധികച്ചെലവില്ലാതെ തന്നെ പയർ വർഗ്ഗത്തിലുള്ള കാലിത്തീറ്റകൾകൂടി വളർത്തേണ്ടതാണ്.

**സൈലേജ് നിർമ്മാണം**

ഉയർന്ന ജലാംശം ഉള്ള പച്ചപ്പുല്ലിനെ അതിലെ പോഷകാംശങ്ങൾ നിലനിർത്തി ക്കൊണ്ട് തന്നെ സൂക്ഷിക്കുവാൻ സൈലേജ് നിർമ്മാണം സഹായിക്കുന്നു. പച്ചപ്പു ല്ലിലെ 80% പോഷകവും ഇങ്ങനെ നിലനിർത്തുന്നതിനാലും, പച്ചപ്പുൽ ലഭ്യത കുറ വുള്ള വേനൽക്കാലങ്ങളിലും തീറ്റ ലഭ്യത ഉറപ്പുവരുത്താമെന്നതിനാലും വേനൽക്കാ ലത്ത് പാലുല്പാദനത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കാൻ കഴിയുമെന്ന് കരുതു ന്നു. സൈലേജ് നിർമ്മാണത്തിലെ ഏറ്റവും ശ്രമകരമായ സൈലേജ് ടാങ്ക് നിർമ്മാണം ഒഴിവാക്കി പോളിത്തീൻ ബാഗുകളിൽ സൈലേജ് നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യയുടെ പ്രദർശനംകൂടി പദ്ധതിയിൽ ഉദ്ദേശിക്കുന്നു. ഈ പ്രവൃത്തിക ളെല്ലാം തന്നെ വലിയ തോതിൽ സാങ്കേതിക പരിശീലനം ആവശ്യമുള്ളയവയാക യാൽ പരിശീലന പരിപാടികളിൽ ഇതിനുവേണ്ട തുക വകയിരുത്തിയിട്ടുള്ളതും വാട്ടർഷെഡ് കമ്മിറ്റി/പി.ഐ.എ. എന്നിവർ ഇതിനുള്ള ക്രമീകരണം ചെയ്യേണ്ടതുമാ ണ്.

പത്ത് സെന്റുള്ള ഒരു യൂണിറ്റ് പച്ചപ്പുല്ല് നട്ട് സൈലേജ് നിർമ്മിക്കുവാൻ 4400/- രൂപ യൂണിറ്റ് ചിലവ് കണക്കാക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയ എസ്റ്റിമേറ്റിൽ ലഭ്യമാണ്.

2. **കറവയന്ത്രങ്ങൾ**

കറവക്കാരുടെ ലഭ്യതക്കുറവ് ക്ഷീരകർഷകരുടെ മറ്റൊരു പ്രധാന പ്രശ്നമാ ണ്. മാത്രവുമല്ല പലപ്പോഴും ലഭ്യമായ കറവക്കാരുടെ കൃത്യതയില്ലായ്മ, നിർദ്ദിഷ്ട സമയത്തിനുള്ളിൽ പാൽ കറന്നെടുക്കാൻ കഴിയാതെ വരിക എന്നീ പ്രശ്നങ്ങൾമൂലം ഉല്പാദനക്ഷമത കൂടിയ ഇനങ്ങളിൽ പല രോഗങ്ങൾക്കും കാരണമാകുന്നു. ഈ സാഹചര്യത്തിലാണ് വൃത്തിയുള്ള പാലുല്പാദനം കൂടി പ്രോത്സാഹിപ്പിക്കത്തക്കരീതി യിൽ കറവയന്ത്രങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഉല്പാദന ചിലവ് കുറച്ച്, വൃത്തിയുള്ള (ഒ്യഴലിശര)പാലുല്പാദനം നടത്തുവാനും കർഷകർക്ക് കറവ എന്ന ശ്രമകരമായ ജോലിയിൽ നിന്ന് വിടുതൽ ലഭിക്കുവാനും കറവ യന്ത്രങ്ങൾ ഉപ കരിക്കും.

ഒരു ബക്കറ്റുള്ള കറവയന്ത്രത്തിന് പരമാവധി 24000 രൂപ പദ്ധതി ധനസ ഹായം നൽകാവുന്നതാണ്. യന്ത്രത്തിന് ഏകദേശം 50,000/- രൂപ വിലയാകും. കറവ യന്ത്രങ്ങൾ ആവശ്യപ്പെടുന്നവർക്ക് മൃഗപരിപാലന ക്ലാസുകളിൽവെച്ച് ഇതിന്റെ ഉപ യോഗവും മറ്റ് സവിശേഷതകളും വിവരിക്കേണ്ടതും, ഉപയോക്താക്കൾക്കുള്ള സംശ

യനിവാരണം നടത്തേണ്ടതുമാണ്. പദ്ധതിയിലെ പരമാവധി ധനസഹായമായി 24000/- രൂപ മാത്രം നൽകുന്നതിനാൽ ത്രിതല പഞ്ചായത്തുകൾക്കോ, മറ്റ് ഏജൻസികൾക്കോ ബാക്കിയുള്ള തുകയുടെ ഒരു നിശ്ചിത ശതമാനം കൂടി അർഹരായ കർഷകർക്ക് നൽകാവുന്നതാണ്. ഇല്ലാത്തപക്ഷം ബാക്കി തുക മുഴുവനായും ഗുണഭോക്തൃ വിഹിതമായിരിക്കും.

ഏതെങ്കിലും ഗുണഭോക്താക്കൾ താരതമ്യേന കുറഞ്ഞ വിലയ്ക്കുള്ള മറ്റ് യന്ത്രങ്ങൾ വാങ്ങിയാൽ വാട്ടർഷെഡ് കമ്മിറ്റി ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥരുടെ വിദഗ്ദ്ധോപദേശം തേടി യന്ത്രവിലയുടെ 80% വരെ 24000/- എന്ന പരമാവധിക്ക് വിധേയമായി ധനസഹായം നൽകാവുന്നതാണ്.

**3. മൃഗാരോഗ്യത്തിനും, ശുദ്ധമായ പാലിനുംവേണ്ട മിനികിറ്റുകൾ**

കഴിഞ്ഞ കാലങ്ങളിൽ പാലുല്പാദനത്തിൽ കേരളത്തിൽ വർദ്ധനവുണ്ടായി എങ്കിലും, പാലിലെ സൂക്ഷ്മാണുക്കളുടെ എണ്ണം വളരെക്കൂടുതലാണ്. കൂടാതെ വൃത്തിഹീനമായ തൊഴുത്തും, കറവസമ്പ്രദായങ്ങളും കാലികളിൽ വിവിധ രോഗങ്ങൾക്കും കാരണമാകുന്നു. ഇതിന് പരിഹാരമായി ക്ഷീരകർഷകർക്ക് അവശ്യം വേണ്ട ബോധവൽക്കരണം നടത്തി, ആവശ്യമായ അണുനാശകങ്ങളും മറ്റ് പോഷകങ്ങളും നൽകുന്നത് പ്രോത്സാഹിപ്പിച്ചാൽ ക്രമേണ ഇത് അവരുടെ മൃഗപരിപാലക്രമത്തിന്റെ ഭാഗമാവുകയും തന്മൂലം മൃഗരോഗങ്ങൾ ഒരു പരിധിവരെ നിയന്ത്രണവിധേയമാക്കാൻ കഴിയുമെന്നും കരുതുന്നു. ശുദ്ധമായ പാലുല്പാദനത്തിനുള്ള സാധനസാമഗ്രികൾ അടങ്ങിയ ഒരു കിറ്റ് കർഷകർക്ക് നൽകുന്നു. ഈ കിറ്റ് നൽകുന്നത് ഇതുമായി ബന്ധപ്പെട്ട പരിശീലന ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് മാത്രമായിരിക്കും. പരിശീലനത്തിനുള്ള ചിലവ് പ്രത്യേകം നൽകിയിട്ടുണ്ട്. കിറ്റിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയ എസ്റ്റിമേറ്റിൽ ലഭ്യമാണ്. ഒരു കിറ്റിന് 3225/- രൂപ ചിലവ് പ്രതീക്ഷിക്കുന്നു. ഇതിൽ 645/- രൂപ ഗുണഭോക്താക്കൾ നീർത്തട വികസനഫണ്ടിലേയ്ക്ക് സംഭാവന നൽകണം. കിറ്റിലെ വിരമരുന്നുകൾ, പരാദങ്ങൾക്കെതിരായ മരുന്നുകൾ ഇവയുടെ ഉപയോഗം സംബന്ധിച്ച് പരിശീലന ക്യാമ്പിലെ വെറ്റിനറി ഡോക്ടർ പ്രത്യേക നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. മറ്റുള്ളവയുടെ ഉപയോഗം ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ വിശദീകരിക്കുന്നതാണ്.

**4. തൊഴുത്ത് നവീകരണം**

മൃഗപരിപാലനത്തിലേർപ്പെട്ടിരിക്കുന്ന മിക്കവരും ഇതുമായി ബന്ധപ്പെട്ട ജോലികൾ കുടുംബാംഗങ്ങളുമായിച്ചേർന്ന് സ്വയം ചെയ്യുന്നവരാണ്. കൂട്ടുകുടംബങ്ങളിൽ

നിന്ന് അണുകുടുംബങ്ങളിലേയ്ക്ക് മാറിയതോടെ ഇത് പ്രായോഗികമല്ലാതാവുകയും വളരെയധികം പേർ ഇക്കാരണംകൊണ്ടുതന്നെ മൃഗപരിപാലനത്തിൽനിന്നും വിട്ടു നിൽക്കുന്നതിന് കാരണമാവുകയും ചെയ്തു. തൊഴിലാളികളെ ഉപയോഗിച്ച് ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യിക്കുന്നത് ഉല്പാദനച്ചിലവ് ഗണ്യമായി വർദ്ധിക്കുവാനും കാരണമാവുന്നു.

ഈ സാഹചര്യങ്ങളിലാണ് ക്ഷീരവികസന മേഖലയിലെ യന്ത്രവൽക്കരണം കൂടുതൽ പ്രസക്തമാവുന്നത്. തൊഴുത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്ക് വാങ്ങാവുന്ന സാധനസാമഗ്രികൾ/പ്രവൃത്തികൾ അനുബന്ധത്തിൽ നൽകിയിട്ടുണ്ട്. ഇതിൽ ഒന്നോ അതിലധികമോ സാധനങ്ങൾ കർഷകർക്ക് ആവശ്യാനുസരണം നൽകാവുന്നതാണ്. ഈ ഇനത്തിൽ ഒരു കർഷകന് നൽകാവുന്ന പരമാവധി സഹായം 4000 രൂപയും അതിൽ 800/- രൂപ നീർത്തട വികസന ഫണ്ടിലേയ്ക്കുള്ള സംഭാവനയുമായിരിക്കും.

പദ്ധതിപ്രദേശത്തെ ആകെ ആവശ്യകത നിർണ്ണയിച്ച് വാങ്ങലുകൾ ഒരുമിച്ച് നടത്തുന്നത് കൂടുതൽ നന്നായിരിക്കും. കാലിത്തൊഴുത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക്, നിശ്ചിതമായ ഒരു വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 4000 എന്ന യൂണിറ്റ് നിരക്കിന് വിധേയമായി തുക നൽകാവുന്നതും പ്രവൃത്തി നടപ്പാക്കുന്നതിന് മുമ്പും അതിനുശേഷവുമുള്ള ചിത്രങ്ങൾ സൂക്ഷിക്കേണ്ടതുമാണ്.

### 5. അസോളകൃഷി

വെള്ളത്തിൽ വളരുന്ന പായൽവർഗ്ഗത്തിൽപെട്ട ചെടിയാണ് അസോള. വളരെ പോഷകഗുണമുള്ള കാലിത്തീറ്റയായും കോഴിത്തീറ്റയായും ഇത് ഉപയോഗിക്കാം. നാല് സ്ക്വയർ മീറ്റർ വരെയുള്ള യൂണിറ്റുകളാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. ഇതിൽ നിന്ന് ശരാശരി ഒരു കിലോ ഉല്പാദനം പ്രതീക്ഷിക്കുന്നു.

ഒരു യൂണിറ്റിന്റെ ചിലവ് 670/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഇതിൽ 134/- രൂപ ഗുണഭോക്തൃവിഹിതമായിരിക്കും. യൂണിറ്റിലെ ഘടകങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു. ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് വാട്ടർഷെഡ് കമ്മിറ്റി ഇതിനുവേണ്ട അസോളവിത്ത്, വളം തുടങ്ങിയവ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്.

### 6. ഗാർഡൻ ടില്ലർ

കൃഷിഭൂമി തരിശിടുന്നതിനും, ഇടവിളകൃഷി ഇല്ലാത്തതിനുമുള്ള പ്രധാനകാരണം, തൊഴിലാളികളുടെ ലഭ്യതക്കുറവും, വർദ്ധിച്ചുവരുന്ന കൂലിച്ചിലവുമാണ്. ഇതിന്

യന്ത്രവൽക്കരണം മാത്രമാണൊരു പോംവഴി. പ്രദേശത്തെ മണ്ണിൽ ചരലും കല്ലും കുറവായതിനാലും ആഴമുള്ള, മണൽ കൂടുതലുള്ള മണ്ണായതിനാലും ഗാർഡൻ ടില്ല റുകൾ നിലമൊരുക്കലിന് സഹായകരമായിരിക്കും.

ഒരു ടില്ലറിന് 60000 രൂപ മതിപ്പ് ചിലവ് പ്രതീക്ഷിക്കുന്നതിൽ പദ്ധതിയിൽ നിന്നും 25000/- രൂപയാണ് സഹായം നൽകാൻ കഴിയുന്നത്. ഗ്രൂപ്പ് അടിസ്ഥാനത്തി ൽ ഈ പരിപാടി നടപ്പിലാക്കാൻ മുൻഗണന നൽകുന്നു. അഞ്ച് പേരിൽ കുറയാതെ യുള്ള ഉപയോക്ത്യ ഗ്രൂപ്പുകൾക്ക് ടില്ലറുകൾ നൽകാൻ ശ്രമിക്കേണ്ടതാണ്. കുറ ഞ്ഞത് 30 സെന്റെങ്കിലും കൃഷിഭൂമിയുള്ള അല്ലെങ്കിൽ പാട്ടകൃഷി ചെയ്യുന്നവരെ ഉൾപ്പെടുത്തിയുള്ള ഗ്രൂപ്പുകളാണ് രുപീകരിക്കാവുന്നത്.

പദ്ധതി ധനസഹായത്തിനു പുറമേ ആവശ്യമായി വരുന്ന തുക ഗുണഭോ ക്താക്കൾ കണ്ടെത്തേണ്ടതാണ്.

**7. മത്സ്യകൃഷി**

മത്സ്യകൃഷിക്ക് അനുയോജ്യമായ സാഹചര്യങ്ങൾ ഉള്ള ധാരാളം ജലാശയ ങ്ങൾ പദ്ധതിപ്രദേശത്തുണ്ട്. കൂടാതെ വെള്ളക്കെട്ടുമൂലം കൃഷി ചെയ്യാൻ കഴിയാത്ത പ്രദേശങ്ങളിലുംപദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന കുളങ്ങളുമൊക്കെ മത്സ്യകൃഷി ക്കായി ഉപയോഗിക്കാവുന്നതാണ്.

അഞ്ച് സെന്റ് (200m²) എന്ന ഒരു യൂണിറ്റടിസ്ഥാനത്തിലാണ് പദ്ധതി ആവി ഷ്ക്കരിച്ചിട്ടുള്ളത്. പുതുതായി കുളങ്ങൾ നിർമ്മിക്കുന്നതിന് അഞ്ച് സെന്റിന് 15000/- രൂപ മതിപ്പ് ചിലവ് കണക്കാക്കുന്നു. ഒരു സെന്റിന് 50 എന്ന നിരക്കിൽ 250 മത്സ്യക്കു ഞ്ഞുങ്ങൾക്ക് 250 രൂപയും, നെറ്റ് (വശങ്ങളിലും മുകളിലും) നൽകുന്നതിനും മറ്റും 1500 രൂപ ചിലവ് വരുന്നു. കൂടാതെ സെന്റൊന്നിനു 10 കിലോ നിരക്കിൽ കുമ്മായ ത്തിനായി 600/- രൂപ വകയിരുത്തിയിരിക്കുന്നു. ആകെ തീറ്റച്ചിലവുൾപ്പെടെ 18000/- രൂപയാണ് അഞ്ച് സെന്റുള്ള ഒരു യൂണിറ്റിന്റെ മതിപ്പ് ചിലവ്.

പദ്ധതി ഫിഷറീസ് വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കേണ്ടതാണ്. മാന്നാർ കേന്ദ്രമായ ഫിഷറീസ് സബ് ഇൻസ്പെക്ടറുടെയും ഗ്രാമപഞ്ചായത്തുകളിലെ ഫിഷ റീസ് കോർഡിനേറ്റർമാരുടേയും നിർദ്ദേശാനുസരണം പദ്ധതി നടപ്പിലാക്കാം. പദ്ധതി യിലെ ഗുണഭോക്താക്കളെ നിർണ്ണയിച്ചശേഷം ഫിഷറീസ് വകുപ്പിൽ രജിസ്ട്രേഷൻ നടത്തി ആവശ്യമായ പരിശീലനങ്ങൾ നൽകുക. പദ്ധതി പ്രദേശത്തുതന്നെയുള്ള നില വിലെ ഫാമുകളിൽ പഠന സന്ദർശനങ്ങളും നടത്താവുന്നതാണ്. ഇതിനുള്ള തുക പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾക്കാവശ്യമായ മത്സ്യക്കു

ഞ്ഞുങ്ങൾ വകുപ്പിൽ നിന്ന് സൗജന്യമായി നൽകുന്നു. പദ്ധതിയിൽ നിന്നും 5000/- രൂപ നൽകുന്നതാണ്.

**8. പോർട്ടബിൾ പമ്പ് സെറ്റുകൾ**

പച്ചക്കറി, ഇടവിളകൾ എന്നിവയുടെ കൃഷിയിൽ ജലസേചനമില്ലായ്മ മൂല മുള്ള കൃഷിനാശം ഭയന്ന് പലരും ഈ കൃഷികൾ ഒഴിവാക്കുന്നതായി പങ്കാളിത്ത പഠന ങ്ങളിൽ അറിവായിട്ടുണ്ട്. ഭൂജലനിരപ്പ് വളരെ ഉയരത്തിലായതിനാൽ കുറഞ്ഞ ശക്തിയുള്ള പമ്പ് സെറ്റുകൾ ഉപയോഗിച്ച് തന്നെ ജലസേചനം നടത്താവുന്നതാണ്. ഒരു യൂണിറ്റിന് 12000/-ചിലവ് പ്രതീക്ഷിക്കുന്നതിൽ 7200/- രൂപ 80% എന്ന നിബന്ധ നയ്ക്ക് വിധേയമായി പദ്ധതിയിൽ നിന്നും അനുവദിക്കാം.

പദ്ധതിയിൽ വാങ്ങുന്ന പമ്പ് സെറ്റുകൾ കൃഷിക്കുള്ള ജലസേചനത്തിനുതകു ന്നവ മാത്രമാകാൻ പ്രത്യേക ശ്രദ്ധവേണം. ദൈനംദിന ഗാർഹിക ആവശ്യത്തിന് വേണ്ട പമ്പ് സെറ്റുകൾക്കായി പദ്ധതിപ്പണം ദുരുപയോഗം ചെയ്യുന്നില്ല എന്ന് വാട്ടർഷെഡ് കമ്മിറ്റികൾ ഉറപ്പാക്കേണ്ടതാണ്.

**9. ഗാർഹിക ജൈവവള നിർമ്മാണ യൂണിറ്റുകൾ**

വളരെ കുറഞ്ഞ ചിലവിൽ പ്രാദേശികമായി ലഭ്യമായ പച്ചിലകളും, വാഴത്തട മുതലായ ജൈവാവശിഷ്ടങ്ങളും, പോള തുടങ്ങിയ കളകളുടെ അവശിഷ്ടങ്ങളും ശേഖരിച്ച് ഒരു ചെറിയ കൃഷിയിടത്തിനുവേണ്ട ജൈവവളം നിർമ്മിക്കാവുന്നതാണ്. ജൈവവസ്തുക്കൾ ഫലപ്രദമായി വിഘടിപ്പിക്കുന്നതിന് വേണ്ട ഇ.എം. ലായനി (ഇഫ ക്ടീവ് മൈക്രോ ഓർഗാനിസം സൊല്യൂഷൻ) കായംകുളം കൃഷി വിജ്ഞാന കേന്ദ്ര ത്തിൽ ലഭിക്കുന്നുണ്ട്.

ഒരു ക്യൂബിക് മീറ്റർ ജൈവാംശം വിഘടിപ്പിക്കുന്നതിന് ഒരു ലിറ്റർ ലായനി മതിയാകും. ഏകദേശം 50 രൂപയാണിതിന്റെ വില. ഈ സാങ്കേതിക വിദ്യ പ്രാദേശിക മായ ഒരു പരിശീലനത്തിലൂടെ കർഷകർക്ക് മനസ്സിലാക്കാവുന്നതും കൃഷിയിടങ്ങളിൽ ഉപയോഗിക്കാവുന്നതുമാണ്.യൂണിറ്റൊന്നിന് 400 രൂപ മതിപ്പ് ചിലവ് പ്രതീക്ഷി ക്കുന്നു.

**10. ഫലവൃക്ഷങ്ങൾ**

പൊതുസ്ഥലങ്ങൾ, വാർഷിക വിളകൾ കൃഷി ചെയ്യാൻ യോഗ്യമല്ലാത്ത സ്ഥല ങ്ങൾ എന്നിവിടങ്ങളിൽ ഫലവൃക്ഷങ്ങൾ വെച്ച് പിടിപ്പിച്ച് ജൈവവൈവിദ്ധ്യം ഉണ്ടാക്കാ നും, ഫലങ്ങൾ ഉല്പാദിപ്പിക്കുവാനും കഴിയും. മാവ്, പ്ലാവ്, പേര, സപ്പോട്ട, പപ്പായ എന്നിവയുടെ തൈകൾ പദ്ധതിയിലൂടെ വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു.

പൊതുസ്ഥലങ്ങിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഫലവൃക്ഷങ്ങൾ നടേണ്ടതാണ്. അഞ്ചിനം തൈകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിന് 150/- രൂപ മതിപ്പ് ചിലവ് പ്രതീക്ഷിക്കുന്നു.

തൈകൾ, സർക്കാർ, കാർഷിക സർവ്വകലാശാല ഫാമുകളിൽ നിന്ന് ലഭ്യമാക്കാൻ വാട്ടർഷെഡ് കമ്മിറ്റി ശ്രമിക്കേണ്ടതാണ്. ഇങ്ങനെ ലഭ്യമല്ലെങ്കിൽ മാത്രം ഗവൺമെന്റ് അംഗീകൃത ഫാമുകളിൽ നിന്നും വാങ്ങാവുന്നതാണ്. ഗുണനിലവാരം ഉറപ്പാക്കാൻ കൃഷി ഓഫീസറുടെ സേവനം വിനിയോഗിക്കാവുന്നതുമാണ്.

**11. അടുക്കളത്തോട്ടം (5 സെന്റുവരെ ഭൂമിയുള്ളവർക്ക്)**

പ്രദേശത്ത് പച്ചക്കറി ഉല്പാദനം പൊതുവെ കുറവാണ്. ലഭിക്കുന്ന പച്ചക്കറികൾ വിഷമയവുമാണ്. ഈ സാഹചര്യത്തിലാണ് വീട്ടാവശ്യത്തിന് അത്യാവശ്യമുള്ള പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കുന്നതിനുള്ള പരിപാടി പദ്ധതിയിൽ ഉദ്ദേശിച്ചിരിക്കുന്നത്. പച്ചക്കറി വിത്തുകളുടെ കിറ്റ് (മുളക്, വെണ്ട, ചീര, വഴുതന, പാവൽ/പയർ) ജൈവവളം, ജൈവകീടനാശിനി എന്നിവ പദ്ധതിയിലൂടെ നൽകുന്നു. ഒരു യൂണിറ്റിന് 600 രൂപ ചിലവ് പ്രതീക്ഷിക്കുന്നു. കൂടാതെ അഞ്ച് വാഴക്കന്നുകളും ഇതിലുൾപ്പെട്ടിരിക്കും. വിശദാംശങ്ങൾ എസ്റ്റിമേറ്റിൽ ലഭ്യമാണ്.

**12. ഇടവിള കൃഷി**

പദ്ധതി പ്രദേശത്തെ കരകൃഷിയിൽ തെങ്ങാണ് പ്രധാന വിള. ഇതിൽ ഭൂരിഭാഗവും തനിവിളയായി മാത്രം കൃഷി ചെയ്തു വരുന്നു. അതുകൊണ്ടുതന്നെ ഇടവിള കൃഷിയ്ക്ക് ധാരാളം സ്ഥലം തെങ്ങിൻതോപ്പുകളിൽ ലഭ്യമാണ്. ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, മരിച്ചീനി എന്നിവയാണ് ഇടവിളകളായി നിർദ്ദേശിക്കുന്നത്. കുറഞ്ഞത് 5 സെന്റ് ഭൂമിയെങ്കിലും ഉള്ളവർ /പാട്ടകൃഷി ചെയ്യുന്നവർക്കോ മാത്രമായി ഇടവിള കൃഷി പ്രോത്സാഹനം ചെയ്താൽ മതിയാകും. പദ്ധതി നടത്തിപ്പിന്റെ ആദ്യവർഷത്തിൽ വാട്ടർഷെഡ് കമ്മിറ്റി ഉപഭോക്തൃ/സ്വയംസഹായ സംഘങ്ങളുടെ സഹായത്തോടെ ഇടവിളകളുടെ നടീൽ വസ്തുക്കൾ ഉണ്ടാക്കിയെടുക്കേണ്ടതും ഇതിനായി കാർഷിക ഗവേഷണ കേന്ദ്രങ്ങളുടെ സഹായം തേടാവുന്നതുമാണ്. ഇങ്ങനെ ഉണ്ടാക്കിയെടുക്കുന്ന നടീൽ വസ്തുക്കൾ രണ്ടും മൂന്നും വർഷങ്ങളിലായി പദ്ധതിയിലൂടെ വിതരണം ചെയ്യേണ്ടതാണ്. ഇടവിളകളുടെ കിറ്റുകൾ വിതരണം ചെയ്യാവുന്നതും തൊഴിലുറപ്പ് പദ്ധതിയിലൂടെ തടമെടുക്കലും നടീലും ചെയ്യാവുന്നതുമാണ്.

### ഭാഗം 6

## ചെറുനീർത്തടങ്ങൾ

### 6.1 തൃപ്പെരുന്തുറ ചെറുനീർത്തടം(കോഡ് 9A 5a)

മാവേലിക്കര നീർത്തടത്തിന്റെ വടക്കേയറ്റം പമ്പയാറിനും, അച്ചൻകോവിലാറിനും മദ്ധ്യേ സ്ഥിതി ചെയ്യുന്ന 2927 ഹെക്ടർ പ്രദേശമാണ് തൃപ്പെരുന്തുറ നീർത്തടത്തിലുള്ളത്. നാല് ഗ്രാമപഞ്ചായത്തുകളുടെ ഭാഗങ്ങൾ ഈ നീർത്തടത്തിൽ ഉൾപ്പെടുന്നു. ഏറ്റവും കൂടുതൽ പ്രദേശം ചെന്നിത്തല ഗ്രാമപഞ്ചായത്തിന്റേതാണ്. കൂടാതെ മാന്നാർ, പള്ളിപ്പാട്, വീയ്യപുരം പഞ്ചായത്തുകളുടെയും ചില പ്രദേശങ്ങൾ ഈ നീർത്തടത്തിന്റെ ഭാഗമാകുന്നു.

പട്ടിക 6.1.12

തൃപ്പെരുന്തുറ നീർത്തടം - ധനകാര്യവിശകലനം

| നമ്പർ | മേഖല | പരമാവധി വിനിയോഗം (%) | അനുവദനീയ മായ തുക |
|---|---|---|---|
| 1 | ഭരണപരമായ ചിലവ് | 10 | 3,512,400 |
| 2 | മോണിറ്ററിംഗ് | 1 | 3,51,240 |
| 3 | വിലയിരുത്തൽ | 1 | 3,51,240 |
| 4 | വിളംബര പ്രവൃത്തികൾ | 4 | 14,04,960 |
| 5 | പ്രാപ്തി വികസനവും സ്ഥാപനവൽക്കരണവും | 5 | 17,56,200 |
| 6 | വിശദമായ പദ്ധതിരേഖ | 1 | 3,51,240 |
| 7 | നീർത്തട വികസനപരിപാടികൾ | 56 | 1,96,69,440 |
| 8 | ജീവനോപാധികൾ | 9 | 31,61,160 |
| 9 | ഉല്പാദനമേഖലാ പ്രവർത്തനങ്ങൾ | 10 | 35,12,400 |
| 10 | തുടർ പ്രവർത്തനങ്ങൾ | 3 | 10,53,720 |
| | ആകെ | 100 | 3,51,24,000 |

### 6.1.16 കർമ്മപരിപാടികൾ

പങ്കാളിത്ത പരിപാടിയിൽ കണ്ടെത്തിയ പ്രശ്നങ്ങൾക്ക് പരിഹാരമായി പ്രാദേശികമായി നിർദ്ദേശിക്കപ്പെട്ടതും, നീർത്തട വികസന ടീം കണ്ടെത്തിയതും അതോ

ടൊപ്പം ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അറിവുകളും ക്രോഡീകരിച്ചുകൊണ്ടാണ് കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളത്.

ജലസേചന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പാടശേഖരങ്ങൾക്കു വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കുവാനും പ്രകൃതി വിഭവ പരിപാലനത്തിൽ മുൻഗണന നൽകുന്നു. ഈ പ്രവൃത്തികൾ നടപ്പിലാക്കുന്ന സ്ഥലവും മതിപ്പു ചെലവും എസ്റ്റിമേറ്റുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തരിശു പാടങ്ങൾ കൃഷിയോഗ്യമാക്കുവാനും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും ഈ മേഖലയിലെ പദ്ധതികളിൽ ഉൾപ്പെടുന്നു. ഇടവിളകൃഷി പ്രോത്സാഹനത്തിലൂടെയും, അടുക്കളത്തോട്ടങ്ങളിലൂടെയും കാർഷികോത്പാദനത്തിൽ വർദ്ധനവുണ്ടാക്കുന്ന പദ്ധതികളാണ് ഉല്പാദനമേഖലാ പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കാലി വളർത്തലിലെ പ്രശ്നങ്ങൾക്കുള്ള ചില പരിഹാര നിർദ്ദേശങ്ങളും ഈ മേഖലയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.

പട്ടിക 6.1.13

തൃപ്പെരുന്തുറ നീർത്തടം - നീർത്തട വികസന കർമ്മ പദ്ധതി (സംക്ഷിപ്തം)

| Sl.No | ITEM | Unit | Rate | Quantity | IWMP | Convergence | Total |
|---|---|---|---|---|---|---|---|
| 1 | പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ | | | | 13930000 | | 13930000 |
| 2 | കുളങ്ങൾ | എണ്ണം | 12500 | 25 | 312500 | 0 | 312500 |
| 3 | കിണർ ആഴംകൂട്ടൽ | എണ്ണം | 11000 | 100 | 400000 | 700000 | 1100000 |
| 4 | കിണർ നിർമ്മാണം | എണ്ണം | 67000 | 50 | 715000 | 2635000 | 3350000 |
| 5 | ബയോഗ്യാസ് പ്ലാന്റ് | എണ്ണം | 17000 | 45 | 643500 | 121500 | 765000 |
| 6 | ഫിൽറ്റർയൂണിറ്റ് | എണ്ണം | 850 | 1000 | 850000 | 0 | 850000 |
| 7 | ജൈവപുതയിടീൽ | എണ്ണം | 50.8 | 26355 | 131775 | 1207059 | 1338834 |
| 8 | തരിശ്  നിലങ്ങളിൽ നെൽകൃഷി | ഹെക്ടർ | 77800 | 16 | 400000 | 844800 | 1244800 |
| 9 | തരിശ് പ്രദേശത്ത് വാഴകൃഷി | 25 സെന്റ് | 28150 | 100 | 550000 | 2265000 | 2815000 |
| 10 | തരിശ് പ്രദേശത്ത് പച്ചക്കറികൃഷി | 10 സെന്റ് | 12300 | 200 | 660000 | 1800000 | 2460000 |
| 11 | തരിശ് പ്രദേശത്ത് മരിച്ചീനി കൃഷി | 10 സെന്റ് | 4600 | 100 | 200000 | 260000 | 460000 |
| 12 | മഴവെള്ളസംഭരണി | എണ്ണം | 60000 | 4 | 240000 | 0 | 240000 |
| 13 | മണ്ണ് പരിശോധന | എണ്ണം | 300 | 500 | 150000 | 0 | 150000 |
| 14 | ഇടവിളകിറ്റ് | എണ്ണം | 400 | 1029 | 411600 | 0 | 411600 |
| 15 | ഫലവൃക്ഷങ്ങൾ | യൂണിറ്റ് | 150 | 500 | 75000 | 0 | 75000 |
| 16 | തെങ്ങിൻ തടം | എണ്ണം | 71 | 26355 | 0 | 1871205 | 1871205 |
| 17 | ജൈവ വേലി | മീറ്റർ | 75 | 20028 | 0 | 1502100 | 1502100 |
| | ആകെ | | | | 19669375 | 13206664 | 32876039 |

പട്ടിക 6.1.14

തൃപ്പെരുന്തുറ നീർത്തടം - നീർത്തട വികസന കർമ്മ പദ്ധതി (ഒന്നാം വർഷം)

| Sl.No | ITEM | Unit | Rate | Quantity | IWMP | Convergence | Total |
|---|---|---|---|---|---|---|---|
| 1 | പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ | | | | 5000000 | | 5000000 |
| 2 | കിണർആഴംകൂട്ടൽ | എണ്ണം | 11000 | 50 | 200000 | 350000 | 550000 |
| 3 | ജൈവപുതയിടീൽ | എണ്ണം | 50.8 | 5000 | 25000 | 229000 | 254000 |
| 4 | തരിശ് നിലങ്ങളിൽ നെൽകൃഷി | ഹെക്ടർ | 77800 | 2 | 50000 | 105600 | 155600 |
| 5 | തരിശ് പ്രദേശത്ത് വാഴകൃഷി | 25 സെന്റ് | 28150 | 25 | 137500 | 566250 | 703750 |
| 6 | തരിശ് പ്രദേശത്ത് പച്ചക്കറികൃഷി | 10 സെന്റ് | 12300 | 15 | 49500 | 135000 | 184500 |
| 7 | തരിശ് പ്രദേശത്ത് മരിച്ചീനി കൃഷി | 10 സെന്റ് | 4600 | 10 | 20000 | 26000 | 46000 |
| 8 | മഴവെള്ളസംഭരണി | എണ്ണം | 60000 | 2 | 120000 | 0 | 120000 |
| 9 | മണ്ണ് പരിശോധന | എണ്ണം | 300 | 250 | 75000 | 0 | 75000 |
| 10 | തെങ്ങിൻ തടം | എണ്ണം | 71 | 5000 | 0 | 355000 | 355000 |
| | ആകെ | | | | 5677000 | 1766850 | 7443850 |

പട്ടിക 6.1.15

തൃപ്പെരുന്തുറ നീർത്തടം - നീർത്തട വികസന കർമ്മ പദ്ധതി (രണ്ടാം വർഷം)

| Sl.No | ITEM | Unit | Rate | Quantity | IWMP | Convergence | Total |
2015 മാർച്ച് 21നുള്ള ലോക വനദിനവും മാർച്ച് 22 ന്റെ ജലദിനവും നീർത്തടത്തിന്റെ വിവിധ ഭാഗങ്ങളിൽ സമുചിതമായി ആചരിക്കുകയും, വനസംരക്ഷണം, ജലസംരക്ഷണം ഇവയുമായി ബന്ധപ്പെട്ട ലഘുലേഖകൾ പ്രസിദ്ധീകരിച്ച് ജനങ്ങളിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്.

സംയോജിത നീർത്തട പരിപാലന പരിപാടി സംസ്ഥാനതലത്തിൽ ആരംഭിച്ച മഴവെള്ളസംഭരണ പ്രചാരണ പരിപാടിയായ 'മൺസൂണിനെ വരവേൽക്കാം, മഴവെള്ളം സംഭരിക്കാം' എന്ന പരിപാടിയിലും മാവേലിക്കര നീർത്തട പദ്ധതി സജീവമായി പങ്കെടുത്തുവരുന്നു. ഇതുസംബന്ധിച്ച ശില്പശാലകൾ നീർത്തടത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുകയും, കൈപ്പുസ്തകങ്ങൾ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്.

## 7.2 പരിശീലനപരിപാടികൾ

മാവേലിക്കര നീർത്തടപദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനോടൊപ്പം, പദ്ധതിപ്രദേശത്തെ ജനങ്ങളുടെ നൈപുണ്യമികവിനും, പദ്ധതി നടത്തിപ്പിനും, പദ്ധതിയുടെ തുടർച്ചയ്ക്കും ഉള്ള പ്രാപ്തി വികസനത്തിനും ഉതകുന്ന തരത്തിലുള്ള പരിശീലന പരിപാടികളാണ് നിർദ്ദേശിട്ടുള്ളത്.

പദ്ധതിയിൽ നിർദ്ദേശിച്ച മിക്ക സാങ്കേതിക പ്രവൃത്തികൾക്കും ആവശ്യമായ പരിശീലനത്തിനുള്ള തുക പരിശീലന പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതിയിൽ ആസൂത്രണം ചെയ്ത പ്രവൃത്തികൾ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനും, വിവിധ വികസന വകുപ്പുകളുമായും, ഗവേഷണ സ്ഥാപനങ്ങളുമായും ജനങ്ങളെ കൂടുതൽ ബന്ധപ്പെടുത്തി നൂതന സാങ്കേതിക വിദ്യകളിൽ അറിവുള്ളവരാക്കുന്നതിനും പരിശീലന പരിപാടി ലക്ഷ്യമിടുന്നു.

**പരിശീലനം 1** **പ്രചാരണ പരിപാടികൾ**

ഉദ്ദേശം : പദ്ധതിയിലെ വിവിധ പരിപാടികളെപ്പറ്റി നീർത്തട സമൂഹത്തിന് അറിവ് നൽകുകയും തദ്വാരാ ഈ പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കി പദ്ധതി പൂർണ്ണമായി നടപ്പാക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.

നടത്തിപ്പ് : പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി.

പി.ഐ.എ. യുടെ നേതൃത്വത്തിൽ ഓരോ ചെറുനീർത്തടത്തിനുവേണ്ടിയും കൈപ്പുസ്തകം തയ്യാറാക്കുന്നു. ഇതിൽ നീർത്തടത്തിന്റെ അതിരുകൾ, ഉൾപ്പെടുന്ന പഞ്ചായത്തുകൾ, പദ്ധതി പ്രവർത്തനങ്ങൾ, നിരക്കുകൾ ഇവ വ്യക്തമാക്കിയിരിക്കും.

പദ്ധതി പ്രദേശത്തെ ഓരോ ഗ്രാമപഞ്ചായത്ത് വാർഡുകളിലും കുറഞ്ഞത് രണ്ട് യോഗങ്ങളെങ്കിലും സംഘടിപ്പിച്ച് പദ്ധതി വിശദീകരണം നടത്തി കൈപ്പുസ്തകങ്ങൾ നൽകുന്നു.

അടിസ്ഥാന വിവരശേഖരണം നടത്തിയവരിൽ നിന്നോ, വാട്ടർഷെഡ്കമ്മിറ്റി അംഗങ്ങളിൽ നിന്നോ തിരഞ്ഞെടുക്കപ്പെട്ടവർ ഈ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. ആവശ്യമെങ്കിൽ ഇവർക്ക് ഓണറേറിയം നൽകുന്നതാണ്. യോഗത്തിന്റെ പ്രചാരണത്തിനും മറ്റും വോളന്റിയർമാരെ ഉപയോഗിക്കാവുന്നതും നിശ്ചിത വേതനം നൽകാവുന്നതുമാണ്. ഇവരെ ഭാവി പാരിപാടികളിലും ഉപയോഗപ്പെടുത്താം.

പങ്കെടുക്കുന്നവർ: നീർത്തട സമൂഹത്തിലെ പരമാവധി ആൾക്കാരെ പങ്കെടുപ്പിക്കാൻശ്രമിക്കുന്നു.

ചിലവ് : 23000 കൈപ്പുസ്തകങ്ങൾക്കും, 66വോർഡുതലയോഗങ്ങൾക്കും, യോഗത്തിന്റെഅറിയിപ്പുനൽകൽ,പ്രചാരണംതുടങ്ങിയവ യ്ക്കുമായി10,20000/-രൂപചിലവ് പ്രതീക്ഷിക്കുന്നു.

**പരിശീലനം 2** **ജനപ്രതിനിധികൾക്കുള്ള പരിശീലനങ്ങൾ**

ഉദ്ദേശം: ഐ.ഡബ്ല്യു.എം.പി.പദ്ധതിയെപ്പറ്റിയും, പദ്ധതിപ്രദേശത്തെപ്പറ്റിയും,പദ്ധതി നടത്തിപ്പിനെപ്പറ്റിയുംജനപ്രതിനിധികളിൽഅവബോധംഉണ്ടാക്കുക.

നടത്തിപ്പ് : ജില്ലാ തലത്തിൽ പി.എ.യു. ബ്ലോക്ക് തലത്തിൽ പി.ഐ.എ.

പദ്ധതിക്കാലയളവിൽ ത്രിതല പഞ്ചായത്തുകളിൽ പുതിയ ഭരണസമിതികൾ ഉണ്ടാകുന്നതിനാൽ, ഇവർക്ക് പദ്ധതിയെപ്പറ്റി വ്യക്തമായ ധാരണ ഉണ്ടാകേണ്ടതാണ്. പലതലങ്ങളിൽ ഈ പരിപാടി നടപ്പിലാക്കാം.

(ശ) ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്തംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരെ പങ്കെടുപ്പിക്കുന്നു.

(ശശ) ബ്ലോക്ക് തലത്തിൽ ഗ്രാമപഞ്ചായത്തംഗങ്ങളെ ഉൾപ്പെടുത്തുന്നു.

പങ്കെടുക്കുന്നവർ: ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, വാട്ടർഷെഡ് കമ്മിറ്റി അംഗങ്ങൾ, ഗ്രൂപ്പ് ഭാരവാഹികൾ.

**പരിശീലനം 3** **ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ**

ഉദ്ദേശം : പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുക, സംയോജന സാധ്യതകളുടെ ആസൂത്രണം നടത്തുക.

നടത്തിപ്പ് : ജില്ലാ തലത്തിൽ നടപ്പിലാക്കുന്നതിനാൽ പി.എ.യു.

പദ്ധതി പ്രദേശത്തെ കൃഷി, മൃഗസംരക്ഷണം, ഗ്രാമവികസനം, ക്ഷീരവികസനം, മത്സ്യവികസനം തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ പദ്ധതിയെപ്പറ്റിയും, നിർവ്വഹണ രീതിയെപ്പറ്റിയും അറിയിച്ച് കാര്യക്ഷമമമായ പദ്ധതി നിർവ്വഹണ ത്തിനുള്ള കർമ്മപരിപാടി തയ്യാറാക്കുക. ജില്ലാതലത്തിൽ ഈ പരിപാടി മാവേ ലിക്കര ബ്ലോക്കിലെ പദ്ധതിക്കുവേണ്ടിമാത്രം നടപ്പിലാക്കി വിവിധ വകുപ്പുക ളിലെ ജില്ലാ മേധാവികളെക്കൂടി പ്രത്യേക ക്ഷണിതാക്കളായി പങ്കെടുപ്പിച്ച് പദ്ധതി രേഖ അടിസ്ഥാനമാക്കി ഒരു കർമ്മപരിപാടി ഉണ്ടാക്കുന്നതാണ്.

**പരിശീലനം 4** **വോളന്റിയർമാർക്കുള്ള പരിശീലനങ്ങൾ**

ഉദ്ദേശം : പദ്ധതിപ്രവർത്തനങ്ങളുടെ ഏകോപനം, മേൽനോട്ടം, മൂല്യനിർണ്ണയം, പ്രചാ രണം എന്നിവയ്ക്കായി വാർഡുതലത്തിൽ തിരഞ്ഞെടുക്കുന്നവരെ പ്രാപ്തമാ ക്കുക.

നടത്തിപ്പ് : പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി.

പദ്ധതി പ്രവർത്തനങ്ങൾ പ്രദേശത്തെ വിവിധ ഭാഗങ്ങളിൽ ഒരേ സമയം നടപ്പി ലാക്കുന്നതിനാൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ അറിയിപ്പ്, മാർഗ്ഗ നിർദ്ദേശം നൽകൽ, നടപ്പിലാക്കിയ പദ്ധതികളുടെ മൂല്യനിർണ്ണയം എന്നിവ ഡബ്ള്യു.ഡി.റ്റി അംഗങ്ങൾക്ക് സമയബന്ധിതമായി തീർക്കാൻ കഴിയാതെ വരും. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ആവശ്യം വേണ്ടിടത്ത് ഓരോ വോളന്റിയർമാരെ നിശ്ചിത പ്രതിഫലത്തിൽ നിയോഗിക്കുന്നു. ഇവരെ പദ്ധതിയുടെ എല്ലാക്കാര്യങ്ങളിലും അറിവുള്ളവരാക്കാൻ വാട്ടർഷെഡ് തല ത്തിൽ രണ്ട് ദിവസം നീളുന്ന പരിശീലനപരിപാടി ആസൂത്രണം ചെയ്യുന്നു. ഇവർ പദ്ധതി നടത്തിപ്പിന് ഡബ്ള്യു.ഡി.റ്റി അംഗങ്ങളെയും സെക്രട്ടറിയെയും സഹായിക്കുന്നു.

**പരിശീലനം 5** **വാട്ടർഷെഡ് സെക്രട്ടറി, ഡബ്ള്യു.ഡി.റ്റി ഇവർക്കുള്ള പരിശീലനങ്ങൾ**

ഉദ്ദേശം : വാട്ടർഷെഡ് കമ്മിറ്റി സെക്രട്ടറിമാരായ വില്ലേജ് എക്സ്റ്റൻഷൻഓഫീ സർമാർക്കുംനീർത്തട വികസന ടീമംഗങ്ങൾക്കുംഓഫീസ് രേഖകൾ, ക്യാഷ് ബുക്ക്, പദ്ധതി നടത്തിപ്പുമായിബന്ധപ്പെട്ട മറ്റ് രേഖകൾ സൂക്ഷിക്കുന്ന തിനെസംബന്ധിച്ചും,പദ്ധതിയിലെ വിവിധ പ്രവർത്തനങ്ങളുടെ മൂല്യ നിർണ്ണയംസംബന്ധിച്ചും വിശദമായ അറിവ് നൽകുക.

നടത്തിപ്പ്: പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി / പി.എ.യു.

പൊതുവിഷയങ്ങളായ അക്കൗണ്ടിങ്, ഓഫീസ് രേഖകൾ സൂക്ഷിക്കൽ തുട ങ്ങിയ വിഷയങ്ങൾ ജില്ലയിലെ മറ്റു പദ്ധതികളുമായി സംയോജിപ്പിച്ചും, പ്രത്യേക വിഷയങ്ങൾ ഉദാഹരണമായി ജൈവ വാഴകൃഷി തുടങ്ങിയ വിഷയ ങ്ങൾ പദ്ധതിയിലെ ഉദ്യോഗസ്ഥർക്ക് മാത്രമായും നടത്തേണ്ടതാണ്. പ്രാദേ ശിക അറിവ് ലഭിക്കുന്നതിനാവശ്യമായ പഠന സന്ദർശനങ്ങളും ഈ പരിപാടി യുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്.

**പരിശീലനം 6** **പഠനസന്ദർശനം**

ഉദ്ദേശം : വിജയകരമായി പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളും നൂതന സാങ്കേതിക

| | |
|---|---|
| | വിദ്യകളും കണ്ട് പദ്ധതിപ്രദേശത്ത് പ്രായോഗികമാക്കുക. |
| നടത്തിപ്പ് : | പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി<br>വാട്ടർഷെഡ് കമ്മിറ്റി അംഗങ്ങൾക്ക് വിജയകരമായി നടപ്പിലാക്കിയ വാട്ടർഷെഡ് പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് അവരുമായി ആശയവിനിമയം നടത്താൻ കഴിയുന്ന സന്ദർശനങ്ങൾ ആസൂത്രണം ചെയ്യാം. അതോടൊപ്പം, സംയോജിത കൃഷിരീതികൾ, കൃത്യതാ കൃഷി, ആധുനികമായി സജ്ജീകരിച്ച ഫാമുകൾ, അവാർഡ് ലഭിച്ച മികച്ച കർഷകരുടെ കൃഷിയിടങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി അറിവ് ലഭിക്കാൻ വേണ്ട പഠന സന്ദർശനങ്ങൾ ഉൾക്കൊള്ളിക്കുന്നു. |
| **പരിശീലനം 7** | **മൃഗാരോഗ്യ ക്യാമ്പുകൾ** |
| ഉദ്ദേശം : | മൃഗപരിപാലനത്തിലേർപ്പെട്ടിരിക്കുന്നവർക്ക്വേണ്ട ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുക. |
| നടത്തിപ്പ് : | പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി<br>പദ്ധതി പ്രദേശത്തെ ഓരോ ഗ്രാമപഞ്ചായത്ത് വാർഡുകളിലെയും ക്ഷീരസംഘങ്ങൾ, മൃഗാശുപത്രികൾ ഇവ കേന്ദ്രീകരിച്ച് ക്യാമ്പുകൾ സംഘടിപ്പിക്കുക. ഇത് അരദിന പരിപാടികൾ ആയി നടപ്പിലാക്കാം. ഓരോ ക്യാമ്പിലും വെറ്റിനറി ഡോക്ടറും, ക്ഷീരവികസന ഓഫീസറും നിർബ്ബന്ധമായും ഉണ്ടാകേണ്ടതാണ്. മൃഗങ്ങളെ ഇവിടെ കൊണ്ടുവന്ന് പരിശോധിക്കുന്നതിനും അവസരം നൽകേണ്ടതാണ്. അതോടൊപ്പം രണ്ട് ക്ലാസ്സുകളും ഉണ്ടായിരിക്കേണ്ടതാണ്. പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ ഓണറേറിയം നൽകാവുന്നതാണ്. മൃഗപാലനത്തിലേർപ്പെട്ടിരിക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ, ക്യാമ്പുകളിൽ പങ്കെടുത്ത് ആനുകൂല്യം നൽകുന്നതിലെ ഉദ്ദേശ ലക്ഷ്യങ്ങളും, പ്രയോഗരീതികളും മനസ്സിലാക്കുന്നവർക്ക് മാത്രമായി പരിമിതപ്പെടുത്താവുന്നതാണ്. |
| **പരിശീലനം 8** | **മത്സ്യകൃഷി** |
| ഉദ്ദേശം : | മത്സ്യകൃഷിയുമായി ബന്ധപ്പെട്ട സാങ്കേതിക അറിവുകൾ നൽകുകയും, പദ്ധതിയുടെയും വകുപ്പിന്റെയും യോജിച്ചുള്ള പ്രവർത്തനത്തിനുവേണ്ട പ്രാഥമിക നടപടികൾ, കർഷക രജിസ്ട്രേഷൻ എന്നിവ ഈ പരിപാടിയിൽ പൂർത്തീകരിക്കുക. |
| നടത്തിപ്പ് : | ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ഫിഷറീസ് കോർഡിനേറ്റർമാരുമായി സഹകരിച്ച് മത്സ്യകൃഷിക്കായി താല്പര്യമുള്ളവരെ പഞ്ചായത്ത് തലത്തിൽ ഒരുമിച്ച് കൊണ്ടുവന്ന് ആവശ്യമായ പരിശീലനം നൽകുന്നു.മാന്നാറിലുള്ള ഫിഷറീസ് സബ് ഇൻസ്പെക്ടറുടെ ഓഫീസുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്തിനു സമീപമുള്ള നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഫാമുകൾ സന്ദർശിക്കുന്നതിനും ഈ പരിപാടിയിൽ സൗകര്യം ചെയ്യാവുന്നതാണ്. പഞ്ചായത്ത് തലത്തിലുള്ള ഈ പരിപാടിക്ക് വാട്ടർഷെഡ് സെക്രട്ടറിമാരും, കോർഡിനേഷൻ കമ്മിറ്റിയും മുൻകയ്യെടുക്കേണ്ടതാണ് |
| **പരിശീലനം 9** | **മണ്ണ് സാമ്പിൾ ശേഖരണവും, പരിശോധനാഫലത്തിന്റെ പ്രായോഗികതയും.** |
| ഉദ്ദേശം : | മണ്ണ് പരിശോധന ആവശ്യപ്പെടുന്ന കർഷകർക്ക് സാമ്പിൾ ശേഖരിക്കുന്ന വിധ |

വും, പരിശോധനഫലം മനസ്സിലാക്കി പ്രാവർത്തികമാക്കുന്നതിനുമുള്ള പരിശീലനം നൽകുക.

നടത്തിപ്പ്: വാട്ടർഷെഡ് കമ്മിറ്റികൾ

മണ്ണ് പരിശോധന ആവശ്യപ്പെടുന്ന കർഷകരെ സംഘടിപ്പിച്ച് പ്രാദേശികമായി സാമ്പിൾ ശേഖരണം നടത്തുന്ന രീതിയിൽ അറിവ് നൽകുന്നു. ഡബ്ല്യു.ഡി.റ്റിയിലെ കൃഷി വിദഗ്ദ്ധരും വോളന്റിയർമാരും ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ മുൻകൂർ നേടേണ്ടതാണ്. കൃഷിവകുപ്പുദ്യോഗസ്ഥരെയും ഈ പരിപാടിയിൽ സഹകരിപ്പിക്കാവുന്നതാണ്.പരിശീലനത്തിന്റെ രണ്ടാംഘട്ടത്തിൽ പരിശോധനാഫലമായി ലഭിക്കുന്ന സോയിൽ ഹെൽത്ത് കാർഡിന്റെ പ്രായോഗിക ഉപയോഗം വ്യക്തമാക്കേണ്ടതാണ്.

**പരിശീലനം 10 വിത്തുൽപ്പാദനം**

ഉദ്ദേശം : ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ഉൽപ്പാദിപ്പിക്കുവാനുള്ളപ്രായോഗിക അറിവ് നൽകുകയും പദ്ധതി നടത്തിപ്പിനാവശ്യമായനടീൽ വസ്തുക്കൾ പ്രാദേശികമായി ഉല്പാദിപ്പിക്കുകയും ചെയ്യുക.

നടത്തിപ്പ് : വാട്ടർഷെഡ് കമ്മിറ്റി

തരിശ് നിലങ്ങളിലെ കൃഷി, ഇടവിളകൃഷി ഇവയിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും തിരഞ്ഞെടുത്തവരെ നെല്ല്, എള്ള്, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, ചേമ്പ്, ചേന തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ നിർമ്മിക്കുന്നത് സംബന്ധിച്ച് ആവശ്യമായ പരിശീലനം നൽകുക. കായംകുളം കൃഷി വിജ്ഞാനകേന്ദ്രം, മേഖലാ കാർഷിക ഗവേഷണകേന്ദ്രം എന്നിവിടങ്ങളിലെ വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ ഇവർക്ക് കൃഷിയിറക്കി പദ്ധതിയിലേയ്ക്കാവശ്യമായ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കാവുന്നതാണ്. വിദഗ്ദ്ധർക്ക് വേണ്ട യാത്രാസൗകര്യം / ഓണറേറിയം, പരിശീനാർത്ഥികൾക്ക് ആവശ്യമെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ പോയി പരിശീലനം നേടുന്നതിനുള്ള അവസരം ഇവയെല്ലാം ഈ പരിപാടിയിൽ ചെയ്തു നൽകാവുന്നതാണ്.

**പരിശീലനം 11 വാഴ/പച്ചക്കറി കൃഷി**

ഉദ്ദേശം: പദ്ധതിയുടെ ഭാഗമായി വാഴകൃഷിയിലും, പച്ചക്കറി കൃഷിയിലും ഏർപ്പെട്ടിരിക്കുന്നവർക്ക് വേണ്ട കൃഷി പരിപാലനമുറകൾ പരിചയപ്പെടുത്തുക.

നടത്തിപ്പ് : വാട്ടർഷെഡ് കമ്മിറ്റി

പദ്ധതിയുടെ ഭാഗമായി തരിശ് നിലങ്ങളിലും അല്ലാതെയും വാഴകൃഷിയും, പച്ചക്കറികൃഷിയിലും ഏർപ്പെടുന്നവർക്ക് കൃഷിരീതി, രോഗ കീടനിയന്ത്രണം എന്നിവയിൽ അറിവ് നൽകുന്നതോടൊപ്പം മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിലും ആവശ്യമായ പരിശീലനങ്ങൾ നൽകുക. കൂടാതെ പദ്ധതിയിൽ ടിഷ്യുകൾച്ചർ വാഴകൾ പ്രോത്സാഹിപ്പിക്കുന്നതിനാൽ അവയുടെ പരിപാലനം പ്രത്യേകം പരിശീലിപ്പിക്കേണ്ടതാണ്. വിപണന പ്രക്രിയകൾ കൂട്ടായി ചെയ്യുന്നതിനും ഈ പരിശീലന പരിപാടികൾ വേദിയാകേണ്ടതാണ്.

**പരിശീലനം 12 മുട്ട/ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളുടെ ഉല്പാദനം (ഹാച്ചറി)**

ഉദ്ദേശം : പ്രാദേശികമായി ആവശ്യമായി വരുന്ന മുട്ടക്കോഴി/ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിക്കുവാൻ സ്വയം സഹായസംഘങ്ങളെ പ്രാപ്തമാക്കുക.

നടത്തിപ്പ്: വാട്ടർഷെഡ് കമ്മിറ്റികൾ

ഓരോ പഞ്ചായത്തിലും പദ്ധതിയിലും അല്ലാതെയും ആവശ്യമായ കോഴിക്കുഞ്ഞുങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പദ്ധതിയിൽ ധനസഹായം നൽകുന്ന ഗ്രൂപ്പുകൾക്ക് കായംകുളം കൃഷി വിജ്ഞാനകേന്ദ്രത്തിൽ ആവശ്യമായ പരിശീലനം നൽകിയശേഷം മാത്രം പദ്ധതി ഏറ്റെടുക്കാൻ ധനസഹായം നൽകുക

**പരിശീലനം 13** **പുൽകൃഷി - സൈലേജ് നിർമ്മാണം**

ഉദ്ദേശം : തീറ്റപ്പുല്ല് സൂക്ഷിക്കുന്നതിനുള്ള ബാഗ് സൈലേജ് നിർമ്മാണംപരിചയപ്പെടുത്തുക.

നടത്തിപ്പ്: പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി.

പുൽകൃഷി, ബാഗ് സൈലേജ് നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്ന കർഷകരെ വാട്ടർഷെഡ്/പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് പ്രസ്തുത ആനുകൂല്യം നൽകുന്നതിനു മുമ്പ് ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ആവശ്യമായ പ്രായോഗിക പരിശീലനം നൽകുക.

**പരിശീലനം 14** **ജൈവവള നിർമ്മാണം**

ഉദ്ദേശം : കൃഷിക്കാവശ്യമായ ജൈവവളം, ജീവാണുവളം, ജൈവകീടനാശിനികൾഇവയുടെ നിർമ്മാണവും ഉപയോഗവും പരിചയപ്പെടുത്തുക.

നടത്തിപ്പ് : വാട്ടർഷെഡ് കമ്മിറ്റികൾ

വോളന്റിയർമാരും, ഡബ്യു.ഡി.റ്റി. അംഗങ്ങളും മേൽവിഷയങ്ങളിൽ പരിശീലനം നേടിയശേഷം വാട്ടർഷെഡ് തലത്തിൽ പ്രാദേശികമായി ജൈവവളം നിർമ്മിക്കാൻ ആനുകൂല്യം നൽകുന്ന കർഷകർക്കും, മറ്റ് ജൈവകൃഷി സംരംഭങ്ങളിൽ ഏർപ്പെടുന്നവർക്കും ആവശ്യമായ പ്രായോഗിക പരിശീലനം നൽകുന്നു.

ജൈവവളം, കമ്പോസ്റ്റ്, ജീവാണുവളങ്ങൾ, ജൈവകീടനാശിനികൾ എന്നിവയുടെ നിർമ്മാണം/ഉപയോഗം എന്നിവ ചർച്ച ചെയ്യപ്പെടും.

**പരിശീലനം 15** **മഴമറ കൃഷി**

ഉദ്ദേശം: സംരക്ഷിത കൃഷി, കൃത്യതാ കൃഷി എന്നിവയിൽ സ്വയംസഹായ/ഉപയോക്തൃ സംഘങ്ങൾക്ക് പരിശീലനം നൽകുക.

നടത്തിപ്പ്: പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി.

പദ്ധതിയിൽ വിളംബര പ്രവൃത്തികളായി പോളിഹൗസുകൾ നിർമ്മിച്ച വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്കും, ഉപയോക്തൃ/സ്വയംസഹായ സംഘങ്ങൾക്കും ആവശ്യമായ പ്രായോഗിക പരിശീലനം നൽകുക. ഗവേഷണ സ്ഥാപനങ്ങൾ, കൃത്യതാ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സന്ദർശിക്കാനും അവസരം നൽകുന്നു.

**പരിശീലനം 16** **ബയോഗ്യാസ് പ്ലാന്റുകൾ**

ഉദ്ദേശം : ബയോഗ്യാസ് പ്ലാന്റുകളുടെ പരിപാലനം സംബന്ധിച്ച അറിവ് നൽകുക.

നടത്തിപ്പ് : പദ്ധതിയിലൂടെ ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്നവർക്ക് പ്ലാന്റിന്റെ ഉപയോഗം സംബന്ധിച്ച് അറിവ് നൽകുന്ന പരിശീ

ലനം നടത്തുന്നതോടൊപ്പം ഇതിലെ ഉപോല്പന്നത്തിന്റെ ഫലപ്രദമായ ഉപയോഗത്തിനുവേണ്ട നിർദ്ദേശങ്ങളും നൽകേണ്ടതാണ്.

**പരിശീലനം 17** **പൊതുജനാവബോധ പരിപാടികൾ**

ഉദ്ദേശം : പരിസ്ഥിതി, മണ്ണ്, ജലസംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക

നടത്തിപ്പ്: പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസി / വാട്ടർഷെഡ് കമ്മിറ്റി

മണ്ണ് സംരക്ഷണം, ജൈവകൃഷി, ജലസംരക്ഷണം, കുടുംബകൃഷി, പ്ലാസ്റ്റിക് വിപത്തുകൾ, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ, ഭൂശോഷണം, കാലാവസ്ഥാ വ്യതിയാനം, ജലഗുണനിലവാരം, ഔഷധസസ്യങ്ങൾ, അസ്സോളകൃഷി, പ്രകൃതി സംരക്ഷണം എന്നീ വിഷയങ്ങളിൽ സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, മത്സരങ്ങൾ, തെരുവ് നാടകം, പ്രദർശനം എന്നിവ നടത്തി പൊതുജനങ്ങളെ ഈ വിഷയങ്ങളുടെ പ്രാധാന്യം അറിയിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

**പരിശീലനം 18** **നൈപുണ്യവികസന പരിപാടികൾ**

ഉദ്ദേശം : സ്വയംതൊഴിൽസംരംഭങ്ങൾആരംഭിക്കുന്നതിനുവേണ്ടപ്രായോഗിക പരിശീലനങ്ങൾനടത്തിസംഘങ്ങളെസംരംഭങ്ങൾഏറ്റെടുക്കാൻ പ്രാപ്തമാക്കുക.

**താഴെപ്പറയുന്ന വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നൽകുന്നതാണ്.**

1. കൂൺകൃഷി
2. മഞ്ഞൾ സംസ്ക്കരണം
3. ചക്കയിൽ നിന്നുള്ള ഉല്പന്നങ്ങളുടെ നിർമ്മാണം
4. എള്ളിൽ നിന്നുള്ള ഉല്പന്നങ്ങൾ
5. കിഴങ്ങുവർഗ്ഗ വിളകളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ
6. ആഭരണ നിർമ്മാണം
7. പേപ്പർ ബാഗ് നിർമ്മാണം
8. താറാവ് - മത്സ്യം - സംയോജിത കൃഷി
9. അച്ചാർ നിർമ്മാണം
10. തുന്നൽ പരിശീലനം, ചിത്രത്തുന്നൽ
11. നഴ്സറി നിർമ്മാണം
12. മൽബറി കൃഷി
13. കാർഷികോല്പന്ന വിപണനം
14. കുറ്റിമുല്ല കൃഷി
15. അലങ്കാരമത്സ്യം/ പക്ഷികൾ/മൃഗങ്ങൾ ഇവ വളർത്തൽ
16. പോളിഹൗസ് കൃഷി

## ഭാഗം- 8

## തുടർ പ്രവർത്തനവും - പിൻവാങ്ങലും

നീർത്തട വികസനം പോലുള്ള പദ്ധതിയുടെ ഗുണഫലങ്ങൾ വർഷങ്ങൾ കഴിയുന്തോറും ക്രമാനുഗതമായാണ് ലഭ്യമാകുന്നത്. അതുകൊണ്ട് തന്നെ പദ്ധതിയിലൂടെ സൃഷ്ടിക്കുന്ന ആസ്തികളുടെ പരിപാലനത്തിന് വേണ്ട ഒരു സംഘടനാ സംവിധാനം ഉണ്ടാകേണ്ടതാണ്. അയൽക്കൂട്ടങ്ങളും, നീർത്തട കമ്മിറ്റിയും പദ്ധതി പൂർത്തിയായശേഷവും പ്രവർത്തനക്ഷമമായിരിക്കേണ്ടതും പദ്ധതിയിലെ വിജയകരമായ പ്രവർത്തനങ്ങൾ വാട്ടർഷെഡ് ഡെവലപ്മെന്റ് ഫണ്ട്, റിവോൾവിംഗ് ഫണ്ട് എന്നിവ ഉപയോഗിച്ചും, അയൽക്കൂട്ടാടിസ്ഥാനത്തിലുള്ള പദ്ധതികൾ ത്രിതല പഞ്ചായത്ത് ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തിയും തുടരേണ്ടതാണ്.

### 8.1. ഏകീകരണം (Consolidation)

നിർവ്വഹണ ഘട്ടം കഴിഞ്ഞുള്ള 12 മുതൽ 18 മാസമാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുന്നത്. ഈ ഘട്ടത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

1. നിർവ്വഹണ ഘട്ടത്തിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുക.
2. പദ്ധതിയിലൂടെ സൃഷ്ടിച്ച ആസ്തികളുടെയും, മറ്റ് സംരംഭങ്ങളുടെയും വിശദാംശങ്ങൾ ശേഖരിച്ച് ഭാവി പരിപാലനത്തിനുള്ള രജിസ്റ്ററുകൾ തയ്യാറാക്കുക.
3. പദ്ധതി നടപ്പിലാക്കുന്നതിൽ ഏർപ്പെട്ടിരുന്ന ഗ്രൂപ്പുകളുമായി ആസ്തി ഉപയോഗം സംബന്ധിച്ച ധാരണ ഉണ്ടാക്കുക.
4. നീർത്തട വികസന സൊസൈറ്റി, ബ്ലോക്ക്തല നീർത്തട വികസന സൊസൈറ്റി എന്നിവ രൂപീകരിച്ച് സ്ഥാപനവൽക്കരണം പൂർത്തിയാക്കുക.
5. പദ്ധതി പൂർത്തീകരണ റിപ്പോർട്ട് തയ്യാറാക്കുന്നതോടൊപ്പം ഓരോ ഇടപെടലിന്റെയും ഗുണദോഷങ്ങൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുക.
6. വാട്ടർഷെഡ് ഡെവലപ്മെന്റ് ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച നിയമാവലികൾ തയ്യാറാക്കുക.
7. നീർത്തട കമ്മിറ്റിയുടെ സ്ഥാപനവൽക്കരണം നടത്തി പദ്ധതിയുടെ തുടർച്ച ഉറപ്പ് വരുത്തുകയും, പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനുള്ള ഉപാധികൾ കണ്ടെത്തുകയും ചെയ്യുക.

8. ഉപയോക്തൃ/സ്വാശ്രയ സംഘങ്ങൾക്ക് സംരംഭങ്ങൾക്കുള്ള മൂലധനം ഉറപ്പാക്കുന്നവിധത്തിൽ ധനകാര്യസ്ഥാപനങ്ങളുമായുള്ള ബന്ധം ഉണ്ടാക്കിയെടുക്കുക.
9. പദ്ധതിയുടെ ഭാഗമായി ഉണ്ടായ ഉല്പാദന വൈവിധ്യവൽക്കരണ പ്രവർത്തനങ്ങളിൽ അനുയോജ്യമായവയ്ക്ക് വേണ്ട പ്രചാരണം നൽകി കൂടുതൽ പേരിലെത്തിക്കുക.

**8.2. മോണിറ്ററിംഗ്**

പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായും, യഥാവിധിയും നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ഒരു മോണിറ്ററിംങ് സംവിധാനം ഉറപ്പാക്കേണ്ടതുണ്ട്. പദ്ധതി നിർവ്വഹണത്തിലെ ഗുണദോഷങ്ങൾ വിലയിരുത്തി നിർവ്വഹണം പദ്ധതി രേഖയിലെ ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസൃതമായി നടക്കുന്നു എന്നുറപ്പാക്കാൻ മോണിറ്ററിംഗ് ഉപകരിക്കും.

പദ്ധതിയ്ക്ക് ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും നോഡൽ ഏജൻസി നിർദ്ദേശപ്രകാരം രുപീകൃതമായ മോണിറ്ററിംഗ് സംവിധാനമുണ്ട്. ബ്ലോക്ക് തലത്തിൽ ബി.എൽ.സി.സി. യും ജില്ലാതലത്തിൽ ഡി.എൽ.സി.സി.യും മോണിറ്ററിംങ് സംവിധാനങ്ങളായി പ്രവർത്തിക്കുന്നു. ഇത് കൂടാതെ ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൺവീനറായും ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. കൃഷി, മൃഗസംരക്ഷണം, എഞ്ചിനീയറിംഗ് എന്നീ മേഖലയിലെ ഉദ്യോഗസ്ഥർ, റ്റി.എസ്.ഒ.യുടെ പ്രതിനിധി, ബ്ലോക്ക് പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന നീർത്തട പ്രദേശത്തെ രണ്ട് പ്രതിനിധികൾ എന്നിവരെ ഈ സമിതിയിൽ അംഗങ്ങളാക്കാം. പ്രതിമാസ അവലോകനം നേരിട്ടോ, വാട്ടർഷെഡ്/പഞ്ചായത്ത് തല മോണിറ്ററിംഗ് സമിതികളിലൂടെയോ നടത്തി പ്രസ്തുത റിപ്പോർട്ടുകൾ ജില്ലാ തലത്തിലെത്തിക്കാൻ ബ്ലോക്ക് തല മോണിറ്ററിംഗ് സമിതി ശ്രദ്ധിക്കേണ്ടതാണ്.

വാട്ടർഷെഡ് തലത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായിരിക്കും. ഈ സമിതിയിൽ വാട്ടർഷെഡ് കമ്മിറ്റിയിലുള്ള ഓരോ ഗ്രാമപഞ്ചായത്തിലെയും ഓരോ അംഗങ്ങളെങ്കിലും ഉണ്ടായിരിക്കും.ഈ സമിതി താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. പദ്ധതിരേഖയിലെ പ്രവർത്തനങ്ങളാണ് നടപ്പിലാവുന്നത്.
2. ഗുണഭോക്തൃ തെരഞ്ഞെടുപ്പും, പ്രവർത്തനങ്ങളും സുതാര്യവും നിഷ്പക്ഷവുമായി നടപ്പിലാക്കപ്പെടുന്നു.

3. പദ്ധതി സഹായങ്ങൾ യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാവുന്നു.
4. പദ്ധതിയിലെ ഉദ്ദേശലക്ഷ്യങ്ങൾ സാധൂകരിക്കത്തക്ക രീതിയിൽ പ്രവൃത്തികൾ നടപ്പിലാക്കപ്പെടുന്നു.

ഗുണഭോക്താക്കളിൽ നിന്നും നേരിട്ടും സ്ഥലസന്ദർശനം നടത്തിയും സ്വരൂപിക്കുന്ന ഈ റിപ്പോർട്ട് കമ്മിറ്റി അവലോകനം നടത്തി വാട്ടർഷെഡ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ബ്ലോക്ക് തലത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

**വാർഡ്തല മോണിറ്ററിംഗ് സമിതികൾ**

പദ്ധതി പ്രവർത്തനങ്ങൾ എല്ലാ പ്രദേശത്തും, ഗുണഭോക്താക്കൾ അറിഞ്ഞ്, സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ ഈ സമിതികൾ ശ്രദ്ധിക്കണം. വാർഡ്തല സമിതിയിൽ വാട്ടർഷെഡ് കമ്മിറ്റിയിലെ അംഗം, വാർഡിലെ ഒരു ക്ഷീരകർഷകൻ, വിളപരിപാലനത്തിലേർപ്പെട്ടിരിക്കുന്ന ഒരു കർഷകൻ, കുടുംബശ്രീ ഭാരവാഹികളിലൊരാൾ എന്നിവർ അംഗങ്ങളായിരിക്കും. ഒരു വാർഡിന്റെ വ്യത്യസ്ത ഭാഗങ്ങളിൽനിന്നുള്ള ഇവർ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. പദ്ധതി പ്രവർത്തനങ്ങൾക്കുള്ള അപേക്ഷ സ്വീകരിക്കൽ, സാധനസാമഗ്രികൾ വിതരണം ചെയ്യൽ, മൂല്യനിർണ്ണയം, ധനസഹായ വിതരണം ഇവയ്ക്കുള്ള സമയക്രമം തീരുമാനിക്കുക.
2. അർഹരായവർ പദ്ധതി പ്രവർത്തനങ്ങൾ അറിയുന്നു എന്ന് ഉറപ്പുവരുത്തുക.
3. പദ്ധതി നടപ്പിലാക്കുന്നതിലെ പ്രായോഗിക പ്രശ്നങ്ങൾ വാട്ടർഷെഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച് വേണ്ട പരിഹാരങ്ങൾ കണ്ടെത്തുക.

വാർഡ് തല മോണിറ്ററിംഗ് കമ്മിറ്റിയെ വാട്ടർഷെഡ് കമ്മിറ്റിക്ക് തീരുമാനിക്കാവുന്നതാണ്. കൂടാതെ ആവശ്യമെങ്കിൽ ഇടവിളകൃഷിപോലെയും ഒരേസമയം വളരെയേറെ പേരിൽ എത്തിക്കേണ്ടതായ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മറ്റുമായി വാർഡ് തലത്തിൽ ഭരണച്ചിലവിൽനിന്നുള്ള വേതനം നൽകി വോളന്റിയർമാരെ നിയോഗിക്കാവുന്നതുമാണ്.

## 8.3. വിലയിരുത്തൽ (Evaluation)

ശരിയായ പ്രോജക്ട് മാനേജ്മെന്റിന് യഥാസമയങ്ങളിലുള്ള വിലയിരുത്തലുകൾ അത്യന്താപേക്ഷിതമായതുകൊണ്ട് തന്നെ പദ്ധതിയുടെ വിവിധഘട്ടങ്ങളിൽ വിലയിരുത്തലുകൾ നിർബന്ധമാക്കിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി അറിയുവാൻ മോണിറ്ററിംഗ് സംവിധാനങ്ങൾക്ക് കഴിയുമെങ്കിലും പദ്ധതിയുടെ ശക്തിദൗർബ്ബല്യ

ങ്ങൾ അറിഞ്ഞ് വേണ്ട പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും വിജയ പരാജയങ്ങളിലെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനുമൊക്കെ വിലയിരുത്തലുകൾ സഹായിക്കുന്നു.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ ദേശീയതലത്തിലും, സംസ്ഥാനതലത്തിലും വിലയിരുത്തലിന് വേണ്ടി സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുവാൻ നിർദ്ദേശങ്ങളുമുണ്ട്. തൽസമയ വിലയിരുത്തലുകളും, പ്രൊജക്ട് പൂർത്തീകരണശേഷമുള്ള വിലയിരുത്തലുകളും ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നു.

പദ്ധതിയുടെ വിവിധ ഘട്ടങ്ങളെയും വിലയിരുത്തലിന് വിധേയമാക്കാവുന്നതാണ്. ഉദാഹരണമായി തയ്യാറെടുപ്പ് ഘട്ടം പരിശോധിച്ചാൽ ഈ ഘട്ടത്തിലെ വിവിധ പ്രവർത്തനങ്ങളെ താഴെ പറയുന്ന ഘടകങ്ങൾവെച്ച് വിലയിരുത്താവുന്നതാണ്.വിളംബര പ്രവർത്തികളുടെ പൂർത്തീകരണം, സാമൂഹ്യസംഘടനകളായ, സ്വയംസഹായ സംഘങ്ങൾ, ഉപയോക്തൃസംഘങ്ങൾ, വാട്ടർഷെഡ് കമ്മിറ്റി ഇവയുടെ സമയബന്ധിതവും യഥാവിധിയുമുള്ള രുപീകരണം.പി.ഐ.എ., നീർത്തട വികസന ടീം ഇവയുടെ യഥാവിധിയുള്ള പ്രവർത്തനം, വിശദമായ പദ്ധതിരേഖ രുപീകരണത്തിന്റെ നടപടിക്രമങ്ങൾ, പദ്ധതിരേഖ ഘടകങ്ങൾ ഇവയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറെടുപ്പു ഘട്ടത്തെ വിലയിരുത്താം. ഈ പ്രവർത്തനങ്ങൾ പരിശോധിച്ച് തയ്യാറെടുപ്പ് ഘട്ടത്തിൽ തന്നെ ആവശ്യമായ ഭേദഗതികൾ/തിരുത്തലുകൾ പദ്ധതിയിലുണ്ടാക്കാവുന്നതാണ്.

പദ്ധതി നടത്തിപ്പ് വേളയിൽ സാമൂഹ്യ ആഡിറ്റും, പുറമേ നിന്നുള്ള ഏജൻസികളുടെ പരിശോധനയും നിഷ്കർഷിക്കാവുന്നതാണ്. സാമൂഹ്യ ആഡിറ്റ് ഗ്രാമസഭായോഗത്തിൽ തന്നെ നടത്താവുന്നതാണ്. പദ്ധതിയിലെ തൽസമയം വരെയുള്ള പ്രവർത്തനങ്ങളും, ഗുണഭോക്തൃ ലിസ്റ്റും പരിശോധിച്ച് ആവശ്യമെങ്കിൽ വാട്ടർഷെഡ് കമ്മിറ്റിയുടെ രജിസ്റ്ററുകൾ പരിശോധിച്ചും സോഷ്യൽ ആഡിറ്റ് പൂർത്തീകരിക്കാവുന്നതാണ്.

പദ്ധതി നടത്തിപ്പിന്റെ (കാുഹലാലിമേശീ ുവമലെ)ഒന്നാം വർഷത്തിന്റെ അവസാനത്തോടെ പ്രൊജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസി ഒരു വിലയിരുത്തൽ നടത്തുന്നത് ഉചിതമായിരിക്കും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, റ്റി.എസ്.ഒ. പ്രതിനിധി, കൃഷിഅസിസ്റ്റന്റ് ഡയറക്ടർ എന്നിവരുടെ ഒരു സമിതി ഗുണഭോക്താക്കളുമായി ചർച്ച ചെയ്ത് ഒരു വിലയിരുത്തൽ നടത്തുന്നത് തുടർന്നുള്ള രണ്ട് വർഷത്തെ പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഏറെ സഹായകരമായിരിക്കും. ഓരോ മൈക്രോവാട്ടർഷെഡിനും ഇത്തരത്തിൽ ഒരു വിലയിരുത്തൽ നടത്തുന്നത് ഉചിതമായിരിക്കും.

## 8.4. പിൻവാങ്ങൽ

നീർത്തട വികസന പദ്ധതികൾ പൂർത്തിയായ ശേഷവും പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ സൂക്ഷിപ്പും, ഉപയോഗവും തുടർന്നു പോകുന്നു എന്നും, പദ്ധതിയിൽ തുടങ്ങിവെച്ച സംരംഭങ്ങൾ ഗുണഭോക്തൃ സമൂഹത്തിലെ കൂടുതൽ പേർക്ക് ലഭിക്കുന്നുവെന്നും ഉറപ്പാക്കിക്കൊണ്ടുള്ള ഒരു പിൻവാങ്ങൽ തന്ത്രം രൂപീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തിയാക്കുന്ന അഞ്ചാം വർഷത്തിൽ ഓരോ വാട്ടർഷെഡ് കമ്മിറ്റികൾക്കും താഴെപ്പറയുന്ന രീതിയിലുള്ള ഫണ്ടുകൾ പദ്ധതി തുടർച്ചയ്ക്ക് വേണ്ടി ലഭ്യമായിരിക്കും.

| നമ്പർ | വരവിനം | നീർത്തടം | | |
|---|---|---|---|---|
| | | തൃപ്പെരുന്തുറ | കക്കാട് | കടവൂർ |
| 1 | നീർത്തടവികസന പ്രവൃത്തികളിലെ ണഉഎ (10%) | 19,66,000 | 4,83,000 | 17.86.000 |
| 2. | ഉത്പാദന മേഖലാ സംരംഭങ്ങളിലെ ണഉഎ (20%) | 3,51,000 | 86,000 | 3,19,000 |
| 3. | ഉപജീവന കർമ്മപദ്ധതിയിലെ റിവോൾവിംഗ് ഫണ്ട് | 22,12,812 | 543564 | 2010204 |
| | **ആകെ** | **45,29,812** | **6,77,864** | **41,15,204** |

മാവേലിക്കര നീർത്തടത്തിലെ മൂന്ന് ചെറുനീർത്തടങ്ങളിലുമായി പദ്ധതിയിൽ നിന്നും ഏകദേശം 93.23 ലക്ഷം രൂപ അവശേഷിക്കും. ഇതിനോടൊപ്പം പദ്ധതി വിഹിതത്തിലെ ഏതെങ്കിലും ചിലവാകാനാവത്ത തുകയും, സംഭാവനകളും, യൂസർ ചാർജ്ജുകളുമൊക്കെച്ചേർന്ന വലിയൊരു തുക പദ്ധതി തുടർച്ചയ്ക്ക് ലഭ്യമാകുന്നതാണ്.

- വാട്ടർഷെഡ് കമ്മിറ്റികൾ തന്നെയാണ് തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടു പോകേണ്ടത്. പദ്ധതി അവസാനത്തിൽ പദ്ധതി നിർവ്വഹണ ഏജൻസി ആസ്തികളുടെ കണക്കെടുപ്പ് നടത്തി വാട്ടർഷെഡ് കമ്മിറ്റികളെ ബോധ്യപ്പെടുത്തി കൈമാറ്റം സംബന്ധിച്ച ധാരണയിലെത്തേണ്ടതാണ്.

- ആസ്ഥികളുടെ ഉപയോഗം, അറ്റകുറ്റപ്പണികൾ, യൂസർ ചാർജ്ജുകൾ എന്നിവ വാട്ടർഷെഡ് കമ്മിറ്റിക്ക് തീരുമാനിക്കാവുന്നതാണ്.
- പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് നീർത്തട വികസനഫണ്ടുപയോഗിക്കാം. എന്നാൽ വ്യക്തിഗത സഹായങ്ങൾ അനുവദനീയമല്ല.
- ത്രിതല പഞ്ചായത്തുകളുടെയും, വികസന വകുപ്പുകളുടെയും പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും, പുതിയ സംരംഭങ്ങൾ ആരംഭിച്ച് നീർത്തട വികസനഫണ്ട് വിപുലീകരിക്കുന്നതിനും വാട്ടർഷെഡ് കമ്മിറ്റികൾക്ക് ശ്രമിക്കാവുന്നതാണ്.
- നീർത്തടങ്ങളിൽ രുപീകൃതമായിരിക്കുന്ന ഉപയോക്തൃ സ്വയം സഹായസംഘങ്ങൾക്ക് സാധുവായ പ്രൊജക്ടുകളുടെ അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്.
- വാട്ടർഷെഡ് കമ്മിറ്റിയും, പദ്ധതിയിൽ രൂപീകൃതമാവുന്ന ബ്ലോക്ക് തല വാട്ടർഷെഡ് ഡെവലപ്മെന്റ് സൊസൈറ്റിയും രജിസ്റ്റർ ചെയ്ത സംഘടനകളായി പ്രവർത്തിക്കാവുന്നതും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കുള്ള സ്ഥാപനമായി തുടരാവുന്നതുമാണ്.
- നീർത്തട കമ്മിറ്റി നീർത്തട ഗ്രാമസഭയുടെ നിർവ്വാഹക സമിതിയായി മാത്രം പ്രവർത്തിക്കേണ്ടതും വരവ് ചിലവ് കണക്കുകൾ നിയമപ്രകാരം ആഡിറ്റ് ചെയ്യേണ്ടതുമാണ്.

പദ്ധതി കാലയളവിൽ പിൻവാങ്ങലുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാവുന്നതാണ്.

- പദ്ധതിയുടെ അവസാന രണ്ട് വർഷത്തിൽ തന്നെ പദ്ധതി നിർവ്വഹണ ഏജൻസിയുടെ പിൻവാങ്ങലിനെപ്പറ്റിയും, പദ്ധതി തുടർച്ചയുടെ ആവശ്യകതയും ഗുണഭോക്തൃ സമൂഹത്തിന് ബോധ്യപ്പെടുത്തണം.
- നല്ല നേതൃപാടവം ഉള്ളതും പ്രദേശത്തെ പൊതുജനങ്ങൾക്ക് സുസമ്മതവുമായവരെ ഉൾക്കൊള്ളിച്ച് വാട്ടർഷെഡ് കമ്മിറ്റികൾ വിപുലീകരിക്കുക.
- വികസനവകുപ്പുകളുമായും, ധനകാര്യസ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് വാട്ടർഷെഡ് കമ്മിറ്റിയുടെ പ്രവർത്തനമേഖല വിപുലീകരിക്കുക.

- വിജയകരമായി പ്രവർത്തിക്കുന്ന മറ്റു നീർത്തടപ്രദേശങ്ങളിലെ സന്ദർശനം ഉൾപ്പെടെയുള്ള പ്രാപ്തി വികസന പരിപാടികൾ വാട്ടർഷെഡ് കമ്മിറ്റിക്കു വേണ്ടി ആസൂത്രണം ചെയ്യുക.
- ഒരു സെക്രട്ടറിയുടെ വേതനം, ചെറിയ ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നതിനുള്ള ചിലവ് എന്നിവ കണ്ടെത്തുന്നതിനുള്ള വരുമാനദായക പ്രവൃത്തികൾ വാട്ടർഷെഡ് കമ്മിറ്റിക്ക് ആസൂത്രണം ചെയ്യാവുന്നതാണ്.

# 9.പ്രതീക്ഷിത നേട്ടങ്ങൾ

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീവിഭവത്രയങ്ങളെസംരക്ഷിച്ച് പരിപാലിച്ചു കൊണ്ടുള്ള പരിസ്ഥിതി പുനരുജ്ജീവനമാണ്സംയോജിത നീർത്തടപരിപാലന പരിപാടിയിൽലക്ഷ്യമിടുന്നത്. ഇങ്ങനെ പരിപാലിക്കപ്പെടുന്ന പ്രകൃതിവിഭവങ്ങളെ എങ്ങനെ സ്ഥായിയായഉല്പാദന സമ്പ്രദായങ്ങളുടെവികാസത്തിനുപയോഗപ്പെടുത്താമെന്നും പദ്ധതി പരിശോധിക്കുന്നു. കൂടാതെ ഉപജീവനത്തിനായി പ്രകൃതിവിഭവങ്ങൾക്ക്മേലുള്ളകടന്നുകയറ്റംഒഴിവാക്കിവ്യത്യസ്ഥമായ ഉപജീവന മാർഗ്ഗങ്ങൾ ഗ്രാമീണ ജനവിഭാഗങ്ങൾക്ക് പ്രദാനം ചെയ്യുവാനും പദ്ധതി ലക്ഷ്യമിടുന്നു. ഈ പ്രവർത്തനങ്ങളുടെയെല്ലാംഅന്തിമ ഫലംസന്തുലിതമായ പ്രകൃതി, സുസ്ഥിരമായഉല്പാദനസമ്പ്രദായങ്ങൾ,വൈവിധ്യമാർന്ന ഉപജീവനമാർഗ്ഗങ്ങൾ എന്ന്വിലയിരുത്താമെങ്കിലും വൻതോതിൽ മുതൽമുടക്കുള്ളഒരു പദ്ധതി എന്ന നിലയിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എത്രമാത്രം സാധൂകരിച്ചുഎ് നിയതമായ മാനദണ്ഡങ്ങളിലൂടെബോധ്യപ്പെടേണ്ടതുണ്ട്.ഇപ്രകാരംമാവേലിക്കര നീർത്തട പദ്ധതി നടത്തിപ്പിലൂടെവിവിധ മേഖലകളിൽ പ്രതീക്ഷിക്കാവുന്ന ചില നേട്ടങ്ങൾ ഇനിപറയുന്നു.

### 9.1 കാർഷികമേഖല

പദ്ധതി പ്രദേശത്തെ കൃഷിയോഗ്യമായതരിശ് പ്രദേശങ്ങളിൽ നെല്ല്, വാഴ,പച്ചക്കറി,മരച്ചീനി,എള്ള്,എന്നിവകൃഷിചെയ്ത്വിളവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, കുളങ്ങൾ നിർമ്മിച്ചും, പമ്പ്സെറ്റുകൾ നല്കിയും, ജലസേചനസൗകര്യങ്ങൾ ഒരുക്കിഉല്പാദന വർദ്ധനവിലും പദ്ധതി സഹായിക്കുന്നു.കൂടാതെ 800 ഹെക്ടർ നെൽപ്പാടങ്ങളിൽജലനിർഗ്ഗമന സൗകര്യങ്ങൾ ഒരുക്കിയും,ബണ്ടുകൾ ബലപ്പെടുത്തിയും നെൽകൃഷിക്കാവശ്യമായഅടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. ഇതിലൂടെകൃത്യസമയത്ത്വിളയിറക്കി, വേനൽ മഴയ്ക്ക് മുമ്പ് വിളവെടുപ്പ് നടത്തികൃഷിനാശംഒഴിവാക്കുവാനും,ഉല്പാദനചെലവ്കുറയ്ക്കുവാനും കഴിയുമെന്നത് പദ്ധതിയുടെ നേട്ടമാണ്.

അടുക്കളത്തോട്ടനിർമ്മാണത്തിലൂടെവിഷരഹിത പച്ചക്കറിഉല്പാദിപ്പിക്കാമെന്നതും, ഇടവിളകൃഷി പ്രോത്സാഹനത്തിലൂടെവിളതീവ്രത വർദ്ധിപ്പിക്കാമെന്നതും പദ്ധതിയുടെ സവിശേഷതകളാണ്.

**9.2 മൃഗപരിപാലനം.**

ഈ മേഖലയിലെസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോടൊപ്പംകൂടുതൽ പേർക്ക്ഒരു ജീവനോപാധിയെന്ന നിലയിൽമൃഗപരിപാലനത്തെ എങ്ങനെ ഉപയോഗപ്പെടുത്താമെന്നും പദ്ധതി പരിശോധിക്കുന്നു. മൃഗരോഗങ്ങളും വർദ്ധിച്ചുവരുന്ന ഉല്പാദനച്ചെലവും കുറയ്ക്കാൻ കഴിയുമെന്നത് പദ്ധതിയുടെ പ്രധാന നേട്ടമാണ്. കൂടാതെതൊഴുത്തുകളുടെആധുനീകരണത്തിലൂടെയും, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ കിറ്റുകൾ നല്കുന്നതിലൂടെയും ശുദ്ധമായ പാലുല്പാദിപ്പിച്ച്കൂടുതൽ വരുമാനം ഉണ്ടാക്കാൻ കഴിയുമെന്നതും പദ്ധതിയുടെ നേട്ടമായിക്കാണാം.

**9.3 മണ്ണ്സംരക്ഷണം**

മണ്ണ് പരിശോധനയും, സോയിൽഹെൽത്ത്കാർഡുകളുംവ്യാപകമാക്കുന്നതിലൂടെരാസവളങ്ങളുടെഅമിതോപയോഗം കുറയ്ക്കുവാൻ കഴിയുമെന്നത് പദ്ധതിയുടെ നേട്ടമാണ്. കൂടാതെസൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെയുള്ളമണ്ണിലെ പോഷകങ്ങളുടെഅഭാവംവിലയിരുത്തപ്പെടുന്നതിനാൽഅത് പരിഹരിച്ച്ഉല്പാദന വർദ്ധനവുണ്ടാക്കാമെന്നതും പദ്ധതിയുടെ സവിശേഷതയാണ്.

ജൈവവേലികൾ,ജൈവപുതയിടൽ, ഗാർഹികജൈവവളനിർമ്മാണയൂണിറ്റുകൾ തുടങ്ങിയ പദ്ധതിയിലെ മിക്ക പരിപാടികളുംമണ്ണിലെജൈവാംശം വർദ്ധിപ്പിക്കുന്നതിനും,ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ളലക്ഷ്യത്തോടെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ഈ പ്രവർത്തനങ്ങളുംമണ്ണ്സംരക്ഷണത്തിന് മുതൽക്കൂട്ടാവുമെന്ന്കരുതുന്നു.

**9.4 ജലസംരക്ഷണം.**

കുളങ്ങൾ, മഴവെള്ള സംഭരണികൾ എന്നിവ നിർമ്മിക്കുന്നതിലൂടെമഴവെള്ളം സംഭരിച്ച്കുടിവെള്ളം,ജലസേചനം എന്നീ ആവശ്യങ്ങൾക്കുപയോഗിക്കാൻ കഴിയുന്നു. പുതിയകിണറുകൾ നിർമ്മിച്ചും നിലവിലുള്ളകിണറുകൾ പുനരുദ്ധരിച്ചുംഎല്ലാക്കാലത്തുംകുടിവെള്ളലഭ്യതഉറപ്പ്വരുത്താമെന്നുള്ളത് പദ്ധതിയുടെ എടുത്തു പറയത്തക്ക നേട്ടമാണ്. കൂടാതെഗുണനിലവാരമില്ലാത്ത കുടിവെള്ളത്തിന്റെ പ്രശ്നമുള്ള പ്രദേശങ്ങളിൽ ഫിൽറ്റർയൂണിറ്റുകൾ നല്കിഗാർഹികആവശ്യങ്ങൾക്കുള്ള ശുദ്ധജലം ഉറപ്പാക്കാൻ കഴിയുന്നതും പദ്ധതിയുടെ സവിശേഷതയാണ്.

തല്സ്ഥലജലസംരക്ഷണ സംവിധാനങ്ങളിലൂടെ വലിയൊരളവ് മഴവെള്ളം ഭൂമിയിലേക്കിറക്കുവാനും, വൃക്ഷവേരുപടലങ്ങളുടെമേഖലകളിൽ (ഞീീ ദീല)

ഈർപ്പാംശം വർദ്ധിപ്പിക്കുവാനും കഴിയുന്നതിലൂടെമെച്ചപ്പെട്ട ഉല്പാദനം ഉണ്ടാക്കുവാനും കഴിയുമെന്നത് പദ്ധതിയുടെ നേട്ടമാണ്.

**9.5 തൊഴിൽ**

മഹാത്മാഗാന്ധിദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിക്കാവശ്യമായവളരെയേറെതൊഴിൽ ദിനങ്ങൾ പദ്ധതിയിലൂടെ സൃഷ്ടിക്കുവാൻ കഴിയുന്നു. കൂടാതെകുടുംബത്തിൽലഭ്യമായ മനുഷ്യവിഭവശേഷിഉല്പാദനപരമായ പ്രവർത്തനങ്ങളിലേയ്ക്കും ഉപജീവന മാർഗ്ഗങ്ങളിലേയ്ക്കും ഉപയോഗിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.

**9.6 കുടുംബ വരുമാനം**

പദ്ധതിയിലെ സ്വയംതൊഴിൽസംരംഭങ്ങൾ ഏറ്റെടുക്കുന്നതിലൂടെകുടുംബ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിയുന്നു. കൂടാതെ ഭൂരഹിതരായ വർക്ക്കൃഷി അനുബന്ധ മേഖലകളിലെഉല്പാദനസംരഭങ്ങളിൽ ഏർപ്പെടാനുള്ളമൂലധനം നൽകുന്നതിലൂടെകുടുംബത്തിന് ഭക്ഷ്യസ്വയംപര്യപ്തതയുംഅതുവഴിദൈനംദിന ചെലവിൽകുറവുവരുത്തുവാനും കഴിയുന്നു. ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ്ഉല്പാദകർക്കുംസംരഭകർക്കുംഒരുപോലെവരുമാനദായകമാണെന്നുള്ളതും പദ്ധതിയുടെ എടുത്തു പറയാവുന്ന നേട്ടമാണ്.

മേൽപ്പറഞ്ഞ മേഖലകളിലെ പ്രതീക്ഷിത നേട്ടങ്ങൾ പരിശോധിക്കുവാൻ താഴെ പറയുന്ന മാനദണ്ഡങ്ങൾ ഉപയോഗിക്കാവുന്നതാണ്.

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന നേട്ടം | മാനദണ്ഡം/അളവുകോൽ |
|---|---|---|
| 1 | തരിശു ഭൂമിയിലെ കുറവ് | പദ്ധതിയിൽ തരിശ് ഭൂമികൃഷിയോഗ്യമാക്കുന്നതിനും, പാട്ടകൃഷിയ്ക്കും ഉപയോഗിച്ച ഭൂമിയുടെ വിസ്തൃതി. |
| 2 | ഉല്പാദന വർദ്ധനവ് | ജൈവപുതയിടീൽ അവലംബിച്ച തെങ്ങിൻ തോട്ടത്തിലെ നാളികേരോല്പാദനം. നെല്ല്, വാഴ, പച്ചക്കറി, മരച്ചീനി, എന്നിവ അധികമായി ചെയ്ത ഭൂമിയുടെ വിസ്തൃതി. |
| 3 | സാങ്കേതിക വിദ്യകൾ | പുതിയ സാങ്കേതിക വിദ്യ കളായ ഗാർഹിക ജൈവവള നിർമ്മാണ യൂണിറ്റ്, ബാഗ്സൈലേജ് എന്നിവ പ്രാവർത്തികമാക്കിയ കർഷകരുടെഎണ്ണം |
| 4 | വിള തീവ്രത | ഇടവിള കൃഷി  പ്രാവർത്തികമാക്കിയ കർഷകരുടെ എണ്ണം |
| 5 | പഴം, പച്ചക്കറി എന്നിവയിലെ സ്വയം പര്യാപ്തത | അടുക്കളത്തോട്ടം, ഫലവൃക്ഷങ്ങൾ എന്നിവയിലൂടെയുള്ള ഉല്പാദനം |

| | | |
|---|---|---|
| 6 | നടീൽവസ്തുക്കളുടെ ലഭ്യത | പ്രാദേശികമായി പദ്ധതിയിലൂടെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞ നടീൽ വസ്തുക്കൾ, നഴ്സറികൾ, ടിഷ്യുകൾച്ചർ ലാബിൽ നിന്നുള്ള തൈകൾ മുതലായവ |
| 7 | ജലസേചനം | കുളം, പമ്പ്സെറ്റ് എന്നിവയിലൂടെ ജലസേചനം നല്കാൻ കഴിഞ്ഞ ഭൂവിസ്തൃതി. |
| 8 | ശുദ്ധമായ പാൽ | പാലിന്റെ ഗുണനിലവാര പരിശോധന, തൊഴുത്തുകളുടെ വൃത്തി, മൃഗരോഗങ്ങളുടെ കുറവ്. |
| 9 | ഉല്പാദനചെലവ് | പുൽകൃഷിയും, സൈലേജുംപ്രാവർത്തികമാക്കിയ കർഷകർ, കാലിത്തീറ്റയ്ക്കുവേണ്ടി ചെലവഴിച്ച തുകയിലെ കുറവ്, വേനൽക്കാലത്ത് ഈ കർഷകർക്ക് പച്ചപ്പുൽ സംഭരിച്ചതിലൂടെയുള്ള നേട്ടം |
| 10 | പരിശീലനം | മൃഗാരോഗ്യക്യാമ്പുകളുടെ എണ്ണം, പങ്കെടുത്തവരുടെ എണ്ണം |
| 11 | മത്സ്യ കൃഷി | പുതുതായി ആരംഭിച്ച മത്സ്യകൃഷിയൂണിറ്റുകൾ. പഠന പരിപാടിയിൽ പങ്കെടുത്തവരുടെ എണ്ണം |
| 12 | കുടിവെള്ളം | കുടിവെള്ളം ലഭ്യമായ കാലയളവ് ഗാർഹികാവശ്യങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നവരുടെ എണ്ണം |
| 13 | ജലസംരക്ഷണം | പുതുതായി നിർമ്മിച്ച ജല സംഭരണ സംവിധാനങ്ങൾ, സംഭരണശേഷിയിലെ വർദ്ധന |
| 14 | മണ്ണിലെ ജൈവാംശം | ഓർഗാനിക്കാർബൺ പരിശോധന |
| 15 | മണ്ണിന്റെ ആരോഗ്യം | മണ്ണ് പരിശോധിച്ച് രാസവളങ്ങളുടെ ഉപയോഗം ക്രമപ്പെടുത്തിയത് വിലയിരുത്തുന്നു |
| 16 | കുടുംബ വരുമാനം | ജീവനോപാധി സംരംഭങ്ങളിലൂടെയുള്ള വരുമാനം |
| 17 | തൊഴിൽ | അധികമായി സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ |
| 18 | മൂല്യവർദ്ധനവ് | മൂല്യവർദ്ധിത ഉല്പന്നങ്ങൾ വഴിഉല്പാദകർക്കും, സംരംഭകർക്കുമുള്ള വരുമാനം. |
| 19 | മൂലധനം | ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്വരൂപിക്കപ്പെട്ട മൂലധനം ,സ്വയംസഹായസംഘങ്ങൾ സ്വരൂപിച്ച തുക |
| 20 | പദ്ധതിയുടെ സ്ഥാപനവൽക്കരണം | വാട്ടർഷെഡ് കമ്മിറ്റി, സ്വയംസഹായസംഘം, ഉപഭോക്തൃസംഘം എന്നിവയുടെ സ്ഥിരത, പ്രവർത്തനരീതി |
| 21 | പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമത | വിവിധ മേഖലയിലെ സാമ്പത്തിക- ഭൗതികലക്ഷ്യങ്ങളും പൂർത്തീകരണവും |
| 22 | പങ്കാളിത്തം | വിവിധ പരിശീലനങ്ങളുടെ ഭൗതിക- സാമ്പത്തിക അവലോകനം, പങ്കെടുക്കുന്നവരുടെഎണ്ണം, ഗ്രാമസഭാ പങ്കാളിത്തം. പദ്ധതിയെ സംബന്ധിച്ച പ്രാഥമികഅറിവ് പരിശോധന |
| 23 | സംയോജനം | പദ്ധതി രേഖയിലെസംയോജന നിർദ്ദേശങ്ങളുടെ നടപ്പാക്കൽ |

## 10. എസ്റ്റിമേറ്റുകൾ

**1. തരിശ് നിലങ്ങളിലെ നെൽകൃഷി (ഒരു ഹെക്ടർ)**

| | | |
|---|---|---|
| കളനാശിനികളും/തളിക്കൽ ചിലവും | - | 4000 |
| ആദ്യത്തെ വൃത്തിയാക്കൽ / കിളയ്ക്കൽ | - | 15000 |
| ബണ്ട് ബലപ്പെടുത്തൽ | - | 10000 |
| വാച്ചാലുകൾ | - | 5000 |
| പമ്പിംഗ് ചാർജ്ജുകൾ | - | 2000 |
| മോട്ടോർതറ മുതലായവ | - | 11000 |
| മൂന്ന് തവണ ട്രാക്ടർ ഉപയോഗിച്ച് ഉഴവ് | - | 3000 |
| ജൈവവളം | - | 5000 |
| വിത്ത് | - | 3200 |
| രാസവളങ്ങൾ | - | 10000 |
| വിളവെടുപ്പ് | - | 3600 |
| മറ്റ് ചിലവുകൾ | - | 1000 |
| പാട്ടത്തുക | - | 5000 |
| ആകെ ഹെക്ടറൊന്നിന് | - | **77800** |

ഇതിൽ 25000/- രൂപ ഐ.ഡബ്യു.എം.പി. വിഹിതമായി നൽകുന്നു. ബണ്ട് ബലപ്പെടുത്തലും, വാച്ചാലുകൾക്കും ആദ്യത്തെ കിളയ്ക്കലിനും വേണ്ടി വരുന്ന തുക തൊഴിലുറപ്പ് പദ്ധതിയിൽ കണ്ടെത്താം.

**2. തരിശ് നിലങ്ങളിൽ പച്ചക്കറികൾ (10 സെന്റ്)**

| | | |
|---|---|---|
| നിലമൊരുക്കൽ | - | 1200 |
| വിത്ത് | - | 300 |
| നടീൽ/തടമെടുക്കൽ | - | 1200 |
| ജൈവവളം/രാസവളം | - | 2300 |
| കളയെടുപ്പ്, ജലസേചനം | - | 3000 |
| പന്തൽ | - | 1500 |
| സസ്യസംരക്ഷണം | - | 2000 |
| വിളവെടുപ്പ് | - | 600 |
| പാട്ടത്തുക | - | 200 |
| **ആകെ** | - | **12300/ 10 സെന്റ്** |

ഇതിൽ നിലമൊരുക്കലിനും തടമെടുക്കലിനുമായുള്ള 2400 രൂപ തൊഴിലുറപ്പു പദ്ധതിയിൽ കണ്ടെത്താം. 3000 രൂപ ഐ.ഡബ്ല്യു.എം.പി. വിഹിതമായി നൽകുന്നു.

**3. തരിശ് നിലങ്ങളിൽ വാഴക്കൃഷി (25 സെന്റ്/250 വാഴ)**

| | | |
|---|---|---|
| നിലം വൃത്തിയാക്കൽ കളനാശിനി മുതലായവ | - | 2400 |
| തടമെടുപ്പ്/നടീൽ ചിലവുകൾ | - | 9600 |
| ജൈവവളം | - | 5000 |
| വളം/കുമ്മായം മുതലായവ | - | 3000 |
| തൈകൾ (ടിഷ്യൂകൾച്ചർ) | - | 5500 |
| കളയെടുപ്പ്/ജലസേചനം | - | 2400 |
| സപ്പോർട്ട് | - | 3750 |
| സസ്യസംരക്ഷണം | - | 1000 |
| പാട്ടതുക | - | 500 |
| **ആകെ** | **-** | **28150** |

ഇതിൽ തടമെടുപ്പിനുള്ള 9600 രൂപ തൊഴിലുറപ്പ് പദ്ധതിയിലൂടെ കണ്ടെത്താം. പദ്ധതി ധനസഹായമായി 5500 രൂപ നൽകുന്നു. ബാക്കി തുക ഗുണഭോക്തൃ വിഹിതമായിരിക്കും.

**4. എള്ള് കൃഷി (ഒരു ഹെക്ടർ)**

| | | |
|---|---|---|
| . നിലമൊരുക്കൽ | - | 4000 |
| . വിത്ത് | - | 500 |
| കളയെടുപ്പ് | - | 10000 |
| ജൈവവളം | - | 5000 |
| രാസവളം | - | 2500 |
| വിളവെടുപ്പ് | - | 10000 |
| മറ്റുള്ളവ | - | 1000 |
| ആകെ | - | **33000** |

പദ്ധതിയിൽ നിന്നും 20000/- രൂപ ധനസഹായം നൽകാം. ബാക്കി തുക ഗുണഭോക്തൃവിഹിതമായിരിക്കും.

**5. തരിശ് നിലങ്ങളിൽ മരിച്ചീനികൃഷി (10 സെന്റ്)**

| | | |
|---|---|---|
| നിലമൊരുക്കലും തടങ്ങളും | - | 1800 |
| വളമിടീൽ, നടീൽ | - | 600 |
| കളയെടുപ്പ് ജലസേചനം | - | 1200 |
| വളം, ജൈവവളം | - | 500 |
| നടീൽവസ്തു, വിളവെടുപ്പ് | - | 500 |
| ആകെ | - | **4600** |

ഇതിൽ 2000/- രൂപ പദ്ധതിയിൽ നൽകുന്നു. നിലമൊരുക്കലിനും തടമെടുക്കലിനും തൊഴിലുറപ്പ് പദ്ധതി ഉപയോഗിക്കാവുന്നതാണ്.

**6. ഇടവിളകിറ്റുകൾ - (5 സെന്റ് വരെ മൊത്തം ഭൂമിയുള്ളവർക്ക്)**

| | | |
|---|---|---|
| ചേന - 5 ചുവട് | - | 100 |
| ചേമ്പ് - 5 ചുവട് | - | 80 |
| ഇഞ്ചി - 10 ചുവട് | - | 20 |
| മഞ്ഞൾ - 10 ചുവട് | - | 20 |
| ജൈവ കീടനാശിനി, ജൈവവളം | - | 180 |
| **ആകെ** | **-** | **400** |

5 സെന്റിൽ കൂടുതൽ മൊത്ത ഭൂമിയുള്ളവർക്ക് ഓരോ 1 സെന്റിനും ഒരു അധിക യൂണിറ്റ് അവശ്യാനുസരണം അനുവദിക്കാവുന്നതാണ്. പദ്ധതിയിൽ നിന്നും യൂണിറ്റൊന്നിന് 300 രൂപ ധനസഹായം അനുവദിക്കാവുന്നതാണ്. 80 രൂപ നീർത്തട വികസനഫണ്ടിലേയ്ക്ക് ഗുണഭോക്താക്കൾ സംഭാവന നൽകണം. ഓരോ ഇനത്തിനുമുള്ള യഥാർത്ഥവില അനുസരിച്ച് കിറ്റ് വില ക്രമീകരിക്കേണ്ടതാണ്.തൊഴിലുറപ്പ് പദ്ധതിയിൽ ഒരു യൂണിറ്റിന് അനുവദനീയമായ തൊഴിലാളികളെ നിർണ്ണയിച്ച് നടീൽ പ്രവൃത്തികൾ ആസൂത്രിതമായി നടപ്പിലാക്കേണ്ടതാണ്.

**7. അടുക്കളത്തോട്ടം (10 സെന്റ് വരെ മൊത്തഭൂമിയുള്ളവർക്ക്)**

| | | |
|---|---|---|
| വാഴ - 5 എണ്ണം(ടിഷ്യു കൾച്ചർ) | - | 100 |
| പച്ചക്കറി വിത്ത് (ചീര,വെണ്ട,വഴുതന,പയർ മുതലായവ) | - | 75 |
| ജൈവവളം-ജൈവകീടനാശിനികൾ | - | 200 |
| മുരിങ്ങയുടെ തൈ (2 എണ്ണം) | - | 25 |
| **ആകെ** | **-** | **400** |

10 സെന്റിൽ കൂടുതൽ ഭൂമിയുള്ളവർക്ക് ഓരോ 2 സെന്റിനും അധിക യൂണിറ്റ് ആവശ്യാനുസരണം നൽകാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയുമായി ഈ

പരിപാടി സംയോജിപ്പിക്കേണ്ടതാണ്. ഈ പരിപാടിയിലും ഗുണഭോക്താവിന്റെ സംഭാവന 80 രൂപ ആയിരിക്കും. ഓരോ ഇനത്തിനുമുള്ള യഥാർത്ഥ വിലയനുസരിച്ച് കിറ്റ് വില ക്രമീകരിക്കേണ്ടതാണ്.

**8. തീറ്റപുൽകൃഷിയും സൈലേജ് നിർമ്മാണവും (10 സെന്റ് യൂണിറ്റ്)**

| | | |
|---|---|---|
| 1. ചോളം, പയർ കൃഷി സെന്റിന് 60 രൂപ ക്രമത്തിൽ | - | 600 |
| 2. പോളിപ്രൊപ്പിലീൻ ബാഗുകൾ (പുനരുപയോഗിക്കാൻ പറ്റിയത്) | - | 3000 |
| 3. കൂലിച്ചിലവ് (ഒരാൾക്ക് 500 രൂപ ക്രമത്തിൽ) | - | 500 |
| 4. ശർക്കരയും മറ്റനുബന്ധ സാധനങ്ങളും | - | 300 |
| **ആകെ** | - | **4400** |

(കുറിപ്പ്: ബാഗുകൾ വാട്ടർഷെഡ് കമ്മിറ്റി ബന്ധപ്പെട്ട സാങ്കേതിക ഉദ്യോഗ സ്ഥന്റെ മേൽനോട്ടത്തിൽ സ്റ്റോർ പർച്ചേയ്സ് നിയമങ്ങൾ പാലിച്ച് വാങ്ങി നൽകേണ്ട താണ്. ബാക്കി തുകയായ 1400 രൂപ 10 സെന്റിലെ തീറ്റപ്പുല്ല് സൈലേജ് ആക്കു മ്പോൾ കർഷകനു നൽകാവുന്നതാണ്.)

**9. ശുദ്ധമായ പാലിനും, മൃഗാരോഗ്യ പരിപാലനത്തിനും നൽകുന്ന കിറ്റ്**

| നമ്പർ | ഇനം | ചിലവ് |
|---|---|---|
| 1. | California – Mastitis Kit | 600 |
| 2. | Teat cup & saf kit and iodine solution | 415 |
| 3. | Stainless Steel/Aluminium Milk bucket etc | 1000 |
| 4. | Towel, Disinfecting chemical, floor cleaning agent | 500 |
| 5. | Calsagar plus (2 kg) | 280 |
| 6. | Vitamin A Suppliment | 180 |
| 7. | Deworming medicine | 100 |
| 8. | Ectoparaciticide | 150 |
| | **Total** | **3225** |

ഒരു കിറ്റിന് ഉപയോക്താക്കൾ 645/- രൂപ മാത്രം ഗുണഭോക്താക്കളുടെ സംഭാവനയായി നൽകിയാൽ മതിയാകും. പട്ടികയിൽ 3-ാം ഇനം ഒഴിവാക്കി യൂണി റ്റുകളുടെ എണ്ണം ചിലയിടങ്ങളിൽ വർദ്ധിപ്പിക്കാവുന്നതാണ്.

**10. തൊഴുത്ത് നവീകരണത്തിനായി കർഷകർക്ക് ആവശ്യപ്പെടാവുന്ന സാധനസാമ ഗ്രികൾ**

1. Milk Can
2. Rubber Mat
3. Automatic water bowl

4. Misters / sprinklers
5. Wheel barrow
6. Fan (for use in cattleshed)
7. Air compressor
8. Weighing machine
9. Cream separator
10. Bicycle
11. Automatic shed cleaning equipments like pressure pump
12. Concreting of cattle shed floor and providing proper roofing etc.(Before and after stage photographs are compulsory)

പരമാവധി 4000 രൂപാവരെയുള്ള ഒന്നോ അതിലധികമോ സാധനങ്ങൾ ആവശ്യപ്പെടാവുന്നതും 800/- രൂപ ഗുണഭോക്താവിന്റെ സംഭാവനയായി / വിഹിതമായി നൽകേണ്ടതുമാണ്.

**11. അസ്സോളകൃഷി**

| നമ്പർ | ഇനം | തുക |
|---|---|---|
| 1 | Silpaulin sheet 150 GSM | 400 |
| 2. | Azophose (1kg) | 10 |
| 3. | Azofert (1kg) | 35 |
| 4. | Azola Seed | 50 |
| 5. | Collection net | 25 |
| 6. | Pits & Brick | 150 |
| | **Total** | **670** |

**12. ഗാർഹിക ജൈവവള നിർമ്മാണ യൂണിറ്റുകൾ (1 m³)**

| നം | ഇനം | ചിലവ് |
|---|---|---|
| 1 | പോള, വാഴത്തട, പച്ചിലകൾ, കളകളും മറ്റ് വിള അവശിഷ്ടങ്ങളും ശേഖരിക്കൽ (ഒരാൾക്ക് 600 രൂപ ക്രമത്തിൽ ) 1/2 ആൾ | 300 |
| 2 | ഇ.എം. ലായനി | 50 |
| 3 | തുണി/പേപ്പർ കവർ/ നനയ്ക്കൽ, ചാണകം തുടങ്ങിയവയുടെ ചിലവ് | 50 |
| | ആകെ | 400 |

**13. തെങ്ങിന്റെ ജൈവ പുതയിടിൽ**

വേനലിലെ കൊടുംചൂടിൽ പലപ്പോഴും തെങ്ങുകളെ പ്രതികൂലമായി ബാധിക്കുന്നു. മണ്ണിലെ ജലാംശം വളരെപ്പെട്ടെന്ന് നഷ്ടപ്പെടുന്നതും, തെങ്ങിൻ ചുവടുകളിൽ നേരിട്ട് വെയിലേൽക്കുന്നതുമൂലവുമാണ് വരൾച്ചാപ്രശ്നം രൂക്ഷമാകുന്നത്.

ഇതിനു പരിഹാരമായി തൽസ്ഥല ജലസംരക്ഷണ പരിപാടികളുപയോഗിക്കാം. സി.152 ഇനത്തിലുള്ള പയർ വിത്തുകൾ തെങ്ങിൻ തടങ്ങളിൽ വളർത്തി തടങ്ങളിൽതന്നെ പിഴുതിടുന്നത് മണ്ണിന് ആവരണമായിത്തീരുന്നു. കൂടാതെ ഏതാണ്ട് 10 കിലോഗ്രാം ജൈവാംശം ഇങ്ങനെ തെങ്ങിൻ ചുവട്ടിൽ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

ഇതിനുള്ള ചിലവ് താഴെപ്പറയും പ്രകാരം കണക്കാക്കാം.

1.പയർ വിത്ത് തെങ്ങൊന്നിന് 75 ഗ്രാം നിരക്കിൽ - 500

100 തെങ്ങിന് (75x100)

2.തടങ്ങൾ വൃത്തിയാക്കി വിത്തിടുന്നതിന്

100 തടത്തിന് 20 പേർ - (20x229= 4580)

ആകെ - 5080

(ഇതിൽ തെങ്ങൊന്നിന് 5 രൂപ പദ്ധതിയിൽ വകയിരുത്തുന്നു).

തടങ്ങൾ വൃത്തിയാക്കൽ തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യാവുന്നതാണ്.

**14. ഇടവിളകൃഷി (ചേന) (10 സെന്റ്)**

| | | |
|---|---|---|
| നിലമൊരുക്കൽ/തടമെടുക്കൽ | - | 1800.00 |
| നടീൽ ചിലവ് | - | 1200.00 |
| ജൈവവളം | - | 1000.00 |
| രാസവളങ്ങൾ | - | 1000.00 |
| നടീൽ വസ്തുവിന്റെ വില | - | 7200.00 |
| കളയെടുപ്പ്/കിളച്ച് മൂടൽ | - | 1200.00 |
| വിളവെടുപ്പ് | - | 600.00 |
| ആകെ | - | **14000.00** |

നിലമൊരുക്കലിനും, നടീലിനും വേണ്ട 3000 രൂപ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും കണ്ടെത്താം. മറ്റ് കിഴങ്ങ് വർഗ്ഗവിളകളായ ചേമ്പ്, കാച്ചിൽ, നനകിഴങ്ങ് എന്നിവയ്ക്കും ഇതേ നിരക്കിൽ ധനസഹായം നടത്താവുന്നതാണ്.

**15. ഇടവിളകൃഷി ഇഞ്ചി/മഞ്ഞൾ (10 സെന്റ്)**

| | | |
|---|---|---|
| നിലം കിളച്ച് ബെഡ് തയ്യാറാക്കുവാൻ | - | 3000 |
| നടീൽ/പുതയിടീൽ | - | 1200 |
| ജൈവവളം | - | 1000 |
| സസ്യസംരക്ഷണം | - | 500 |
| വിത്ത് | - | 3000 |
| രാസവളം | - | 500 |
| കളയെടുപ്പ് മറ്റുചിലവുകൾ | - | 1000 |
| വിളവെടുപ്പ് | - | 600 |
| ആകെ | - | **10,500** |

ഇതിൽ നിലം കിളയ്ക്കൽ, ബെഡ് തയ്യാറാക്കൽ, പുതയിടീൽ, മുതലായവ യുടെ തുക തൊഴിലുറപ്പ് പദ്ധതിയിൽ കണ്ടെത്താം.

**16. തെങ്ങിൻ തടങ്ങൾ**

3 മീറ്റർ വ്യാസത്തിൽ ശരാശരി 15 സെന്റീമീറ്റർ താഴ്ച്ചയിൽ തെങ്ങിനു ചുറ്റും തടമെടുക്കുന്നതിന് തെങ്ങൊന്നിന് വേണ്ട മൺപണി

$3.14 \times 1.5 \times 1.5 \times 0.15 = 1.06$ ക്യൂബിക് മീറ്റർ

10 ക്യൂബിക് മീറ്ററിന് 677.84 രൂപ നിരക്കിൽ തെങ്ങൊന്നിന് തടമെടുക്കാൻ 71 രൂപ മതിപ്പ് ചിലവ് കണക്കാക്കുന്നു.

**17. ജൈവവേലികൾ**

1.5 മീറ്റർ ഉയരത്തിൽ 10-15 സെന്റീമീറ്റർ അകലത്തിൽ വേലിപ്പത്തൽ നാട്ടിമുള / കവുങ്ങ് ഇവ കീറി 4 വരി (0.5 മീറ്റർ അകലം) വേലിപ്പത്തൽ/ശീമക്കൊന്നയ്ക്ക് കുറുകെ വരിഞ്ഞ് കെട്ടി വേലി നിർമ്മിക്കുന്നതിന് (10 മീറ്ററിന്)

ലംബമായ പത്തലുകൾ 170 മീറ്റർ വേസ്റ്റേജ് ഉൾപ്പെടെ

170 മീറ്റർ പത്തൽ മീറ്ററിന് 75 പൈസാ നിരക്കിൽ - 127.50

പത്തൽ ലഭിക്കുന്ന സ്ഥലത്ത് നിന്ന് വെട്ടി ഒതുക്കി

| | | |
|---|---|---|
| കൊണ്ടുവരുന്നതിന് (ഒരാൾ) | - | 229.00 |
| മുള/കവുങ്ങ് കീറിയെടുക്കുവാൻ | - | 137.30 |
| കയർ | - | 25.00 |
| വേലികെട്ടുന്നതിന് (10 മീറ്ററിൽ ഒരാൾ) | - | 229.00 |
| ആകെ | - | **747.30** |

ഒരു മീറ്ററിന് 75 രൂപയായി നിശ്ചയിക്കുന്നു.

**18. ആട് വളർത്തൽ**

താരതമ്യേന കുറഞ്ഞ പരിപാലനച്ചിലവും ലളിതമായ പരിചരണവുംകൊണ്ടു തന്നെ ആടുകളെ വളർത്താമെന്നതിനാലും, അടിസ്ഥാന സൗകര്യങ്ങൾ വലിയ തോതിൽ ആവശ്യമില്ലാത്തതിനാലും ആട് വളർത്തൽ ആദായകരമാണ്.

രണ്ട് ആട്ടിൻകുട്ടികൾക്ക് 8000 രൂപയും, കൊണ്ടുവരുന്നതിനും മറ്റുമുള്ള ചില വിനത്തിൽ 500/- രൂപയും താൽക്കാലിക ഷെഡിന് 2500 രൂപയും ചേർത്ത് ആകെ 11,000/- രൂപയാണ് ഒരു യൂണിറ്റിനുള്ള മതിപ്പ് ചിലവ്. ഇതിൽ പദ്ധതിയിൽ നിന്നും ആട്ടിൻകുട്ടികളുടെ വിലമാത്രമാണ് നൽകുന്നത്.ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മുൻഗണന നൽകാവുന്നതാണ്. അവരുടെ അഭാവത്തിൽ മറ്റുള്ളവരെയും പരിഗണിക്കാം.

**14. കോഴിവളർത്തൽ**

പത്ത് കോഴിക്കുഞ്ഞുങ്ങളും, കൂടും ചേർന്ന് ഒരു യൂണിറ്റാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. കഴിവതും സ്വയം സഹായസംഘങ്ങൾ വഴി ഉല്പാദിപ്പിച്ചെടുക്കുന്ന കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

10 കോഴിക്കുഞ്ഞുങ്ങൾക്ക് 750 രൂപയും കൂടിന് 2000 രൂപയും ചേർത്ത് ആകെ 2750 രൂപയാണ് ഒരു യൂണിറ്റിനുള്ള ചിലവ് പ്രതീക്ഷിക്കുന്നത്. പദ്ധതി നടപ്പി ലാക്കുമ്പോൾ വെറ്ററിനറി ഡോക്ടറുടെ സേവനം ഉറപ്പാക്കേണ്ട്തും യൂണിറ്റ് ചിലവ് പ്രാദേശികമായി ചർച്ച ചെയ്ത് നിജപ്പെടുത്തേണ്ടതുമാണ്.